KOTTAYAM PUBLIC LIBRARY

Call No. MA2 LEK D Acc. No. 21421

Author ലക്ഷ്മണൻ നമ്പൂതിരിപ്പാട്,

റെവ്. ജിയന്

Title ദുർഗ്ഗാ വിജയം



ഗ്രന്ഥകർത്താ:

21421

# ദുർഗ്ഗാവിജയം.

(കാവ്യം.)

ഗ്രന്ഥകർത്താ:—

വെബ്ളിയസ് ലക്ഷ്മണൻ നമ്പൂതിരിപ്പാട്.

പ്രസാധകൻ:—

വെബ്ളിയസ് ലക്ഷ്മണൻ നമ്പൂതിരിപ്പാട്.

മാള—അഡൂർ, (കൊച്ചിൻ സ്റ്റെയിററ്.)

സുജനഭൂഷണം പ്രസ്സ്, തൃശ്ശിവപേരൂർ.)

1110.
1934.

Price 10 As. വില 10—ണ.

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്നുള്ളതാകുന്നു.

MA2.

## (സമർപ്പണം.)

എന്റെ ഗുരുനാഥനും പരേതനും ആയ കവിതിലകൻ പന്തളത്തു കേരളവർമ്മ തമ്പുരാൻ തിരുമനസ്സിലെ സ്മാരകമായി ഈ ഗ്രന്ഥത്തെ സഹൃദയ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ:—

കുരുവിലശ്ശേരി

മാള 5—1—110

# മുഖവുര.

ഞാൻ ചെയ്യുന്ന സാഹിത്യപരിശ്രമത്തിൻെറ ഫലങ്ങളായി പുറത്തിറങ്ങിയ പുസ്തകങ്ങളിൽ പ്രാധാന്യമുള്ള ഒന്നാണു ദുർഗ്ഗാവിജയമെന്ന ഈ കാവ്യം. കഥാഗതിക്കു വളരെ മാററം വരുത്താതെ വർണ്ണനപരമായും ചരിത്രാംശമായും നിർമ്മിച്ച പ്രസ്തുത കൃതിയിൽ രസകരങ്ങളായ ഭാഗങ്ങൾ എത്രമാത്രം ഉണ്ടാകുമോ ആവോ? അവശ്യം വേണ്ട യോഗ്യത ഒന്നുകൊണ്ടുമില്ലാത്ത ഞാൻ ജന്മസിദ്ധമായ താല്പര്യത്തെമാത്രം ആസ്പദമാക്കി കാവ്യനിർമ്മാണത്തിനു കച്ചകെട്ടിയതു കടപ്പമായി എന്നും ഇക്കാലത്തു ഏതാദൃശഗ്രന്ഥങ്ങൾ പലക്കും തീരെ പിടിക്കാതായിട്ടുണ്ടു് എന്നും എനിയ്ക്കു് തന്നെ ഏകദേശം അറിയാം. ലോകത്തിൽ സർവ്വസമ്മതമാകുംവണ്ണം ആക്കും ഒരിയ്ക്കലും പ്രവർത്തിയ്ക്കാൻ സാധിയ്ക്കാത്തതിനാൽ ഞാനതിനു ആഗ്രഹിച്ചിട്ടേ ഇല്ല. പോരെങ്കിൽ മാതൃഭാഷയായ കൈരളിയുടെ പോഷണവിഷയത്തിൽ എൻെറ കർത്തവ്യകർമ്മത്തെ യഥാശക്തി നിറവേററുക എന്നേ ഇതുകൊണ്ടു ഞാനുദ്ദേശിയ്ക്കുന്നുമുള്ളു. എന്നാൽ പദ്യനിർമ്മാണകാര്യത്തിൽ ഞാനധികവും കൊടുങ്ങല്ലൂർ പ്രസ്ഥാനത്തോടു (സംസ്കൃത വൃത്തത്തിൽ യതിഭംഗം പാദാന്ത്യത്തിൽ വരുന്നതു മാത്രമോ ദ്രാവിഡവൃത്തത്തിൽപ്പോലയോ വലിയ ദോഷമായി കരുതാത്തവരോടു) യോജിച്ച അഭിപ്രായക്കാരനാണു്. അതുതന്നെ ചിലക്കു ഇക്കാവ്യത്തോടും നെററിചുളിച്ചലുണ്ടാക്കാൻ കാരണമായേക്കും. സന്ദർഭമല്ലാത്തതിനാൽ ആ പ്രസ്ഥാനവിശേഷത്തെപ്പററിഇവിടെ വിവരിയ്ക്കുന്നില്ല. പലതുകൊണ്ടും ഇന്നു അല്പ

പക്ഷമായ ഒരു ഗണത്തിലുൾപ്പെട്ട സ്തുതിപാഠകന്മാരില്ലാതെ ഇരിയ്ക്കുന്നഎനിക്കു സാഹിതിസേവ അനൎത്ഥകരം (വെറും ധനനഷ്ടം മാത്രം ഉണ്ടാക്കുന്ന ഒന്ന്) ആയിത്തിൎന്നിട്ടുണ്ട്. എന്നാലും എൻെറ ആ ചുമതല ഞാൻ തിക്കാൻ നോക്കാതിരിയ്ക്കില്ല.

വൎണ്ണത്തിലുള്ള ഗുണദോഷവിചാരമാക്കി
ന്നെണ്ണുന്നതാരു,പെരുതായൊരുവൃത്തിഭേദം
പൂൎണ്ണാൎത്ഥമുണ്ടിവിടെയെന്നുവരുന്നപക്ഷം
വൎണ്ണിച്ചിടാതെവരികില്ലൊരുനാളുമാരും.

എന്ന പദ്യത്തെ അനുസ്മരിച്ചുകൊണ്ടു കിഞ്ചിജ്ജ്ഞനായ ഞാനെഴുതിയ ഈ കാവ്യത്തിൽ അൎത്ഥസംബന്ധമായി വിശേഷിച്ചും ക്ലേശാധിക്യം തോന്നിയാൽ അതു അത്ഭുതപ്രദമാവില്ലല്ലോ. ശബ്ദാൎത്ഥാദിസുന്ദരത്വമില്ലാതെ കേവലം പഴഞ്ചൻ സമ്പ്രദായത്തിലുള്ള ഈ ഗ്രന്ഥം ഒരു സൽകാവ്യം (ദോഷമില്ലാത്ത കവിത) ആയിട്ടുണ്ടെന്നും ചിലരുടെ സംശയനിവൃത്തിയ്ക്കുവേണ്ടി എഴുതിയ ഇതിലെ ലഘുടിപ്പണി ഉപകാരപ്രദമാവുമെന്നും എനിയ്ക്കു അശേഷം വിചാരമില്ല. സൽകാവ്യനിൎമ്മാണത്തെപ്പററി മഹാകവിയായ പ്രവരസേനൻതന്നെ.

ഇഹരയേവധനജ്ഝധി
യ്യൌവനലബ്ധേവാഭിജാത്യാശ്രീഃ
ദുഃഖം സംഭാവ്യതേബന്ധ
ഛായയാഭിനവാൎത്ഥഗതിഃ

ഇങ്ങിനെ പറഞ്ഞിരിയ്ക്കെ, നിസ്സാരനായ എന്നെക്കൊണ്ടു ആ ദുഷ്കരകൃത്യം നിൎവ്വഹിയ്ക്കാവുന്നതാണോ; അതിനാൽ ദുൎഗ്ഗാവിജയത്തെക്കുറിച്ചു കരുണ വിചാരിയ്ക്കാതെ (മൃദുവായും സ്ഫുടമായുമല്ലാതെ) വ്യക്തിപരമായോ

മറേറാ നിന്ദാസൂചനയോടേ പ്രസ്താപിയ്ക്കുന്ന സഹൃദയമ്മന്ന്യന്മാരോടു ഞാൻ

അപിപുരുകൃതരീഢംപണ്ഡിതമ്മന്ന്യമൂഢൈ
മ്മമതുസുകൃതിരത്നംഫന്തഗൃഹ്ണന്തിസന്തഃ
അവഗണിതമവജ്ഞൈദ്ദ്വിട്ടരൈരപ്യയാപ്യാഃ
കിമനണകമൃണാളംരാജഹംസാസ്ത്യജന്തി

എന്നേ സമാധാനം പറയുന്നുള്ളൂ. ഏതായാലും കഥകളിയിൽ ഭീരുപോലെ സാഹിത്യലോകത്തിൽ വിഡ്ഢിവേഷം കെട്ടി ഇറങ്ങിയിരിയ്ക്കുന്ന ഞാൻ എൻെറ ഈ ഗോഷ്ഠിത്തത്തെ ഇതാ അരങ്ങത്തയ്ക്കു പ്രവേശിപ്പിയ്ക്കുയും ഇതിനെപ്പററിയുള്ള അഭിപ്രായ പ്രകടനത്തിനും ഇതിലെ അച്ചടിപ്പിഴകൾ തിരുത്തി വായിയ്ക്കാനും വായനക്കാരോടു (സജ്ജനത്തോടു) അഃപേക്ഷിയ്ക്കുകയും ചെയ്യട്ടെ. ഈ വിഷയത്തിൽ (സാഹിത്യത്തിൽ) ഇത്ര എങ്കിലും എനിയ്ക്കു ഉല്ക്കൂഷം വരുവാൻ പ്രധാന കാരണഭൂതൻ എൻെറ ഗുരുനാഥനും പരേതനും ആയ കവിതിലകൻ പന്തളത്ത് കേരളവമ്മതമ്പുരാൻ തിരുമനസ്സിന്നുതന്നെആണ്. പക്ഷേ തൃപ്പേക്കുളത്തു വാസുദേവൻ നമ്പൂതിരി, തെക്കേ ശിവോളി മഹൻ നാരായണൻ നമ്പൂതിരി എന്നീ സുഗുണമണികളുടെ സഹായം അതിനു ധാരാളം ഉണ്ടായിട്ടുണ്ടെന്ന പരമാത്ഥം മറയ്ക്കത്തക്കതോ ഞാൻ മറയ്ക്കുന്നതോഅല്ല. പുണ്യപുരുഷനായ ആ തമ്പുരാൻെറ അകാലചരമംകൊണ്ടു ഉത്സാഹംനശിച്ച ഞാൻ ഭാഷാഭിമാനികളായ മേപ്പടി നമ്പൂതിരിമാരിൽ നിന്നും പ്രേരണാശക്തി ഉണ്ടാവാത്ത പക്ഷം പദ്യനിമ്മാണ പ്രവൃത്തി അന്നേ വിട്ടമായിരുന്നു. ആകയാൽ അതു സംബന്ധിച്ച അവരോടുള്ള എൻെറ കടമ തീത്താൽ തീരാ

ത്തുതന്നെ ഇനി വേണ്ടതു ഇതിനു അവതാരിക മുതലായവ എഴുതിത്തന്ന മാന്യന്മാരോടും ഈ പുസ്തക പ്രസിദ്ധീകരണത്തിൽ വേണ്ടപോലെ സഹായിച്ച മി. കടമാളൂർ കെ. കെ. ഗോപാലപിള്ളയോടും എനിക്കുള്ള നന്ദിപ്രകാശിപ്പിക്കു ആകുന്നു. അതിവിടെ സാധിച്ചുകൊണ്ടു ഈലേഖനം സമാപ്തമാക്കിയേക്കാം.

കുരുവിലശ്ശേരി, മാള.
28—12—'09.

ഗ്രന്ഥകർത്താ.

# അവതാരിക.

ഈ കാവ്യത്തിൻെറ കൎത്താവിനെ ഞാൻ നേരിട്ട റികയില്ല എങ്കിലും എൻെറ ഒരു മാന്യ സ്നേഹിതൻ എന്നോട് ഇതിന്നു് ഒരു അവതാരിക എഴുതിക്കൊടുക്കുവാൻ ആവശ്യപ്പെട്ടുകയാൽ മാത്രമാണു് ഞാൻ ഇതിന്നു തുനിയുന്നതു്. സ്നേഹത്തെ അടിസ്ഥാനമാക്കി സ്നേഹജനങ്ങൾ ആവശ്യപ്പെടുന്ന കാൎയ്യങ്ങൾ ഏതുവിധത്തിൽ പ്രയാസമുള്ളതായാലും അതു നിൎവ്വഹിച്ചുകൊടുക്കേണ്ടതു് ഒരു കുടമയാണല്ലൊ.

ഈ ഗ്രന്ഥകൎത്താവിൻെറ കവനചാതുൎയ്യത്തേയും അദ്ദേഹത്തിൻെറ കാവ്യത്തിന്നുള്ള പ്രത്യേക ഗുണദോഷങ്ങളേയും കാവ്യം വായിച്ചുനോക്കിത്തന്നെ മനസ്സിലാക്കേണ്ടതാകുന്നു. അവതാരിക വായിച്ചുനോക്കിയതിൻെറ ഫലമായിട്ടു് ഒരാൾ ഗ്രന്ഥം വായിക്കുകയൊ വായിക്കാതിരിക്കുകയൊ ചെയ്യുമെന്നുള്ള സമ്പ്രദായമായിത്തീരേണമെങ്കിൽ, അവതാരിക നിഷ്പക്ഷമായ ഗുണദോഷനിരൂപണമായിരിക്കണമല്ലൊ. നിഷ്പക്ഷമായ ഗുണദോഷനിരൂപണം ചെയ്കയെന്നതു് അവതാരികകൎത്താവിൻെറയല്ല, വിമൎശകൻെറ ധൎമ്മമാണെന്നാണു വെച്ചിരിക്കുന്നതു്. അവതാരികകൎത്താവു വിമൎശകൻ കൂടിയായിരിക്കണം എന്നു നിൎബ്ബന്ധിക്കുന്നതായാൽ ഇക്കാലത്തു മിക്ക ഗ്രന്ഥങ്ങളും അവതാരികക്കുള്ള നാലഞ്ചു പേജ് കുറച്ചു അച്ചടിപ്പിക്കേണ്ടതായി വരും.

ഈ ഗ്രന്ഥകൎത്താവിനെപ്പററി അധികവിവരം എൻെറ മാന്യ സ്നേഹിതൻ അറിയിച്ചുതന്നിട്ടില്ലെങ്കിലും അദ്ദേഹം (ഗ്രന്ഥകൎത്താവ്) ഉണ്ടാക്കി അച്ചടിച്ചു പരസ്യം ചെയ്യ മററു ചില ഗ്രന്ഥങ്ങളിലെ അവതാരികവായിച്ചുനോക്കിയതിൽ ചില പരമാൎത്ഥങ്ങൾ അറിവാൻ എനിക്കു സംഗതിയായിരിക്കുന്നു.

ഇദ്ദേഹത്തിൻെറ "ഭവാനി" അഥവാ, "അന്നപൂൎണ്ണേശ്വരി" എന്ന ലഘുകാവ്യത്തിന്നു ശ്രീമാൻ കടമാളൂർ കെ. കെ. ഗോപാലപിള്ള എഴുതിയ അവതാരികയിൽ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു:— "കവിസാൎവ്വഭൌമനായ മ. മ. ശ്രീ പന്തളത്തു കേരളവൎമ്മതമ്പുരാൻ തിരുമനസ്സിലെ കവനകലാശാലയിൽ നല്ലപോലെ ആടിപ്പാടി കവനകൌമുദി മൂഖേന രംഗപ്രവേശം ചെയ്യ ഒരു വാസനാകവിയാണു ബ്രഹ്മശ്രീ വെമ്പ് ളിയസ്സ് ലക്ഷ്മണൻ നമ്പൂതിരിപ്പാടവർകൾ എന്നുള്ള കഥ മിക്ക ഭാഷാഭിമാനികൾക്കും അറിയാവുന്നതാണ്" ഈ കഥ അറിയുന്നതുതന്നെ, നമ്പൂതിരിപ്പാടവർകളുടെ യോഗ്യതയെ നിസ്സംശയം വെളിപ്പെടുത്തുന്നതായിരിക്കും. പന്തളം പരമ യോഗ്യനായ ഒരു കവിയായിരുന്നു. അദ്ദേഹത്തിൻെറ കവനകലാശാലയിൽ ആടിപ്പാടി പേരെടുത്ത ആൾക്ക് സാഹിത്യലോകത്തിൽ അനശ്വരമായ ഒരു കീൎത്തി അതിനാൽത്തന്നെ ലഭ്യമാകുന്നതാണ്. "ദുൎഗ്ഗാവിജയം" എന്ന ഈ കാവ്യം ദുൎഗ്ഗാവിജയം മാത്രമല്ല, ലക്ഷ്മണവിജയം കൂടിയായി സഹൃദയന്മാർ മനസ്സിലാക്കിക്കൊള്ളും.

വാമാവിഭ്രമമയമാംരസായനത്താൽ
വാമാകഷ്ണനവയൌവ്വനത്തെനേടി

ക്ഷേമാത്ഥംതപസിപതൽത്തുഷാരനീരായ്

ഹാ! മാററുന്നിതുപലിതാംഗമിണ്ടുകാമൻ.

ഹാ! എന്തൊരു വാഗ്വിലാസം?

നമ്പൂതിരിപ്പാട്ടിലെ ശൃംഗാരം വളരെ ജാതിയായിരിക്കുന്നു. അതിന്നു് അനേകം ദൃഷ്ടാന്തങ്ങൾ ആവശ്യമില്ല.

"മാരപ്പോർതകൃതികല്യക്കിമൈതളന്നു," എന്നാദിയായ ശ്ലോകങ്ങളെപ്പോലെ അത്യന്തം തന്മയത്വമുള്ളവ അതിന്നു് ഉത്തമ ദൃഷ്ടാന്തങ്ങളാകുന്നു. കാളിദാസനെയും കേരളകാളിദാസനെയും സ്മരിക്കാൻ ഇടവരുത്തുന്ന ആശയവിശേഷത്തോടുകൂടിയ ശ്ലോകങ്ങളും ഇതിൽ ഉണ്ടു്. അവയുടെ ഒക്കെ രസം വായിച്ചുതന്നെ അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

കേരളവമ്മ പ്രാസത്തെ കവി, സവ്വത്ര ദീക്ഷിച്ചിരിക്കുന്നതു് ഒരു മെച്ചംതന്നെയാണ്. യതിയെ അത്ര ഗണ്യമാക്കീട്ടില്ല. വലിയ കോയിത്തമ്പുരാൻെറ അമരുകശതകത്തിൽ വൃത്തഭംഗവും യതിഭംഗവും ഉണ്ടെന്നു ഒരു ശാസ്ത്രികൾ ആക്ഷേപിച്ചിരുന്നു. അതിന്നു് ആ മഹാകവി പറഞ്ഞ മറുപടി.

യതിഭാഗമെൻെറകൃതിയിൽ ചിലേടമു-

ണ്ടതിഭംഗിയായതുപറഞ്ഞതോക്കിലൊ,

എന്നായിരുന്നു. ഒയ്യാരത്തു ചന്തുമേനോൻ ഇതിനെപ്പററി പറഞ്ഞതു്, യതിഭംഗം എന്നൊന്നു് ഉണ്ടാവാൻ തന്നെ പാടില്ല എന്നായിരുന്നു. യതി, വൃത്തത്തെ ആശ്രയിച്ചിരിക്കും; വൃത്തം ശരിയാണെങ്കിൽ, യതി വേണമെന്നു നിദ്ദേശിക്കപ്പെട്ട ദിക്കിൽ നിത്തിക്കൊള്ളാം എന്നായിരുന്നു ആ മഹാൻ പറഞ്ഞതു്. അതിലപ്പുറം ഇതിനെപ്പററി പറയേണ്ടതില്ല.

കാവ്യത്തിലെ കഥ എന്താണെന്നു അവതാരികയിൽ ചുരുക്കത്തിലെങ്കിലും പ്രസ്താവിക്കുന്ന പതിവു ചിലക്കുണ്ടു്. ഞാൻ ആ സാഹസത്തിനു് ഒരുമ്പെടുന്നില്ല. പരിണാമഗുപ്തിയാണു് ഏതു കഥയുടേയും ജീവനാഡി. കഥ വായിക്കുന്നതിനു മുൻപു തന്നെ പരിണാമമെന്താണെന്നു് അറിഞ്ഞുകഴിഞ്ഞാൽ, പിന്നെ കവി തന്റെ അഗാധമായ സങ്കല്പശക്തി ഉപയോഗിച്ചു പരിപാലിച്ചുപോന്ന പരിണാമഗുപ്തിയാകുന്ന ഭിത്തി ഉടഞ്ഞു തകന്നുപോകും. അതുകൊണ്ടു, കഥാസാരം ഞാൻ ഇവിടെ എഴുതുന്നില്ലെന്നുതന്നെ ഉറച്ചിരിക്കുന്നു. അങ്ങിനെ ഞാൻ ചെയ്യുന്നെങ്കിൽ അതു ഈ മഹാകവിയോടു ചെയ്യുന്ന അക്ഷന്തവ്യമായ ഒരു അപരാധമായിരിക്കും.

ശ്ലോകങ്ങളിൽ പ്രയാസമുള്ള പദങ്ങൾക്കു് അടിയിൽത്തന്നെ ടിപ്പണം ചേത്തതു വളരെ നന്നായിരിക്കുന്നു. അങ്ങിനെ ചെയ്തിരുന്നില്ലെങ്കിൽ, "സൂനാന്തസ്ഥിതവിളു" മുതലായ പ്രൌഢപ്രയോഗങ്ങൾക്കു് ചിലക്കു് എളുപ്പം അത്ഥമായില്ലെന്നു വന്നേക്കുമായിരുന്നു.

ഈ ഗ്രന്ഥത്തെ ഇപ്പഴത്തെ പാഠപുസ്തക കമ്മിററിക്കാർ അംഗീകരിച്ചു യഥോചിതം ഒരു പരീക്ഷക്കു പാഠ്യപുസ്തകമാക്കാതിരിക്കയില്ലെന്നു തന്നെയാണു് എന്റെ വിശ്വാസം. ഈ മഹാകവിക്കു ഞാൻ സാഹിത്യലോകത്തു സവ്വ വിജയങ്ങളും ആശംസിക്കുന്നു.

തലശ്ശേരി,<br>
11—7—1934. } മൂക്കോത്തു കുമാരൻ.

# പ്രസ്താവന.

മലയാളഭാഷയുടെ ഉന്നമനത്തിന്നു മലയാള ബ്രാഹ്മണർ പ്രത്യേകം പരിശ്രമിച്ചിട്ടുണ്ടെന്നുള്ള കാൎയ്യം പരക്കെ സമ്മതിക്കുന്നതാണ്. കൂടിയാട്ടത്തിന്ന് അശനം പറയുമ്പോഴും മററും ഇന്നും ചാക്യാന്മാർ ചൊല്ലുമാറുള്ള പച്ചമലയാളപദ്യങ്ങൾ തോലൻ എന്ന നമ്പൂതിരിയുടെ കൃതികളായിട്ടാണറിയപ്പെടുന്നത്. ചേരമാൻ പെരുമാളുടെ നൎമ്മസചിവനെന്നു വിശ്വസിക്കപ്പെട്ടുവരുന്ന ആ സരസകവിയുടെ കാലം കേരളത്തിൽ നടപ്പുള്ള ചില ഐതിഹ്യങ്ങൾക്കനുസരിച്ചു നോക്കുമ്പോൾ 1500 സംവത്സരങ്ങൾക്കും മുമ്പാണെന്നു വരുന്നുണ്ടെങ്കിലും ആധുനിക ചരിത്രകാരന്മാരതു സമ്മതിച്ചിട്ടില്ല എങ്കിലും ആ പെരുമാളുടെ കാലം കൊല്ലവൎഷം മൂന്നാം നൂററാണ്ടിന്നിപ്പുറമല്ലെന്നുള്ള കാൎയ്യം സാമാന്യേന തിച്ചപ്പെട്ടതാകയാൽ സുമാർ എണ്ണൂറു വൎഷത്തിനുമുമ്പുതന്നെ നമ്പൂതിരിമാർ ഭാഷാപോഷണവിഷയത്തിൽ പ്രധാനമായി പരിശ്രമിച്ചിരുന്നു എന്നു വിശ്വസിക്കാമല്ലൊ. അതിന്നുശേഷം ഭാഷയിലുണ്ടായിട്ടുള്ള പ്രധാന കൃതികളിൽ പ്രഥമഗണനീയമായ കൃഷ്ണഗാഥയുടെ കൎത്താവ് ഒരു നമ്പൂതിരിയാണെന്നു പറയുന്നതിൽ പക്ഷാന്തരമില്ല. ഭാഷാസാഹിത്യത്തിലെ അത്യുത്തമ കൃതിയായ ചന്ദ്രോത്സവവും ഒരു നമ്പൂതിരിയുടെ നാരായത്തുമ്പിൽ നിന്നുതന്നെ ജനിച്ചതാണെന്നു സഹൃദയന്മാരൊക്കെ സമ്മതിക്കുന്നു. വലിയ വിഭക്തിക്കാരനായിരുന്ന നാരായണഭട്ടപാദരേ

പ്പോലും ഭക്തികൊണ്ടു പരാജയപ്പെടുത്തിയ പൂന്താന
ത്തു നമ്പൂതിരിയുടെ ജ്ഞാനപ്പാനയും, ഭാഷാകൃഷ്ണ ക
ൎണ്ണാമൃതവും ഭാഷയ്ക്കു ലഭിച്ച ബ്രാഹ്മണസഹായത്തിന്റെ
വിശിഷ്ടഫലങ്ങളാണല്ലോ. ഭാഷാഭണ്ഡാരത്തിലെ
അമൂല്യനിക്ഷേപങ്ങളായ അനവധി ചമ്പുക്കളിലധിക
വും നമ്പൂതിരിമാരുടെ കൃതികളാണെന്നുള്ളതും തൎക്കമെ
ററ സംഗതിയാകുന്നു. ദശമം ഭാഷപ്പെടുത്തിയ പുറയ
ന്നൂർ നമ്പൂതിരിപ്പാട്ട മുതലായ മററനേകം മലയാള
ബ്രാഹ്മണരുടെ പേരും ഇതുപോലെ സ്മരണീയമായിട്ടു
ണ്ടു്. അതിന്നൊക്കെ പുറമെ, വൈദ്യം, ജ്യോതിഷം മു
തലായ ശാസ്ത്രവിഷയങ്ങളിലും നമ്പൂതിരിമാർ തന്നെ
യാണു് മുമ്പധികവും ഗ്രന്ഥനിൎമ്മാണം ചെയ്തിട്ടുള്ളതെ
ന്നും ഭാഷാചരിത്രജ്ഞന്മാൎക്കറിയാവുന്നതാണല്ലോ.

അടുത്തകാലത്തു ചേലപ്പറമ്പിനെത്തുടൎന്നു പൂന്തോ
ട്ടത്തിൽ നമ്പൂതിരിയും വെണ്മണി നമ്പൂതിരിപ്പാടന്മാ
രും പഴയ മണിപ്രവാളകൃതിയെ ഒന്നുകൂടി പരിഷ്കരിച്ചു.
അവരുടെ ഭാഷാരീതിയാണു് ഇന്നും ഭാഷാകവിതയിൽ
സ്വീകരിക്കപ്പെട്ടുവരുന്നതു്. നടുവത്തഛൻ നമ്പൂതിരി,
മേപ്പടി മഹൻ നമ്പൂതിരി, ഒറവങ്കര നീലകണ്ഠൻ ന
മ്പൂതിരി (രാജാ), ശീവൊള്ളി നാരായണൻ നമ്പൂതിരി
മുതലായവർ ഈ പുതിയ രീതിയിൽ കവിതയെഴുതി ഭാ
ഷാപോഷണത്തിന്നു പരിശ്രമിച്ചവരാണു്. ആലത്തി
യൂർ അനുജൻ നമ്പൂതിപ്പാടു്, പണ്ഡിതർ ഇ. വി രാ
മൻ നമ്പൂതിരി, പാലാക്കുടി മധുസൂദനൻ ഭട്ടതിരിപ്പാ
ടു്, എസ്സ്. ശ്രീധരൻ നമ്പൂതിരി, കെ. എൻ. വാസു
ദേവൻ നമ്പൂതിരി, വിദ്വാൻ ഇളയിടത്തു നീലകണ്ഠൻ
നമ്പൂതിരി മുതലായി അനേകം കവികൾ ഇപ്പോൾ
മുൻപറഞ്ഞ മാന്യന്മാരെ പിന്തുടരുന്നതുമുണ്ടു്. എന്നാൽ

ഇക്കൂട്ടത്തിൽ പ്രത്യേകം പറയത്തക്ക ഒരു പ്രസിദ്ധ കവിയാണ് വെണ്മണിയസ്സു ലക്ഷ്മണൻ നമ്പൂതിരിപ്പാടവർകൾ.

കൊച്ചിശ്ശീമയിൽ കൊടുങ്ങല്ലൂർ മാളസ്സുകുടത്തു കുരുവിലശ്ശേരി വില്ലേജിലാണ് നമ്പൂതിരിപ്പാടവർകളുടെ ഇല്ലം. ഇദ്ദേഹത്തിൻെറ ജനനകാലത്തിന്നു മുമ്പുതന്നെ കൊടുങ്ങല്ലൂരും പരിസരപ്രദേശവും കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ തുടങ്ങിയ കാവ്യ കലാകുശലന്മാരുടെ കേളിരംഗമായിരുന്നതിനാൽ ആ കാററല്പം തട്ടിയാൽതന്നെ വാസനയില്ലാത്തവക്കു കൂടി കവിത താനേ പുറപ്പെട്ടുമായിരുന്നു. പോരെങ്കിൽ ലക്ഷ്മണൻ നമ്പൂതിരിപ്പാടിൻെറ അമ്മാത്ത് (അമ്മയുടെ ഇല്ലം) ആയ ആലത്തൂര് മനയ്ക്കൽ നിന്നും ഇദ്ദേഹത്തിനു കൈവന്നതാണ് കവിതാവാസന എന്നു കരുതുവാൻ ന്യായമുണ്ടുതാനും. ആലത്തൂരനുജൻ നമ്പൂതിരിപ്പാട്, കട്ടവിൽ കുഞ്ഞികൃഷ്ണമേനോൻ പാലിയത്തു കുഞ്ഞുണ്ണി അച്ചൻ കിളിമാനൂർ രോഹിണി നാൾ തമ്പുരാട്ടി എന്നീ പ്രസിദ്ധ സാഹിത്യകാരന്മാർ ലക്ഷ്മണൻ നമ്പൂതിരിപ്പാട്ടിലെ അമ്മയുടെ സഹോദരന്മാക്കുണ്ടായ സന്താനങ്ങളാകുന്നു. നമ്പൂതിരിപ്പാടവർകൾ ചെറുപ്പത്തിൽതന്നെ കവിതയെഴുതിത്തുടങ്ങുവാൻ കാരണം ഒരു സമയം അങ്ങിനെ വല്ല പ്രേരകശക്തിയുമായിരിക്കാം. ആദ്യകാലത്തു സംസ്കൃത വിദ്യാഭ്യാസത്തിന്നോ, സാഹിത്യപരിശീലനത്തിന്നോ ഇദ്ദേഹത്തിനു വളരെ സൌകയ്യമുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ഇന്നും മലയാളബ്രാഹ്മണക്ക് ഉപനയനത്തോടുകൂടി കുറേക്കാലം വേദാഭ്യാസം കഴിച്ചുകൂടാത്തതാകയാലും, വിശേഷിച്ചും വൈക്കം മഹാക്ഷേത്രത്തിൽ തന്ത്രാധികാരം കൂടിയുള്ള നമ്പൂതിരിപ്പാട

വർകൾക്ക് ആ വക പലതും പഠിക്കുകയും പരിചയിക്കുകയും അത്യാവശ്യമായിരുന്നതുകൊണ്ടും സംസ്കൃത ഭാഷയിൽ ധാരാളം പരിചയം സമ്പാദിക്കുവാൻ ബാല്യകാലത്ത് തരപ്പെട്ടില്ലെങ്കിൽ അതിലത്ഭുതമില്ല. എങ്കിലും പ്രഥമസൌകൎയ്യത്തിൽ സാഹിത്യപരിശീലനം തുടങ്ങുവാനുള്ള താല്പൎയ്യമായിരിക്കണം യൌവനാരംഭത്തിൽ തന്നെ ഇദ്ദേഹത്തെ പന്തളത്തേക്കു തിരിച്ചുവിട്ടത്. അന്തരിച്ചുപോയ മഹാകവി കേരളവൎമ്മതമ്പുരാനവർകൾ അക്കാലത്ത് അവിടെത്തന്നെ സ്ഥിരതാമസമുണ്ടായിരുന്നതിനാൽ നമ്പൂതിരിപ്പാടവർകൾക്ക് ആ മഹാൻെറ അന്തേവാസിയായി കൂടുവാൻ സൌകൎയ്യം സിദ്ധിച്ചു. അങ്ങനെ ആദ്യത്തിൽ പന്തളം മഹാകവിയുടെ കളരിയിൽ പയററിയാണ് ഇദ്ദേഹം കവിതയിൽ പല അടവുകളും പഠിച്ചിട്ടുള്ളത്. ഇതിന്നിടയ്ക്കു തമ്പുരാനവർകൾ അദ്ധ്യാപകവൃത്തി സ്വീകരിച്ചു തിരുവനന്തപുരത്തുപോയി സ്ഥിരതാമസമാക്കിയതു നിമിത്തം അദ്ദേഹത്തിൻെറ നിയത സാഹചൎയ്യത്തിന്നു വിഘ്നം നേരിട്ടു എങ്കിലും സൌകൎയ്യമുള്ള സമയത്തൊക്കെ തിരുവനന്തപുരത്തുപോയി തമ്പുരാനവർകളുടെ അടുക്കൽ നിന്ന് ഉപദേശം വാങ്ങുവാൻ ഇദ്ദേഹം അമാന്തിച്ചിരുന്നില്ല. ആ മഹാകവിയുടെ അകാലനിൎയ്യാണംവരെ അത്താരത്തിലാണ് കഴിഞ്ഞുകൂടിയത്.

നമ്പൂതിരിപ്പാടവർകളും ഞാനുമായി പരിചയപ്പെട്ടത് 1084-ൽ ഞാൻ കൌമുദി ഏറെറടുത്തതിനുശേഷമാണ്. കൌമുദിക്കിദ്ദേഹം കൂടക്കൂടെ കവിതകളയച്ചിരുന്നു. അക്കാലത്തൊരിക്കൽ നേരിട്ടുകണ്ടു പരിചയമാകണമെന്നു വെച്ചു നമ്പൂതിരിപ്പാടവർകൾ ഇവിടെ വന്നു. അന്നുമുതല്ക്കുണ്ടായിട്ടുള്ള ഞങ്ങളുടെ പരസ്പര

മൈത്രിക്ക് ഇതേവരെ ഒരു ഭംഗമോ ഉപരോധമോ ഉണ്ടായിട്ടില്ല. കൌമുദിയെസ്സംബന്ധിച്ചും, കവിതാവിഷയമായും ഞങ്ങൾ തമ്മിൽ പല കത്തെടവാടകളും നടത്തുവാനും, പല ദിക്കിൽ വെച്ചും കാണുവാനും പിന്നെ സംഗതി വന്നിട്ടുമുണ്ട്.

ഇപ്പോഴും മദ്ധ്യവയസ്സിൽനിന്നു കടന്നിട്ടില്ലാത്ത നമ്പൂതിരിപ്പാടവർകൾ നന്നെ ചെറുപ്പം മുതല്ക്കുതന്നെ കവിതകളുണ്ടാക്കുവാൻ തുടങ്ങിയിരിക്കുന്നു. ഇദ്ദേഹത്തിൻെറ പല ഖണ്ഡകവനങ്ങളും കൌമുദിയിൽ പ്രസിദ്ധപ്പെടുത്തിക്കാണാം അതിനുപുറമെ, വീരവരൻ പ്രണയപ്രഭാവം, സഹൃദയമോഹനം, സാഹിത്യസാരസ്വതം, ഭവാനി, രാജവിരൻ, അംബുജാക്ഷി, അഭിനവഭീഷ്മർ മുതലായി എട്ടൊമ്പതു കൃതികൾ പുസ്തകരൂപത്തിലും പുറത്തുവന്നിട്ടുണ്ട്. ശ്ലഥബന്ധങ്ങളായ ദ്രാവിഡവൃത്തങ്ങളിൽ മാത്രം കവിതയെഴുതുവാനേ ഇന്നത്തെ പല യുവകവികളേക്കൊണ്ടും സാധിക്കുന്നുള്ളു. പഠിപ്പും പരിചയവുമുള്ളവക്കല്ലാതെ സംസ്കൃതവൃത്തങ്ങൾ സ്വാധീനമാകയില്ല. നമ്പൂതിരിപ്പാടവർകൾക്കു സംസ്കൃതവൃത്തങ്ങളാദ്യംതന്നെ സ്വാധീനപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ദ്രാവിഡവൃത്തങ്ങളിലും ഇദ്ദേഹത്തിന്നു നല്ല തഴക്കമുണ്ടെന്നു തെളിയിക്കാൻ മാധവമാഹാത്മ്യം മുതലായ പല കൃതികളും മതിയായ ലക്ഷ്യങ്ങളാണ്.

'ദുർഗ്ഗാവിജയം' എന്ന പ്രസ്തുത കൃതിയെപ്പററി ഞാൻ പ്രത്യേകിച്ചൊന്നും പറയേണ്ടതായിട്ടില്ല. സുപ്രസിദ്ധസാഹിത്യകാരനും, എൻെറ മാന്യ സഹൃത്തുമായ മൂക്കോത്തു കുമാരനവർകൾ ഈ കൃതിക്കൊരവതാരിക എഴുതീട്ടുള്ളതിൽ വേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞിട്ടുള്ള

തിനാൽ ഇനി ഞാനെന്തെങ്കിലും പറയുന്നതു ചവ്വിതചവ്വണമായിരിക്കയേ ഉള്ളു. എന്നാൽ നിഷ്പ്രയാസം കവിതയെഴുതുവാൻ കഴിവുള്ള നമ്പൂതിരിപ്പാടവർകൾ ഇനി ഇതിലും വിശിഷ്ടതരങ്ങളായ കൃതികളെഴുതി കൈരളീക്ഷേത്രത്തിലും തന്ത്രാധികാരം സ്ഥിരമായി സമ്പാദിച്ച കാൎയ്യം നടത്തിക്കാണ്മാൻ ഭാഷാഭഗവതി പ്രത്യേകം കടാക്ഷിക്കുമാറാകട്ടെ

| | |
|---|---|
| കോട്ടക്കൽ,<br>1109 മിഥുനം 31. | പി. വി. കൃഷ്ണവാരിയർ. |

# അഭിപ്രായം.

'ദുൎഗ്ഗാവിജയം' എന്ന കാവ്യഗ്രന്ഥം ഞാൻ മനസ്സുവെച്ചു വായിച്ചുനോക്കി. സംസ്കൃതത്തിലെ 'നൈഷധകാവ്യം' മുതലായതിന്റെ രീതിയനുസരിച്ചുള്ള ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ഞാൻ കണ്ടേടത്തോളം ദുൎല്ലഭമായിട്ടാണിരിക്കുന്നത് പ്രസ്തുത ഗ്രന്ഥം പ്രായേണ അലങ്കാരബഹുളമായ ആ പ്രസ്ഥാനമനുസരിച്ചു നിൎമ്മിച്ചതാകയാൽ നമ്മുടെ ഭാഷക്കു ഇതൊരലങ്കാരമായിത്തീരുമെന്നാണ് ഞാൻ വിചാരിക്കുന്നതും. ശ്ലിഷ്ട ശബ്ദങ്ങളെത്തെരഞ്ഞുപിടിച്ചു ശ്ലേഷമൂലകോപമായും മറ്റും ഉണ്ടാക്കി അൎത്ഥപുഷ്ടി വരുത്തുവാൻ ഗ്രന്ഥകാരൻ നല്ലവണ്ണം ശ്രമിച്ചിട്ടുണ്ട്. പാദാനുപ്രാസത്തിന്നുവേണ്ടി ശബ്ദങ്ങളെത്തെരഞ്ഞെടുക്കുന്ന സംഗതിയിലും പാദബന്ധങ്ങൾക്കു വിഷമതയും ശൈഥില്യവും കൂടാതെ കഴിക്കേണ്ട കാൎയ്യത്തിലുംകുറെക്കൂടി മനസ്സുവെച്ചാൽ രചനാഭംഗിക്കു മെച്ചം കൂടുമെന്നു ഇതിലെ പല പദ്യങ്ങളും വായിച്ചപ്പോൾ എനിക്കു തോന്നീട്ടുണ്ടെന്നുള്ള പരമാൎത്ഥവും മറച്ചുവെക്കുന്നില്ല. ഭാഷാപോഷണത്തിന്നു പല പ്രസ്ഥാനങ്ങളും ആവശ്യമാകയാൽ പുതിയ രീതി എന്നു പറഞ്ഞുവരുന്ന വകയിൽ ഭ്രമം മുഴുവനും ഇക്കാലത്ത് ആ ഗതാനുഗതികത്വം സ്വീകരിക്കാതേ പ്രൌഢമായ പ്രസ്തുതപ്രസ്ഥാനത്തിൽ ഒരു ഗ്രന്ഥം നിൎമ്മി

ക്കാൻ ഒരുങ്ങിയ ഗ്രന്ഥകാരൻ ശ്രീമാൻ വെബ്ളിയസ്സ് ലക്ഷ്മണൻ നമ്പൂതിരിപ്പാടവർകളുടെ ശ്രമത്തെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

ശ്രീതിലകം, തൃശ്ശിവപേരൂർ. } ആറമ്പർ കൃഷ്ണപ്പിഷാരടി.
1110 ചിങ്ങം 28-ാംനു-

# ദുർഗ്ഗാവിജയം കാവ്യം.

കേമത്തംതടവിനശത്രുവീരനെക്രൂ—
രാമർഷത്തോടുപടവെട്ടിവെന്നുനേരെ
ക്ഷേമത്തിൻതികവുളവാകുമാറുദുർഗ്ഗാ—
നാമംചേർന്നരുളിനദേവിയാശ്രയം മേ. 1.

പൂമാതിൻനടനവിശേഷരംഗമായും
സീമാതിപ്രകൃതിവിലാസഭംഗിവാച്ചും
സോമാപാണ്ഡരരുചികീർത്തിചാർത്തി ലോക
പ്രാമാണ്യത്തൊടുമലയാളമുല്ലസിപ്പൂ 2.

നാനാമട്ടുടയസുഖാളികൾക്കിരിപ്പാൻ
സൂനാഃന്തസ്ഥിതവിഭൂതീർത്തവീടുപോലെ
പീനാഭം സകലഗുണങ്ങളുംതികഞ്ഞു
ള്ളീനാട്ടിൻമഹിമതുലാവിഹീനമല്ലോ. 3.

വാമാവിഭ്രമമയമാംരസായനത്താൽ
വാമാകർഷണനവയൌവ്വനത്തെനേടി
ക്ഷേമാർത്ഥംതപസിപതൽത്തുഷാരനീരായ്
ഹാ! മാററുന്നിതുപലിതാംഗമിങ്ങുകാമൻ. 4.

---

1. ശത്രു-മഹിഷാസുരൻ=പ്രകൃതത്താൽ അക്ബർ എന്നും ദുർഗ്ഗ-പാർവ്വതി-ദുർഗ്ഗാവതി (ഇതിലെനായിക)എന്നും ദേവി=ദേവസ്ത്രീ=പട്ടമഹിഷിഎന്നും 3 സൂനാന്തസ്ഥിതവിഭു=ബ്രഹ്മാവ 4വിഭ്രമം-ചേഷ്ടാവിശേഷം. തപസ്സ്-വേനൽ (അർത്ഥാൽഹേമന്തം) എന്നും പലിതാംഗം-വാർദ്ധക്യത്താൽ വെളുത്തഅവയവം.

ഛിന്നാഘംവി വിധജനേക്ഷണോത്സവത്തെ
ത്തന്നാലേപണിയുമൊരണ്ഡജപ്രകാണ്ഡം
എന്നാളുംവിലസുകമൂലമോ വിടാതി—
മ്മന്നാകെത്തടവി സുഭാരതീവിലാസം. 5.

നൂനംനെൽകൃഷിയുടെരക്ഷണത്തിനാന്നീ—
ടാ നഗ്ര്യസ്പൃഹയൊടെഴുംസുഗോപിമാർകൾ
യാനത്തിന്നലസതചേർത്തിതിങ്ങുതിക്കും
ഗാനത്താൽപ്പഥികയുവാക്കളിൽപ്രകാമം. 6.

ധാരാളംശുഭവിഭവപ്രകാശമേറ്റോ—
രീരാജ്യത്തുടയനറുംതൃണങ്ങൾതന്നെ
നേരായജ്ഞനതയെനിത്യവും സ്വതേജോ—
ഭാരാൽവിസ്പഷ്ടമൊരുപോലെടുത്തതല്ലോ. 7.

സാമാന്യേതരമിവിടെപ്രലോഭനീയ
ശ്രീമാറ്റുള്ളൊരുപുരമേതുമൂനമെന്യേ
ക്ഷേമാവസ്ഥിതിയൊടുദിച്ചിരുന്നു ദിവ്യ
പ്രേമാഹഃസ്ഫുരിതസുകർമ്മവസ്തുപോലെ. 8.

പൌരത്വംഗിരിവരസൽക്കുമാരരാന്നു—
ള്ളീരമ്യസ്ഥലിയെവിനായകൻഭരിപ്പൂ
ഗൌരക്ഷ്മാധരമിതി നണ്ണിയോ സ്ഫുരൽപ്രാ—
കാരത്തിൻമിഷമൊടതിങ്ക ലാലസിച്ചു 9.

5. അണ്ഡജം-പക്ഷി ബ്രഹ്മാവു എന്നും അണ്ഡജൊമൃഗനാഭൌ സ്യാൽ സരടേഹൌഖഗേത്ധഷെ=മേദിനി. നാഭിജന്മാണ്ഡജഃ=അമരം. ഭാരതി പക്ഷി=സരസ്വതി എന്നും അഥ ഭാരതീവചനേച സരസ്വത്യാം പക്ഷി വൃത്തിപ്രഭേദയോ=മേദിനി 7 വിഭവം ധനം എന്നും വിഭവോധനനിവൃത്ത്യോ=ഹൈമൻ 9 ഗിരിവരൻ-ശിവൻ-വാഗ്മിശ്രേഷ്ഠൻ എന്നും കുമാരൻ-സുബ്രഹ്മണ്യൻ-സുന്ദരൻ എന്നും വിനായകൻ-ഗണപതി-ഉത്തമരാജാവു എന്നും ഗൌരക്ഷ്മാധരം-കൈലാസം-പ്രാകാരം കോട്ട.

അന്തൎമ്മുത്തൂടയ പയോധിസൎവ്വകാലം
സ്വന്തംശ്രീസുതയെ നിരീക്ഷചെയ്യുവാനോ
പൊന്തൽകന്മതിലിനടുത്തുതത്ര പാൎത്തു
ചന്തംപൂണ്ടമൃതനിഭാംബുഖേയമായി. 10.

വല്ലാതേകുഴിയെഴുമാക്കിടങ്ങിലെപ്പാൽ—
ക്കല്ല്യാംഭസ്സിനുനടുവിങ്കൽമുക്കുവന്മാർ
നല്ലാർകൺനിരയെനിരീക്ഷചെയ്തമൂലം
നില്ലാതേഝഷനിനവേററുവീശിജാലം. 11.

ഓരോജാതികളിലുമുള്ളനൈജധൎമ്മം
നേരോടാകൃതിയെവഹിച്ചമൎത്ത്യരെല്ലാം
പേരോലുന്നവിടെരതിപ്രിയത്വമൊപ്പം
സാരോദൃത്തനുരുചികൊണ്ടുബോദ്ധ്യമാക്കി. 12.

ചേലേറുംപടിരതിശാസ്ത്രബോധമേശും
നീലേന്ദീവരനയനാളിതൻവിലാസം
ചാലേമന്മഥബലവൎണ്ണനപ്രഭാവ—
ത്താലേ ഹാ!വിജയമെടുത്തിതങ്ങുമേന്മേൽ. 13.

ജീവസ്സേറിയപലചിത്രമുള്ളവീട്ടിൻ
പൂവൽഭിത്തികളിൽവിലോലദൃഷ്ടിയേല്ക്കേ
ഹ്രീവൎദ്ധിച്ചവിടെയഥേപ്സിതംനവോഢാ
സ്ത്രീവൎഗ്ഗംപ്രിയധവനെപ്പുണൎന്നുമില്ല. 14.

---

10. ശ്രീസുത-ലക്ഷ്മി-ഖേയം-കിടങ്ങ. 11. കല്യാംഭസ്സ-നല്ലവെള്ളം ഝഷം മത്സ്യം ജാലം- വല- കപടം 12. രതിപ്രിയത്വം-കാമദേവത്വംലീലാരതത്വം തന്നുരുചി-ദേഹകാന്തി മന്ദോത്സാഹം എന്നും. 13. രതിശാസ്ത്രം - ലീലാവിധി 14. വിലോലദൃഷ്ടി ഇളകുന്ന കണ്ണ് ഹ്രീ- ലജ്ജ- നവോഢ ഭൎത്തൃസംഗമത്തിൽ പരിചയം കുറഞ്ഞവൾ ധവൻ കാന്തൻ എന്നും ധവ- പുമാൻ നരേധൂൎത്തേ പവ്യൈത്യൗ ക്ഷാന്തരേപിച-മേദിനി

വാരഞ്ചുംശയനഗൃഹസ്ഥദീപമങ്ങാ—
നേരത്തൊട്ടുഴറിഹഠാൽക്കെടുത്തിയാലും
ശ്രീരത്നച്ഛമരൊളിമുഗ്ദ്ധകൾക്കലജ്ജാ—
ഭാരത്തെപ്പ്രിയരതിയിൽസ്വയംപുലർത്തി. 15.

സ്വൈരം വീടണിമണി കുട്ടിമങ്ങളിൽക്ക—
ണ്ടാളല്പേതരശുഭകോടികേതനാഗ്രം
നേരറ്റുള്ളവിടെവിരാജമാനപുണ്യ
ശ്രീരക്ഷാഫണിഗണശങ്കയെക്കൊടുത്തു. 16.

ഭാരപ്പോർത്തകൃതികുലുക്കിമൈതളങ്ങൾ—
പ്പൂരഞ്ജിച്ചറയിലെമെത്തയിൽകിടക്കെ
നീരഭ്രാപഗയൊടുനേടിവന്നുകാററാ—
പ്പാരമ്പുംമിഥുനജനത്തെവീശിനിത്യം. 17.

ലീലാലാലസതരുണീഗണംഗൃഹത്തിൽ
മേലാളുംവളഭിയിലങ്ങുവിഭ്രമത്താൽ
സ്ഥൂലാഭംവിധുവിനുപൂർണ്ണഭാവമേകി
ചേലായ്ത്തൻമുഖരുചിമാർഗ്ഗമന്തിതോറും. 18.

സ്ഫീതപ്രാഭവമെഴുമസ്ഥലത്തിലെസ്സം—
ജാതപ്രോജ്വലപരിശുദ്ധസത്വഭാസ്സാൽ
ഭീതങ്കിക്കലുഷതമസ്സരംകരീന്ദ്ര
വ്രാതത്തിന്നഭിധശരിക്കെടുത്തുപോലും. 19.

15 മുഗ്ദ്ധ–സുന്ദരി 'നവോഢ എന്നും 16. കുട്ടിമം–തറ–കേതനം–കൊടിമരം ഫണി പാമ്പു (ശ്രീ സമ്പത്തു നിധി) നിധിയുടെ അടുക്കൽ സർപ്പം ഉണ്ടാവുമത്രെ, 17, അഭ്രാപഗ — ആകാശഗംഗ മിഥുനജ്ജനം ദമ്പതികൾ 18. ലാലസകൾ ആഗ്രഹമുള്ളവർ വളഭി ചുമരിന്മേൽ പുലിമുഖം മുതലായവ വളയ്ക്കുവാൻ വേണ്ടി വയ്ക്കുന്ന വളമരം 19. സ്ഫീതം വളരെ ശുദ്ധം വെളുപ്പു കറയററതു എന്നും ശുദ്ധഃ ശുക്ലേവപൂതേചകേവലേച പ്രപൂജ്യതേ ധരണി സത്വം ദ്രവ്യം സത്വഗുണം എന്നും കലുഷം പാപം ചീത്ത എന്നും തമസ്സുഇരിട്ടു തമോഗുണം, കരി ആന

ശോണാശ്മാലയരുചിപറുമല്പനായു—
ള്ളേണാങ്കൻതടവിനവിണ്ണുതത്രരാവിൽ
കാണായീപെരുതുതുടുത്തചോരചേരും
ക്ഷീണാംഗൻദനുജവരൻറമാറിനൊപ്പം. 20.

ശ്രീരമ്യോന്നതവിധുവിൻറവത്സബന്ധം
സ്വൈരംകൈവരികനിമിത്തമായിരിക്കാം
നേരററാക്ഷിതിവധുസന്മണിപ്രകാശം
പാരംകൌതുകകരമായ് വഹിച്ചിതെന്നും. 21.

പ്രാസാദോപരിയവിടെപ്പതിഞ്ഞരാജൽ
ബ് ഭാസാഢ്യഗ്രഹപതിമണ്ഡലംനിതാന്തം
ഹാ!സാമ്യാൽക്കനകഘടഭ്രമത്തെനൽകീ
ധീസാരംതടവിനകുംഭികൾക്കുമൊപ്പം. 22.

പ്രത്യക്ഷംപ്രകലിതഗോസ്വരൂപമോട—
ങ്ങത്യന്തംവിലസിനസാധുവൃത്തിതന്നിൽ
നിത്യംസംഗമിതവൃഷംമുറയ്ക്കുലോക—
സ്തുത്യഹ്പ്രതിനവകേളിശക്തികൂട്ടി. 23.

ചേലോലുംനിലവരുമാറുഹംസവീര
ന്നാലോകംപ്രതിദിനമുത്ഭവിക്കകൊണ്ടോ
ശ്രീലോലസ്ഥിതികലരാതെതത്രമിന്നീ-
ശീലോദാരതയൊടുപത്മിനീസമൂഹം. 24.

---

20. ശോണാശ്മം ചുവന്ന മണി ഏണാങ്കൻ ചന്ദ്രൻ വിണ്ണ് അകാശം ദനുജവരൻ-പ്രഹ്ളാദൻെറ അച്ഛൻ.

21. വിധു. വിഷ്ണു ചന്ദ്രൻ എന്നും വിധുശ്ശശാങ്കേ കർപ്പൂരേ ഹൃഷീകേശേച രാക്ഷസേ വിശ്വം വത്സബന്ധം മാറിൻെറ (കുട്ടിയുടെ) ചേർച്ച=സന്മണി കൌസ്തുഭം എന്നും

22. പ്രാസാദം മാളിക ഗ്രഹപതി ആദിത്യൻ

23. ഗോവു പശു യാഗഭേദമെന്നും സാധുവൃത്തി സൽകർമ്മം വൃഷം കാള പുണ്യം എന്നും കേളി രതി കീർത്തി എന്നും

24. ഹംസം അരയന്നം ആദിത്യൻ എന്നും രാജാവു എന്നും ശീലം സ്വഭാവം നല്ല നടവടി എന്നും പത്മിനി താമരപ്പൊയ്ക ഉത്തമസ്ത്രീ എന്നും പത്മിനീ യോഷി ദന്തരേ അബ് ജേബ് ജിനീ സരസ്യാഞ്ച ഹൈമൻ

ജ്ഞാനത്താലവിടെമനുഷ്യവൎഗ്ഗമെല്ലാ-
മൂനംവിട്ടുരുസുമനോമഹത്വമൊപ്പം
സാനന്ദംകരഗതമാക്കിമാന്യവൃദ്ധ
സ്ഥാനംബാലതയിലനന്യമട്ടുപൂകി. 25.

പാരംതാഴ്ന്നാരുഗതിയൊത്തു ചഞ്ചലാല-
ങ്കാരംപൂണ്ടവിരളദാനവാരിതൂകി
നേരായ് മിന്നിനമുകിലാഗ്രഗോപുരസ്ഥ-
ന്മാരാംമൎത്ത്യരിലിഭശങ്കതത്ര ചേൎത്തു. 26.

ശീതാംശൂപലമനുരാത്രമഞ്ചിതാബ്ജ-
ശ്രീതാവിപ്രഗളിതമാംപയഃപ്രവാഹാൽ
സ്ഫീതാക്കോജ്ജ്വലിതതപസ്സിലുംതടാകം
പൂതാംഭോമഹിമയെന്യൂനമങ്ങുകാട്ടി. 27.

ഹേമന്തത്തുവിലവിടെപ്പുരന്ധ്രിമാർതൻ
ധാമങ്ങൾക്കകമണിയുംഹസന്തികാളി
കാമൻശങ്കരവിജയാൎത്ഥമാവഹിച്ചു-
ള്ളോമൽതീമിഴികളെവേഗമോൎമ്മയാക്കി. 28.

പ്രീണിക്കുംപടിവരവാപിസഞ്ചയത്തിൻ
മാണിക്യപ്പടവുകളിൽച്ചരിച്ചകോകം
കേണില്ലാവിരഹമുദിക്കയാൽസ്വവീൎയ്യം
ക്ഷീണച്ചിങ്ങഹഹ തിലപ്രമാണമെന്തോ. 29.

---

25. ചഞ്ചല ഇടിമിന്നൽ ലക്ഷ്മി എന്നും ചഞ്ചലാതു തഡി ല്ലക്ഷ്മ്യാശ്ചഞ്ചല. കാമേകനിലേ. മേദിനി. ദാനം മദജലം എന്നും ഇഭം ആന.

26. ശീതാംശൂപലം ചന്ദ്രകാന്തക്കല്ലു അബ്ജശ്രീ നിലാവു പ്രവാഹം ഒഴുക്കുത്തു പ്രവാഹോത്സർഥരോധരഃ അമരം

28. പുരന്ധ്രിമാർ സ്ത്രീകൾ ഹസന്തികാളി തീച്ചട്ടികൾ.

29. വാപി കുളം വാപ്യാം വാപിരിപീസ്മൃതാം എന്നുണ്ടു് കോകം ചക്രവാകം 30 ഗന്ധൎവ്വൻ ദേവയോനി വിശേഷം കുതിര എന്നും

പേർവാസ്ഥംപ്രകൃതപുരീമഹേളതൻതൽ
ദ്ദൈവാധീനതപിടിപെട്ടമൂലമാകാം
വേർവാടററഖിലഗുണപ്രശസ്തഗന്ധ-
ർവ്വാവാസംശരിവരെവന്നിതസ്ഥലത്തിൽ. 30.

ശാലാന്തസ്ഥിതലഘുകുട്ടിമാവലംബം
ചേലായ്ക്കോലിനപല പൂവിനംപ്രഭാതേ
ബാലാർക്കോദയസുഷമാഹതർക്ഷജാലം
പോലാവിശ്രുതനഗരത്തിലുല്ലസിച്ചു. 31.

ഏതാദൃക്കവിവിധവിശേഷവൈഭവത്താ=
ലേതാണ്ടുംസമതപെടാതുയർന്നമന്ദം
ശ്വേതാബ്ജപ്രഥയെവളർത്തിയബ്ധികാഞ്ചീ-
മാതാവിൻതൊട്ടുകുറിപോലതേറെമിന്നീ. 32.

ആമന്നിന്നഴകിനഭൂഷണംകണക്കെ
ത്തുമഞ്ജുപ്രകൃതിഗുണിക്ഷിതീശനേകൻ
ക്ഷേമത്തോടവിരതമഞ്ചുരാജ്യരക്ഷാ=
സാമർത്ഥ്യംപ്രകടിതമാക്കിവാണുമന്നം. 33.

കേമത്തംവഴിശരിയാംനരേന്ദ്രനായി
ക്കാമംമൈതടവിനപൌരുഷംകണക്കെ
ത്തുമപ്പെട്ടഖിലജനസ്തവത്തൊടൊത്തു=
ള്ളാമന്നൻസുരുചിരസാർത്ഥഭാസ്കരാഖ്യൻ. 34.

---

31. ശാല ഗൃഹം ഋക്ഷം നക്ഷത്രം

32. അബ്ജൻ ചന്ദ്രൻ എന്നും അബ്ജോസ്ത്രീ ശംഖേനാനി യുഗോധന്വന്തരൌ മഹിമകെ'രണേക്ളീബം പത്മേ. വിശ്വഃ

അക്കല്യപ്രഭുവിനെഴുംപ്രതാപമാംന=
ല്ലൎക്കൻസന്തതമൊരുപോൽജ്വലിക്കമൂലം
ദിക്കമ്പെച്ച്യുതതിമിരാഭമായ്ജ്ജനത്തി=
ന്നുൾക്കണ്ണുംശുഭരുചിഃനടിതത്രമേന്മേൽ. 35.

വാരാണ്ടുള്ളസിലതയാലവൻമുറിച്ചി=
ട്ടോരാശ്ശാത്രവരുടെഹസ്തിദന്തപംക്തി
പോരാട്ടംഭുവിവിലസീ തദീയകീൎത്തി
ക്ഷ്മാതട്ടിൻപരിഗളിതാങ്കുരങ്ങൾപോലെ. 36.

ഘോരാരിദ്വിരദശിരസ്ഥലീസമുദ്യ-
ദ്ധാരാലംബിതതനുവാൎന്നവൻറഖൾഗം
പാരാതേതടരിലുമൊപ്പമൊത്തപല്ലോ=
ത്താരാജിപ്പൊരുയമജിഹ്വപോലെമിന്നി. 37

പ്രേമത്തെപ്പെരുതുവരുത്തുമാറുകാഷ്ഠാ
സ്ത്രീമദ്ധ്യേമരുവുമവൻറസദ്യശസ്സാൽ
ആമഞ്ജുദ്യുതികരണാതിദാക്ഷ്യമോലും
സോമങ്കൽകൊതിഹ ഹ ലോകമേന്തിയില്ല. 38.

സ്വാന്തംക്ഷത്രിയതയെവേണ്ടമാതിരിക്ക=
ത്ത്യന്തംവിസ്ഫുടതനുവൃത്തികൊണ്ടുചൊല്ലി
അന്തസ്സിന്നനുസരണംവസിച്ചഭൂഭൃൽ=
സന്തത്യഗ്രിമനവനാൎയ്യവംശ്യനത്രേ. 39.

---

35. തിമിരം നേത്രരോഗമെന്നും. തിമിരം ധ്വാന്തേ നേത്രാമയാന്തരേ—മേദിനി രുചി ആഗ്രഹം കാന്തി എന്നും

36. അസി—വാൾ ശാത്രവർ—ശത്രുക്കൾ ഹസ്തി—ആന ക്ഷ്മാരാട്ടു വൃക്ഷം അങ്കുരം—മുള.

37. അരി—ശത്രു ദ്വിരദം—ആന ഹാരം—മുത്തു ജിഹ്വ—നാക്കു 38 കാഷ്ഠ—ദിക്കു ദാക്ഷ്യം—സാമൎത്ഥ്യം 39. ആൎയ്യൻ—ശ്രേഷ്ഠൻ തൻറെ കാൎയ്യത്തിന്നു ദോഷം വരാതെ അന്യന്നു ഗുണം ചെയ്യുന്നവനാണ് ആൎയ്യൻ എന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്

ദാനംകൈക്കഥചെവികൾക്കുസൂക്തമീശ-
ധ്യാനംതൻകരളിനിതൊക്കെനിത്യമൊപ്പം
ഹീനത്വംനിലയിലുമാർന്നിടാതെന്നല്ലോ-
രാനന്ദോത്സുകനവനൊക്കമാറണിഞ്ഞു. 40.

ചേലറാശ്രിതനരർകാടർപോലെവീഴും
ജാലത്തിൽചെറുതുമകപ്പെടാതെഭംഗ്യാ
കാലത്തെജ്ഝടിതിനയിച്ചിതമ്മഹാൻവീ-
താലസ്യംഹരിസദൃശംസ്വതന്ത്രനായി 41.

ആരാജോത്തമനു തദീയദൈവതത്ത
ശ്രീരാമോചിത ഗുണസങ്കരംസമസ്തം
നേരായ് വന്നൊരുമകളുത്ഭവിച്ചദോഷം
ചേരാതാത്മജതയെവാസ്തവപ്പെടുത്തി. 42.

ത്തുമന്ദസ്മിതമയമാംനിലാവുകോലു-
ന്നാമഞ്ജുപ്രിയസുതതൻമുഖേന്ദുതന്നെ
പ്രേമത്തോടവനഥകണ്ടുനിത്യമെന്നാൽ
ക്കാമം ഹാ വികസിതമായ് തദക്ഷിപത്മം. 43.

ശ്യാമാവസ്ഥയിലണയാതെമോഹനീയ-
ശ്യാമാകാരതയൊടുമിന്നുമാത്മജസ്ഥായ്
ധീമൽബ് ഭാസ്കരനൃവരൻമൂസ്കദുർഗ്ഗാ-
നാമത്തെസ്വയമരുളിസുതൃപ്തിപൂർവ്വം. 44.

---

42. രാജാവു—ക്ഷത്രിയൻ രാജാപ്രഭൌച നൃപതൌ ക്ഷത്രിയേ രജനിപതൌയക്ഷേ ശക്രേച പുംസിസ്യാൽ മേദിനീ.

44. ശ്യാമാ—യൌവ്വനമദ്ധ്യസ്ഥശ്യാമാസോമലതാനിശോഃ ശാരിബാവൽ ഗുലീഗുന്ദ്രാത്രിവൃൽ കൃഷ്ണാപ്രിയം ഗുഷ്ഠ അപ്രസൂതസ്ത്രീയാം നീല്യ ച്യം—അനേകാർത്ഥസംഗ്രഹം

ആലക്ഷിപ്പവരുടെകണ്ണവൎണ്ണ്യതേജ-
സ്സാലഞ്ചിച്ചെഴുമവളാശ്ശുലോകതൃപ്തി
മാലററഞ്ചിതശരദിന്ദുലക്ഷ്മിയാളെ-
പ്പോലഗ്ര്യപ്രകൃതിവിശേഷമൊത്തുയൎത്തി. 45.

വാരുററുള്ളരമണികാഞ്ചിനന്മപാരം
ചേരുംപൊൻതളവളമോതിരങ്ങളേവം
ചാരുശ്രീകരബഹുഭൂഷണാളിചാൎത്തി
പ്പോരുന്നാപ്രഭുസുത സൎവ്വരമ്യതന്നെ. 46.

നാലഞ്ചാറടികൾനടന്നുമന്ദമന്ദം
കാലഞ്ചാതിടറിമറിഞ്ഞുതാഴെവീണും
പാലഞ്ചുംമൊഴികളവൎണ്ണമായുരച്ചും
ബാലപ്പൂൺപുഢുപകലോപമംവളൎന്നു. 47.

സാമൎത്ഥ്യത്തൊടുമവൾകൊച്ചുകയ്യുകൊണ്ടാ
ക്ഷേമൻമന്നവനുടെതാടിയിൽപിടിച്ചും
കാമംതൽസുഭഗമുഖംകുറച്ചുയൎത്തി
പ്രേമത്താൽജ്ജനകനുചുംബനംകൊടുത്തും. 48.

ആശിച്ചുംകളികളിലങ്ങുമിങ്ങുമോടി
ക്ലേശിച്ചുംപൊടികളണിഞ്ഞുകണ്ടമാനം
പേശിക്കൊണ്ടരചമനസ്സിളക്കിയങ്കേ
വേശിച്ചുംതെരുതെരെനാൾനയിച്ചുതൃപ്ത്യാ 49.

45. തേജസ്സ്—ശോഭ—തേജോധാമ്‌നി പരാക്രമേ പ്രഭാവരേതസോശ്ച—വിശംാം—അഗ്ര്യപ്രകൃതി—ശ്രേഷ്ഠസ്വഭാവം

46. വാര്—ഭംഗി—ഉററ—ചേൎന്ന (ഭൂഷണം—അലങ്കാരം പ്രഭു, ഭാസ്കരവർമ്മമന്റെ) സുത—ദുൎഗ്ഗാവതി (ഇതിലെ നായിക)

കൌമാരാക്രമണമവൾക്കുദിക്കവേ നൽ
പ്രേമാർദ്രൻനൃപനവളെപ്പഠിപ്പിനായി
ധീമാൻസൽഗ്ഗുരുവിനടുക്കലാക്കിവേഗം
കാമാലായത്തുനിറവേററിയക്കുമാരി. 50.

സാരാത്മാവവൾപലകാവ്യനാടകാല-
ങ്കാരാദ്യുത്തമതരപുസ്തകവ്രജത്തിൽ
ധാരാളംപരിചയമൊട്ടുവാസരംകൊ-
ണ്ടാരാലുംഝടിതിപുകഴ്ത്തുമാറുനേടി. 51.

ആജന്മപ്രകലിതവാസനാബലത്താ-
ലോജസ്സേററുരപെറുമാസ്സുരാജപുത്രി
ഭ്രാജത്താംസൽഗ്ഗുരുകുലത്തിനൊത്തപേത
വ്യാജംക്കൂട്ടുതലറിവാക്കിയുദ്ധകർമ്മം. 52.

കേമത്തംബഹുവിധമാർഗ്ഗമായുദിച്ചാ-
ത്തൈമങ്കക്കുടയൊരുശീലവുംവചസ്സും
വൃമെയ്യിൻപടിമധുരംകലർന്നതാണ-
ക്ഷാമംധീസ്ഥിതികടുവീര്യമുള്ളതുംതാൻ. 53.

അക്കാതുകുത്തലുമുട്ടത്തുതുടങ്ങലുംകേ-
ടൊക്കാതെചൌളവുമതാതിനുവേണ്ടകാലേ
ശുഷ്കാന്തിപൂണ്ടുനിറവേററിനൃപൻമകൾക്കു
നിഷ്കാമമായ്ഗ്ഗുണപതിക്കിടലുംയഥാർഹം. 54.

---

52. ഓജസ്സ—ബലം—ഓജോദീപ്താവവഷ്ടംഭേ പ്രകാശ ബലയോരപി—മേദിനി. ഗുരു—അക്ഷരനും വിദ്യ പഠിപ്പിച്ചവനും

ജ്ഞാനംസൌന്ദൎയ്യമഗ്ര്യപ്രകൃതിവചനമോ
ജസ്സിതെല്ലാംശരിക്കു=
ന്ന്യൂനംകൈവന്നൊരാബ് ഭാസ്കരനൃപതനയ
യ്ക്കുള്ളകീൎത്ത്യാളിയോടേ
പിനശ്രീശക്തികോലുംഭുവനവിദിതമാം
യൌവ്വനത്തിങ്കലേയ്ക്കായ്
സാനന്ദംസൽപ്രഭുത്വംതടവിയവൾപതു
ക്കെപ്പതുക്കെക്കടന്നു. 55.

## രണ്ടാം സൎഗ്ഗം.

പരിചുള്ളശൈശവവയസ്യയെത്ത്യജി
ച്ചരിയോരുതാരുണിയൊടൊത്തിടുംവിധൌ
ഹരിതാമമാറിവിളയാടിനൂനമാ
ഹരിണാക്ഷിതൻപ്രകൃതിയുംശരീരവും. 1.

ചപലാനുഷംഗതയെവിട്ടിരിപ്പുഞാൻ
സപദിസ്വയംതനുവിലേയ്ക്കതേല്ക്കിലും
അപശങ്കമേവമരുളിത്തുടൎന്നിതാ
നൃപപുത്രിയാളുടെസുശീലമപ്പൊഴേ. 2.

2. ചപലം-എളക്കം. ഇതു സ്ത്രീലിംഗമായാൽ ലക്ഷ്മി__പും ശ്ചലി എന്നും. ചപലാകമലാവിദ്യുൽ പുംശ്ചലീ പിപ്പലിഷുചന വും സകന്ദുശിഘ്രേസ്യാൽ വാച്യ്യവൽതരളേ ചലേ. മേദിനി.

പലമട്ടവൎക്കകരളിൽബ്ഭവിച്ചനി-
ൎമ്മലബോധവൃത്തിയുടെ ചിഹ്നമാകുമോ?
ബലവൈഭവത്തൊടെഴുമാസ്സുകന്യതൻ
നില കേവലംസകലലോകവശ്യമായ്. 3.

മതിനിത്യവുംതന്നതധീനമായിനി
ല്പതിനോതദീയനവയൌവ്വനംതദാ
അതിമാത്രചാരുസരസത്രപാളിയെ
ക്കൊതിയോടുകൂടിയവളിൽക്കലൎത്തിതേ. 4.

സ്ഫുരിതാന്തരസ്ഥിതിയവൎക്കനേകമാ-
തിരിയായതിങ്ങനെമുറച്ചുബാഹ്യമായ്
ത്വരിതംഭവിച്ചതിനിയെൻകെല്പിനൊ
ത്തുരിയാടിടാംവിശദമെട്ടിലേഷഞാൻ. 5.

വടിവോടുകാലടിതൊട്ടുംചുരുണ്ടവാർ
മുടിയിങ്കലെദ്ദ്യുതിഗുണംവിശേഷമാം
പടിപെട്ടപൂൎവ്വദുരിതംതദീയമ
പ്പടിതൽപ്രകാശകപടാൽസ്ഫുരിച്ചിതോ? 6.

മതിശക്തിമൂലമവളോടടുത്തിട്ട
ന്നതിനൊത്തിടാഞ്ഞഴലെഴുംതമസ്സഹോ
സ്തുതിയിൽതെളിഞ്ഞപരമേഷ്ഠിയാൽധ്രുവം
കൊതിനേടിയോ രുചിരകേശരൂപമായ്. 7.

---

4. മതി—ബുദ്ധി—ഓൎമ്മ എന്നും ത്രപ—ലജ്ജ ആയ ആളി—സഖി

7. മതി—ബുദ്ധി—ചന്ദ്രൻ എന്നും ശക്തി-സാമൎത്ഥ്യം എന്നും തമസ്സ—ഇരുട്ട തമോഗുണം—പരമേഷ്ഠി—ബ്രഹ്മാവു

നിലവിട്ടതന്നുടെരസത്തികപ്പിനാ-
ലലസാതുരഭ്രമരസങ്കരത്തിനെ
തലയിൽദിവാനിശമണിഞ്ഞിരിക്കയാം
നലമുള്ളകൂന്തൽവഴിയാസ്സുപത്മിനി. 8.

സ്വമതിസ്ഥിതാഗ്ര്യശുചിശക്തിപെററതാം
വിമലാല്പസന്തതികളെന്നപോലവെ
കമനീയമായിവിളയാടിനല്ലൊരാ
ക്കമലാക്ഷിയാളിലളകാളിസാമ്പ്രതം. 9.

നിയതംശിവാഭയൊടു ചണ്ഡികാപദം
കയറിത്തെളിഞ്ഞൊരവളാൎയ്യയാകയോ?
സ്വയമുല്ലസിച്ചചെറുതിങ്കളെന്നുമാ
ക്കയൽനേത്രയിൽസുഭഗഫാലകൈതവാൽ. 10.

പരമാസ്യലക്ഷ്മിനീടിലപ്രശസ്തച
ത്വരസീമ്നിമോടിയുടെമേളനത്തിനായ്
സരസംപടത്തിയ ലതസ്സുതുല്യമാ
വരഗാത്രിതൻെറകുനുചില്ലിമിന്നിതേ. 11.

ചെവിയോടടുപ്പനിലനേടിനിന്ന തൽ
ബ്ഭവികം ശിയാളുടെമനോഹരാക്ഷികൾ
അവിതൎക്കമായ് പ്രകൃതപത്മിനീലസൽ
സുവിസപ്രസൂനയുഗമാണുകേവലം. 12.

---

8. രസം—വെള്ളം—ശൃംഗാരം എന്നും ഭ്രമരം—വണ്ട്—കാമുകൻ എന്നും ഭ്രമരഃ കാമുകേ ഭൃംഗേ. മേദിനി

9. ശുചി—ശുദ്ധി എന്നും വെണ്മ എന്നും ശൃംഗാരം എന്നും ശക്തി—ദേവത (അൎത്ഥാൽലക്ഷ്മി) എന്നും

10. ശിവാഭ—മംഗള (ശിവൻെറ) കാന്തി. ചണ്ഡിക—ഭഗവതി—കോപനശില എന്നും ആൎയ്യ—പാൎവ്വതി എന്നും

11. ചത്വരം—മിററം. 12. വിസപ്രസൂനം—താമരപ്പൂവു

സ്വമനസ്സിനെപ്രഥമമായിട്ടുരസം
ക്രമമെന്നിയേദൃഢമടക്കിവെച്ചതായ്
ഭ്രമമുള്ള പാംഗഘലനകാന്തിയാലെയാ
ക്കമനീലലാമമറിവാക്കിമേല്ക്കുമേൽ. 13.

സരസീരുഹാസനനനേകജാതിയായ്
ത്തിരളുന്നതന്റെ പണികൾക്കിടയ്ക്കഹോ
ത്വരയാൽപ്പിഴച്ചൊരുശുകിക്കവേണ്ടസു
ന്ദരനാസയെസ്ഫുടമവൾക്കു നൽകിയോ? 14.

സ്മിതചാമരം നയനക്കോണമാമുദം
ഞ്ചിതതാലവൃന്തമിവചേർന്നങ്ങളം
സ്ഥിതനായിവീരകുസുമേഷുനായകൻ
ഹിതമോടുമാത്തരുണിതൻമുഖാസനേ. 15.

അമലപ്രസന്നമുഖിയാമവൾക്കെഴും
സുമഹത്തരാരുണമനോഹരാധരം
സമമായ് സമസ്തതരുണാളിരാഗമ
ക്രമമാഹരിച്ചതുംവെളിപ്പെടുത്തിയോ?. 16.

കിടവിട്ടതൽക്കമനിതൻമനോജ്ഞത=
സ്ഫുടമാംമുഖത്തെയൊരുനോക്കുകാൺകിലോ
തടവില്ലുഷൾപദചകോരപക്ഷികൾ
ക്കടന്നമ്പ് ജശങ്കപുലരാതിരുന്നിടാ. 17.

---

14. ത്വര—പരിഭ്രമം ശുകി—തത്ത

15. താലവൃന്തം— വിശറി കുസുമേഷു,നായകൻ—കാമനാകുന്ന രാജാവു

16. രാഗം—അനുരാഗം.

കമനീയമായ് തെളിമചേൎന്നമിന്നിയാ
ക്കമലേക്ഷണാസ്യവിധുതന്നെയല്ലയോ
ക്രമമററുപൊന്തുമിനതാപശക്തിയെ
ശ്രമമേശിടാതനുദിനംകളഞ്ഞുതേ. 18.

പ്രമദാഭിലാഷകരഹൃദ്യവാക്യമാ
പ്രമദാളിമാലികപൊഴിക്കചിത്രമോ
ഹിമരശ്മിതന്നിലമൃതംവിശിഷ്ടമാം
സുമനസ്സിൽനന്മവുമുണ്ടുകേവലം 19.

ലലനാവിഭൂഷണമവൾക്കെഴുംസുദൃൿ
ജ്ജലഭൃത്തുതിത്തരസവൃഷ്ടികാരണം
മലവിട്ടിറങ്ങുമിരുപാമ്പിനൊപ്പമായ്
വിലസീതദീയഭുജയുഗ്മമുജ്ജ്വലം. 20.

ഇടതിങ്ങുമാറുപെരുകിത്തിരക്കൊട്ടൽ-
ക്കടമങ്ങുമിങ്ങുമൊരുപോലെതങ്ങളിൽ
അടരാടിനിത്യമവൾതൻകനത്ത മാ-
റിടമാൎന്നപോർമുലസമത്വമററതാം. 21.

നലമോലുമായുവതിവാപിപുക്കൊരു-
ജ്ജ്വലമാംരസത്തിൽനവയൌവ്വനദ്വിപം
പലകേളിചെയ്കതിനിടയ്ക്കുകാട്ടിടും
തലതന്നയോപരമവൾക്കെഴുംസ്തനം. 22.

---

18. വിധു—രാക്ഷസൻ (അത്ഥാൎരാഹു) ഇനൻ—സൂൎയ്യൻ പ്രഭ, എന്നും താപം—ചൂടു ദുഃഖം എന്നും ദിനം—പകൽ

20. ദൃക്ക്—കണ്ണ്—ജലഭൃത്തു—മേഘം രസം വീൎയ്യം എന്നും വൃഷ്ടി—മഴ

22. യുവതി—യൂനി എന്നു രണ്ടു പാഠഭേദങ്ങളെക്കൂടി മഹേശ്വരൻ കാണിച്ചിരിയ്ക്കുന്നു,

സ്മരണീയശൈശവജയത്തിന്റല്പൂട
സ്മരദഗ്ര്യതാരുണിയെടുത്തഖൾഗമായ്
കരളിങ്കലാക്കമെനിയാൾക്കെഴുംമനോ
ഹരരോമരാജിയെനിനച്ചപോംധ്രുവം 28.

മതിമോഹനീയഘനകാന്തിയെപ്രജാ
പതിയാഹരിച്ചൊരബലാകളേബരം
പ്രതികർമ്മഭംഗിയൊടുതീർത്തപോലെയാ
സ്സതിയിൽസ്ഫുരിച്ചമണിമൈനിറംസ്ഫുടം 24.

അവൾതൻമനോജ്ഞചരണാഗ്രദർശനാൽ
നവമായിപത്മമുരുരാഗമേന്തിയോ
പ്രവരപ്രഭാവമൊടുപത്മരാഗമി
ബ് ഭുവനത്തിൽവിസ്മയകരംഭവിച്ചതേ 25.

രതിയെസപത്നപഗുണവൈഭവത്തിനാൽ
പ്പതിരാക്കിയുള്ളവളൊടമ്മസസ്മിതം
ശ്രുതികൾക്കസൌഖ്യമുളവാകുമാറുസൽ
സ്തുതിയോഗ്യവാക്കചിലതോതിയേകദാ 26.

മകളേ!നിനക്കവളരുംശരീരകൌ-
തുകമൊത്തുഷോഡശവയസ്സമങ്ങനെ
അകളങ്കയൌവ്വനദശാപ്രകാശവും
തികവായിമുൻപ്രകൃതിപോയിടുംവിധം 27.

---

24. പ്രജാപതി—ബ്രഹ്മാവു. പ്രതികാര്യം—അലങ്കാരജനതമായ ശോഭ. മണി—ഇന്ദ്രനീലക്കല്ലു.

27. കൌതുകം—ഭംഗി.

ഇനിനിന്നെഞങ്ങൾവരനോടുകൂടിന-
ന്ദിനികണ്ടിടേണ്ടശുഭകാലമായിതേ
ജനികൊണ്ടെഴുംഫലമെടുപ്പതിന്നുതാൻ
തനിയേകൊതിക്കുമിവിടെജ്ജനവ്രജം 28.

മരിയാദപോലെമഹിഷീപദത്തിൽനീ
പരിതാപമററരുൾകിലുംസ്വവൃത്തിയെ
ശരിയായ്നിനച്ചവിരതംനടത്തണം
പരിചേറിയുള്ളമമപൊന്നുപൈതലേ! 29.

അതിലെന്നിയേപുലരുകില്ല ചിത്തനി
വ്വൃതിബന്ധമാക്കുമതുമൂലഃമാമനേ!
പ്രതിപത്തിതോന്നണമകമ്പമായ് നിന
ക്കെതിരറെറാരാമഹിതധർമ്മവൃത്തിയിൻ 30.

ഗളിതാഘനാംനൃപവരേണ്യനാണുമെ-
യ്യൊളികോലുമെൻറധവനെന്നു നീ വൃഥാ
ഞെളിയാൻതുടങ്ങരുതുനിന്നിലുള്ളൊര-
മ്പിളിവെൺപുകൾക്കതിർനിറംകറുത്തുപോം 31.

കളിവിട്ടൊതുങ്ങിയനിലയ്ക്കിരുന്നക
ക്കുളിരേകിടുന്നവചനാദിയാലെനീ
വെളിവാക്കണംതവപതിക്കെഴുംഗുരു-
ക്കളിലൊപ്പമാത്മബഹുമാനഭക്തികൾ 32.

---

28. ഫലം—പ്രയോജനം.

29. വൃത്തി— പ്രവൃത്തി എന്നും വൃത്തിർവ്വിവരണേജീവ്യേ കൈശിക്യാദിഷുചേഷ്ട്യതേവിശപം.

32, ഗുരുക്കൾ—അച്ഛൻ അമ്മ മുതലായവർ.

അതുപോലെതന്നെവിമലേ!നിനക്കുവേ-
ണ്ടതുനിൻസപത്നികളെയാളിമാർവിധം
കുതുകത്തൊടോർത്തുപെരുമാറലാണതിൽ
ച്ചതുരത്വമുള്ളൊരുവളാവുകില്ലിനി 33.

അനവദ്യശീലനിധികൈവിടായ്ക നീ
വിനയപ്രശാന്തതകദാപികാണിയും
മനസിസ്വയംകരുണയോവരേണമ-
ഞ്ചിനനിന്റെഭൃത്യരൊടുനിത്യമൊപ്പമേ 34.

വരനാണുതന്നുടെമിഴിക്കുകാണുമീ-
ശ്വരനെന്നചിന്തയൊടുകൂടിമേല്ക്കുമേൽ
സ്ഥിരബുദ്ധിശാലിനി!ഭജിക്കനന്മകൊ-
ണ്ടുരപേറുമാപ്പുരുഷനെഗ്ഗതാഘയായ് 35.

ഒരുലേശമപ്രിയമവന്നണച്ചുപോ-
കരുതൊന്നുകൊണ്ടുമനഘപ്രിയാത്മജേ!
പുരുദോഷമായ് വരുമുടൻനിനക്കുമാൽ
പെരുകുംപടിക്കതുമനസ്സിലാക്കനീ 36.

പ്രണയാതിരേകമുളവായി നീ ഭവൽ
ക്കണവന്നധീനതകലർന്നിരിക്കിലും
ക്ഷണദാവസാനസമയത്തുനിത്യമൊ-
ന്നുണരാതെയാകരുതുരാജകന്യകേ! 37.

---

37. ക്ഷിണദാ—രാത്രി

തടവററുചെയ്തുവദനാദിശുദ്ധിവൃ=
ണ്ടുടനല്പസദ്ഗുചിഭരേണമുങ്ങുവാൻ
ത്തുടരുമ്പോൾനിഷ്ഠയൊടുതങ്കമേ!ഭജി
ച്ചിടണംമുറയ്ക്കുശുഭവീടിതന്നെനീ 38.

പ്രിയപുത്രിപിൻപതിനിടയ്ക്കുകാഞ്ചനീ
മയചിത്രകംവഴിതവാംഗപംക്തിയിൽ
പ്രയതപ്രകാശമുളവാക്കിയാലുമി
ക്രിയയെസ്സുമംഗലികൾചെയ്കവേണ്ടതാം 39.

ശരിയായ് കുളിച്ചതിനുമേൽധവന്റെനൽ
പ്പുരിയോടടുത്തകുലദൈവതത്തിനെ
പരിശുദ്ധഭാവമൊഴിയാതെകൂപ്പിനീ
പരിചൊത്തുമാറിയണിയൂസിതാംബരം 40.

പരമാദരാൽക്കുറുകവേണ്ടപോലുഴി-
ഞ്ഞരമഗ്ര്യചന്ദനവിശേഷകാഢ്യയായ്
വരമന്ദിരപ്രചിതനീനിനക്കെഴും
സ്ഥിരമുഖ്യകർമ്മവിതതിക്കൊരുങ്ങിടൂ 41

ഇതരക്ഷഹാസമുളവാകുമാറുദ-
ഞ്ചിതവേഷഭൂഷണവിലാസയുക്തയായ്
ബതദുഷ്ടഭസ്ഥിതിയെനേടിടൊല്ലനീ
യതനുപ്രഭാവസദനത്വമേല്ക്കിലും 42.

---

38. വീടി—വെററിലച്ചുരുൾ—പ്രഭാതസ്നാനസമയത്തുള്ള സുമംഗലികളുടെ മുന്നുംകൂട്ടൽ ശ്രീഷ്ഠ നല്ലതാണത്രെ

39 കാഞ്ചനി—മഞ്ഞൾ ചിത്രകം—കുറി പരിചു—ഭംഗി (നന്മ) സിതം—വെളുപ്പ്. അംബരം—വസ്ത്രം (മുണ്ട്)

4[illegible]. അതനു—വളരെ,കാമൻ എന്നും

ശരദഗ്ര്യലക്ഷ്മിവിധമാത്തപാണ്ഡരാം-
ബരയായ്സ്ഫുടപ്രകൃതികൌതുകത്തൊടേ
തിരളുംശുഭപ്രസവമണ്ഡനത്തെ നീ
നിരർഘേ! വഹിച്ചധനയിക്കനാളുകൾ 43.

ക്രമമററ ചാരുവസനാദിഭൂഷണ
ഭ്രമമങ്കുരിക്കരുതുലേശവുംതവ
അമലിത്തമാണതുജഗത്തിലാക്കൃ-
ത്രിമചിത്തസൌഖ്യമരുളുന്നുബാലികേ! 44.

ഒരുവനുമുള്ളമുടനേകൊടുത്തുപോ-
കരുതത്ര്യയല്ലതുതനിക്കകിട്ടിയേ
പെരുമാറിടാവുപരനോടടുത്തഘം
കരുതാതെപുണ്യചരിതേ!സദാപിനീ 45.

ഗുണമേതുജീവികളിലുംകനിഞ്ഞുചെ=
യ്യണമൊത്തവണ്ണമണുഭേദമെന്നിയേ
തുണനിന്നിടുന്നതതുതാൻപരത്തിൽനീ
യണയുമ്പൊഴുംതവസുഹൃൽജ്ജനോപമം 46.

പറയൊല്ലൊരിക്കലുമൊരുത്തരോടുമുൾ
ക്കറചേർപ്പതായകടുവാക്കസാധുനീ
കുറവേകിടുംദ്രഢമതുനമററനിൻ
പിറവിക്കുമഗ്ര്യതരമാംകുലത്തിനും. 47.

---

43. പ്രസവം പുഷ്പമെന്നും— പ്രസവോഗർഭമോചനേ ഉൽ
പ്പാദേസ്യാദപത്യേപിഫലേപി കുസുമേപിച. മേദിനി.

സരളേസദാപിതവദൃഷ്ടിശക്തിയെ
പ്പരമാത്മബുദ്ധിയിലിണക്കിവെച്ചുതാൻ
വരദേവനൊത്തുരതിചെയ്യണേശുഭം
തിരളുംതരത്തിലഘബാധയെന്നിയേ 48.

ഝടയാക്കനീവിവിധപുസ്തകൌഘമ=
ങ്ങിടനേരമെങ്കിലുമിരുന്നുനോക്കുവാൻ
പടരുംവിധംനരരിലങ്കുരിച്ചൊരുൽ-
ക്കടഹൃത്തമസ്സിനെയതേമുടിച്ചിടൂ 49

ഉലകിങ്കലൊന്നുമിതുപോലെയില്ലനി=
സ്തുലനിത്യസൌഖ്യമരുളുന്നതാകയാൽ
അലസത്വമേന്തരുതുകീർത്തനീയസൽ
ക്കലജേ! വിശിഷ്ടകൃതിവായനയ്ക്കുനീ 50.

പരമാത്മബോധമഖിലത്തിലുംനിര-
ന്തരമായ് ത്തനിക്കുപുലരാതിരിക്കിലോ
നരജീവിതംപരുപരുങ്ങലാണുസു-
ന്ദരജന്തുജന്മമനവദ്യമാംവിധം 51.

ഉടലിൻെറമാതിരിയിൽമാത്രമേമൃഗ
ഘടയോടനൈക്യനിലയുള്ളവെന്നഹോ
സ്ഫുടമാക്കിടുന്നിതഘവൃത്തിമൂലമി
ന്നുടയോരുമർത്ത്യരിതനല്പഭീകരം 52.

---

48. ദൃഷ്ടി—നോട്ടം എന്നും ദൃഷ്ടി ജ്ഞാനേക്ഷണി ദർശനേ
അമരം—അഘം—പാപം ദുഃഖം എന്നും

ഈവണ്ണംപുത്രിഭൎഗ്ഗാവതിയെവിവിധകാ
    ൎയ്യങ്ങൾകേൾപ്പിച്ചൊരോമൽ
സ്ത്രീവൎഗ്ഗോത്തംസരത്നംഭുവനമഹിതസൽ
    ബ്ഭാസ്കരക്ഷ്മേശപത്നി
ദൈവധ്യാനാദിലോകോത്തമഗുണയുതയായ്
    നൈജകൎത്തവ്യകൎമ്മം
ഭാവംമാറാതെശേഷിക്കനുസരണമനു
    ഷ്ഠിക്കുവോളായിരുന്നു. 53.

നേരായ്പ്രേയസിയാളൊടുംസുതയൊടും
    കൂടിജ്ജനപ്രീതിചേ-
ൎത്താരാജ്യത്തെവിധിപ്രകാരമവനം
    ചെയ്തങ്ങിരിക്കുംവിധൌ
ആരാദ്ധ്യപ്രഭുഭാസ്കരാഭിധനൃപൻ
    മെല്ലെന്നൊരുന്നാൾമുര-
സ്കാരാലുള്ളൊരുകാട്ടിലേക്കുമൃഗയോ
    ത്സാഹാൽഗ്ഗമിച്ചീടിനാൻ 54.

# മൂന്നാം സർഗ്ഗം.

പ്രിയസഖിസരളേ!നീകാണുമീക്കാഴ്ചനാമ-
ക്ഷയരുചികരമേവംമുൻപുകണ്ടോർമ്മയുണ്ടോ?
നിയമവിധമെഴുന്നുള്ളുന്നുപോലുംമഹാനാ-
കിയനൃപതിയഥേഷ്ടംകാട്ടിൽനായാട്ടുചെയ്‌വാൻ 1.

അതിനുടെവകയല്ലോകേൾപ്പതിപ്പോളമന്ദം
പ്രതിനവരസമോലുംവാദ്യഘോഷംവിശേഷം
ശ്രുതിയുഗളിനടുങ്ങുംമട്ടുപൊട്ടുന്നകൂററൻ
കതിനവെടികളുംനന്നായിടയ്ക്കുണ്ടുമേന്മേൽ 2.

ജലദസമതകോലുംവമ്പരാംകൊമ്പനാന
ത്തലവരരിയനെററിക്കോർത്തനൽക്കോപ്പുചാർത്തി
നലമൊടുചെവിയാട്ടിക്കൌതുകംചെയ്യുമാറു-
ജ്ജ്വലമദനിധിപാപ്പാന്മാരുമായ് വന്നിടുന്നു 3.

കരികളുടെനടത്തംമുൻവശത്താകകൊണ്ടി-
ങ്ങരിശമധികമുണ്ടെന്നുൾക്കെഴുംവാജിവൃന്ദം
ത്വരിതഗതിവിഘാതസ്പർശനംചെയ്തസാദി
പ്പരിഷയെയുഴറിക്കാണിക്കയോഘോഷമൂലം

---

2. യതിഭംഗം ഒരു ദോഷം തന്നെ പക്ഷെ ഇതു പഴയതും പുതിയതുമായ കൃതികളിൽ മിക്കതിലും സ്ഥലം പിടിച്ചുകാണുന്നു. എന്റെ കാവ്യമാകട്ടെ നിർദ്ദോഷമാണെന്നു ഞാൻ അഭിമാനിക്കുന്നുമില്ല.
3. കോപ്പ്—ഭൂഷണം മദം—ഗർവ്വം സന്തോഷമെന്നും മദോരേതസി കസ്തൂര്യാംഗർവ്വേഹർഷേഭദാനയോഃ വിശ്വഃ

ഘനരുചികരമാകുംകഞ്ചുകത്താലണിഞ്ഞി
ടിനതനുവൊട്ടതങ്ങൾക്കേറിടുന്നീർഷ്യകൊണ്ടോ
അനഘതവഴിതൽസാദൃശ്യമേറുള്ളസേനാ
ജനതയുടെനെടുംകയ്യായുധത്തെദ്ധരിപ്പൂ 5.

ഭരണപടുതപേറുംഭാസ്കരാഭിഖ്യനാമാ
നരവരനുടെനേർക്കുള്ളാത്മരാഗപ്രഭാവം
നിരവധിവെളിവാക്കീടുന്നിതോശങ്കനീങ്ങി
പ്പുരസുഷമകുരുക്കുംസൈന്യധൂളിച്ഛലത്താൽ 6

സുരുചിരതരനാനാസാധനൌഘത്തിനാലേ
വരുമിഹനിലയങ്ങൾക്കൊപ്പമുദ്യൽസഗന്ധം
അരുളുകവഴിയാണോനേക്കരഥ്യാളിഭംഗ്യാ
പെരുതണിമണൽഹാസപ്രൌഢിയെത്തുകിടുന്നു 7.

സ്ഫുടമൃദുപവനാസംഗോല്ലസൽത്തോരണശ്രീ
ക്കുടയചലനഭാവംകാണുവോരാകമാനം
തടവിനരൂപമുത്ഥിൻബാഹുവീര്യത്തൊടുള്ളു
ല്ക്കടഭയനിനവാലാനെന്നുനണ്ണുന്നുപോലും 8.

ശരിമമവിജയേനീചൊന്നതാത്തമ്പുരാൻതാ
നരിമയൊടെഴുനള്ളീടുന്നിതിങ്ങാട്ടുനേരെ
ഹരിഹരിതുലയില്ല്യാത്തുള്ളതല്ല്യോതദീയ
സ്ഫുരിതദൃഢതരാശേഷാംഗസൌന്ദര്യ്യലക്ഷ്മി 9.

---

7. ഗന്ധം—ഗർവ്വമെന്നും—ഗന്ധസ്സംബന്ധലേശയോഃ ഗന്ധകാമോദഗർവ്വേഷു—ഹൈമൻ—രഥ്യ—പ്രധാനവീഥി.

പ്രഥമരസവിശേഷംമൂൎത്തിമത്തായപോല
വ്യഥമമലവിലാസപ്രൌഢികൈവന്നമൂലം
പ്രഥപെറുമവിടുത്തെക്കണ്ണടപ്പൊന്നിലാംമ
ന്മഥനെയറിവതിനാംവേർതിരിച്ചസ്തക്കം 10

അവിരതമവിടക്കുള്ള ഗ്ര്യതേജസ്വരൂപൻ
രവിബലമൊടൊരേമട്ടുജ്വലിക്കുംനിമിത്തം
ഇവിടെയിനമണീജാലത്തിൽനിന്നുൽഗ്ഗളിപ്പൂ
സുവിശദഗണനീയശ്രീപ്രതാപസ്ഫുലിംഗം 11.

സുമധുരതരമാബ് ഭ്രൂപന്റെതാരുണ്യമാകും
സുമരസമിടപോലേളക്തിചെയ്യുന്നതിന്നായ്
കിമപിസുകൃതശക്ത്യായോഗമുണ്ടായ് വരുന്നാ
ഭ്രമരിസഫലജന്മോപേതതാൻപാരിൽനൂനം 12.

മുതൽകലവുകളെന്നിമ്മൂന്നിനുൽകൃഷ്ടകേദാ
രതതടവിലസിപ്പോരദ്ധരാജാനിവീരൻ
സതതമരുളിടുന്നോ നൈജധൎമ്മാൎത്ഥകാമോ
ന്നതസുഗുണസമത്വപ്രാപ്തിയെപ്പാപ്പിനാലെ 13.

ശിവമഹിമയെമേന്മേൽത്തൻവൃഷംകൊണ്ടുചേൎത്താ
ന്നുവരനുദിതസൽക്കീൎത്ത്യാളിദിക്സ്ത്രീകളോടും
ലവരഹിതമിണങ്ങിക്രീഡചെയ്യിപ്പൊഴുംവാ-
സവനുലകിലുതിർപ്പൂവൃഷ്ടിദംഭാൽവ്യഥാശ്രു 14.

11. ഇനമണി__സൂൎയ്യകാന്തക്കല്ല്-പ്രഭു-ശ്രേഷ്ഠൻ എന്നും ആദിത്യരശ്മിതട്ടിയാൽ സൂൎയ്യകാന്തക്കല്ലിൽ നിന്നു തീപ്പൊരിപറക്കുന്നതാണല്ലോ.

12. ഭ്രമരി__പെൺവണ്ട്

തനതുകരളിരുത്തിസ്സസ്പൃഹംഭംഗിയാംമ
ട്ടനവരതമിണങ്ങുംരീതിപൂർവ്വംശ്രമിക്കെ
അനഘമഖിലതത്വജ്ഞാനിയായ്ത്തീർന്നൊരാസ്സ-
ജ്ജനപതിഗുണകാന്ത്യാകൌമുദീശോപമാനൻ 15.

തരുണികൾപലരേവംതമ്മിൽമന്ത്രിച്ചുനില്ക്കും
തെരുവിനുടെനിറത്തെക്കണ്ടുകണ്ടാത്തഹർഷം
വിരുതരനുചരന്മാരൊത്തുപോയാധരാരാ
ട്ടൊരുവലിയവനത്തിന്നൊട്ടടുത്തെത്തിയല്ലോ 16.

വിവിധമഹിതസത്വശ്രീഭരപ്രാഭവത്തി
ന്നവികലതകലൎന്നുള്ളമ്മഹാരണ്യദേശം
സവിധഭുവിവിളങ്ങുംചാരുഭൂഭൃത്തിനൊപ്പം
കവിയുമുരുരസത്തെക്കാണികൾക്കുംകൊടുപ്പൂ 17.

തനതുദലവിലാസപ്രൌഢശാഖാബലത്താ
ലനവരതമൊരേമട്ടക്കനെബ്ഭീതനാക്കി
അനഘദൃഢതനുത്വംപൂണ്ടുവർണ്ണിച്ചുയൎന്നു-
ള്ളനവധികുജസംഘംതത്രനില്പൂണ്ടകമ്പം 18.

അമരപഥമുരുമ്മിക്കൊണ്ടുശോഭിപ്പതാമാ
ദ്രുമതതിയുടെനാനാധൃതമാംകൊമ്പിനത്താൽ
സുമമിതികരുതുന്നുകേവലംപുണ്യതേജ
സ്സുമഹിതപദരാജത്താരകൌഘത്തെലോകം 19.

15. സൽ—വിദ്വാൻ നല്ലവൻ എന്നും കാന്തി—ഇഛ—ശോഭ—എന്നും കൌമുദീശൻ—ചന്ദ്രൻ—കവനകൌമുദിയുടെ നാഥൻ കവിതിലകൻ പന്തളത്തുകേരളവർമ്മതമ്പുരാൻ എന്നും

17. സത്വങ്ങൾ—ജന്തുക്കൾ—ശ്രീ—കാന്തി— ഭരം—ആധിക്യം ഭൂഭൃത്തു—രാജാവു—പർവ്വതം എന്നും അവിടെ അടുക്കൽ മല ഉണ്ടെന്നു സൂചനരസം ഉത്സാഹം തുഷ്ടി എന്നും

18. ദലം—ദ്രവ്യം എന്നും ദല മുത്സേധഖണ്ഡയോ പത്രേ ഛേദദഥച ദ്രവ്യേ മേദിനി. ശാഖ—താവഴി എന്നും ബലം—സാമൎത്ഥ്യം എന്നും അൎക്കൻ—ഇന്ദ്രൻ എന്നും അൎക്കോൎക്ക പൎണ്ണേ സ്ഫടികേ രവൌതാമ്രേദിവസ്പതൌമേദിനി. കുജൻ—നരകാസുരൻ എന്നും

ഒരുപടിലതതാനേമഞ്ജുമട്ടിൽപ്പടർന്നോ
തൊരുകരളിനുമിമ്പംനൾകിടുംകുഞ്ജപുഞ്ജം
പെരുതവിടെലസിപ്പൂസന്തതംവന്യലക്ഷ്മീ
ത്തിരുനടനവിധിക്കുള്ളഗ്ര്യമാടങ്ങൾപോലെ 20.

നിജസമതപിറപ്പുംപേരുമൊത്താനുകേകീ
ദ്വിജരുടെനവനൃത്തംകണ്ടുരുട്ടേല്ലുകൊണ്ടോ
രുജയൊടുമൃദുവായിത്ത്രമൂളുന്നനത്തിൻ
വ്രജമലകിലസൂയാദായിതാൻതുല്യഭാവം 21.

സ്ഫുടമെളിയതൃണംതിന്നൊത്രയുംമാന്ദ്യമേശും
നടയൊടുപെരുമാറുംതള്ളയായ്ഃവർവിടാതെ
നടവൊഴിയെമൃഗപ്പൈതങ്ങൾകാണുന്നവക്കൽ
ക്കടസുഖമരുളുമ്മട്ടുസ്ഥലേലീലചെയ്വൂ 22.

വിടപികളിലിരുന്നാക്കാലുനീട്ടിക്കരംകൊ
ണ്ടിടയിലുടൽചൊറിഞ്ഞുംപേനെടുത്തുംകൊറിച്ചും
അടവുപലതുകാട്ടിപ്പല്ലിളിച്ചുംപ്ലവംഗ
ഘടയവിടെയഥേഷ്ടംകൂത്തടിച്ചാർത്തിടുന്നു 23.

തിമിരസദൃശമാകുംകാളരോമാളിപൂണ്ട
ങ്ങമിതരുചിവിരാജിക്കുന്നുഭല്ലൂകവർഗ്ഗം
തമിയൊടുമൊരുമിച്ചാക്കാനനംചെയ്തുകളുള്ള
സ്സമിതിയിലുളവായിട്ടുള്ളപൈതങ്ങൾപോലെ 24.

---

24. തമി—രാത്രി. ഭല്ലൂകം—കരടി. സമിതി—സംയോഗം. അഥസംഗരേസംഗേ സഭായാസമിതി—അമരം.

ഇരുകരമിളകാമട്ടൂന്നിയുംഗൂഢ്യദേശ
ത്തൊരുമറവുവളച്ചാവാലിനാലേചമച്ചും
വിരുതുടയസൃഗാലവ്രാതമങ്ങൊത്തുകൂടി
ത്തെരുതെരെമുകർപൊന്തിച്ചോരിയുച്ചംമുതുപ്പു 25.

അരിശമൊടിടിനാദംപോലവേതത്ര കൂററൻ
കരികളലറിടുംപോതുള്ളതാമൊച്ചകൊണ്ടും
ഹരിതതരുദലാഭവ്യാപ്തിയാലുംമയൂര
പ്പരിഷവരിഷമെന്നോൎത്തുനമാടുന്നുഭംഗ്യാ 26.

ഝടിതിചെവികളാട്ടിത്തുമ്പിയാൽതീൻപറിച്ച
പ്പടിയിരുപുറവുംതാൻകൊട്ടിവായ് കൊണ്ടടക്കി
പൊടിയുടലിൽമുഴക്കെപ്പൂശിവാൽവീശിവൻപും
തടിയുമെഴമിഭൌഘംകാടതിൽസഞ്ചരിപ്പൂ 27.

കടമദജലധാരാസേകദീപ്യൽക്കപോലോൽ
ക്കടഗജനികരത്തിൻമസ്തകംതച്ചുടച്ചു
ഉടനുടനുതിരുംനന്മുത്തഘോഷൈരമായു
ക്കുടയഹരിനിരീക്ഷിക്കുന്നിതങ്ങസ്തശങ്കം 28.

ഉടൽമുഴവനതിശ്യാമോഗ്രരോമങ്ങളാകും
സടകളിൽമറവാക്കിക്കൂൎത്തതൻമോന്തയാലേ
സ്ഫുടമവനിമണപ്പിച്ചുൾഭയംവിട്ടുകോല
ഘടകളവിടെലാത്തീടുന്നിതുത്സാഹപൂൎവ്വം 29.

---

29. കോലം—പന്നി— 3 തരു—വൃക്ഷം പല്ലവശ്രീ—ത
ളിരൊളി—വിടൻെറ മോടി എന്നും

വലിയതരുകദംബംകേവലംപല്ലവശ്രീ
പ്പൊലിമതടവിനിന്നീടുന്നതീക്ഷിക്കമൂലം
ജ്വലിതഹൃദയനിന്ദാമിശ്രഹാസം വഹിപ്പൂ
ദലിതകുസുമദംഭാലങ്ങളിളനൂമാങ്ങൾ 30.

പ്രതിനവമധുമോഹംമൂത്തുഴറേറാടുപുഷ്പം
പ്രതിയണയുമിളങ്കാർവണ്ടിനെക്കണ്ടിടുമ്പോൾ
രതിയിൽമനമിണങ്ങിത്തത്രകൈരാതകന്യാ
തതിചെറുചിരിതൂകുംതന്മുഖംതാഴ്ത്തിടുന്നു 31

കതിപയസമഭാവംതൻെറപേർകൊണ്ടുനേടി
ക്ഷിതിഭൃദനുചരത്വംപൂണ്ടടുത്താമൃഗത്താൽ
അതിതരമദമേല്ക്കുംഹേതുവോപാജിതൻസ-
ന്തതിയവിടെനദിച്ചീടുന്നുകണ്ണാമൃതാഭം 32.

ശിവമധുരഗവാക്ഷീജാലനിഷ്യന്ദമരന്ദ
ദ്രവരസപരിഭോക്തൃഭ്രാന്തമത്താളിഗീതം
ശ്രവണപുടയുഗത്തിൽപെട്ടവാതായുകണ്ഠീ
രവനെവടിവൊടങ്ങീക്ഷിക്കിലുംപോവതില്ല 33.

ഗുരുതരമമലേന്ദ്രാണ്യപ്സരസ്സുപ്രകാശ
പ്പെരുമയൊടമരാളീകേളിസഞ്ചാരമേശി
വരുണമദനസോമാക്കാദിസദ്വാസഭൂവായ്
നിരുപമസുരലോകപ്രൌഢിയക്കാടെടുപ്പൂ 34.

---

32. വാജി—പക്ഷി—വാജിദനാശേഷു, പക്ഷിണ—അമരം
നദിക്ക-ശബ്ദിക്ക

33. ഗവാക്ഷി-ഒരുമാതിരിലത-കണ്ഠീരവൻ-സിംഹം

34. ഇന്ദ്രാണി-ശചി-നെച്ചി എന്നും അപ്സരസ്സ്-ദേവവി
ശേഷം പൊങ്ങ എന്നും വരുണൻ നീർമാതളം എന്നും മദനൻ ഉമ്മ
ത്ത് എന്നും സോമൻ-സോമലത എന്നും അക്കൻ-എരുക്ക് എന്നും

പെരുതുസുഗുണമൊപ്പിച്ചീശ്വരൻതീർത്താതമാ-
പ്പുരുവിപിനതലത്തിന്നുള്ളിലേയ്ക്കായിവേഗം
സുരുചിയൊടുകടന്നുദുസ്തമോഗഹ്വരത്തിൽ
ത്തരുണവിധുവിനൊപ്പംഭാസ്കരക്ഷോണിപാലൻ 35.

ശരകുശഗുണസൂത്രസ്ഥാനബന്ധംവരുത്തി
പരമവിവിധസേനാവിഷ്ടിമുഖ്യങ്ങളാലേ
ഖരമൃഗമലിനത്വംപെട്ടകാട്ടമ്പലത്തിൽ
സരഭസമഥശുദ്ധിക്കുന്നിയാരാജതന്ത്രി 36.

വലവടികയർകുന്തംവാളുവില്ലമ്പിവണ്ണം
പലതുമുചിതമട്ടിൽബ്ബേ് ഭസ!ടുംതൽബ് ഭടന്മാർ
ബലനിധിനൃപനാജ്ഞാപിച്ചപോലാശുവേണ്ടും
നിലയിലടവിപാടേക്കുക്കിയാത്തൊന്നിളക്കി 37.

പരിചിലഖിലലോകത്തിങ്കലുംചെന്നലയ്ക്കും
പെരിയഭടരവത്തെക്കേട്ടുസംഭ്രാന്തിയോടേ
ത്വരിതമവിടെനാനാശീലമോലുംമൃഗൌഘം
ഹരിഹരികുതികുത്തിപ്പാച്ചിലായ് നാലുപാടും 38.

അതിതരഭയമോടെമ്പാടുമോടുന്നവററിൻ
ഗതിയെവിശിഖജാലത്താലെഴുംവേലിയാലേ
ക്ഷിതിപമണിമുടക്കിബ്ബാഢമാജ്ജീവികൾക്കൾ-
പ്പതിയുമമിതതൃഷ്ണ്യാചേർത്തുദുർമ്മൃത്യുയോഗം 39.

---

36. അമ്പലത്തിൽ പതിവുള്ള താന്ത്രികമായ ഒരുകർമ്മമാണു ഇതിൽപ്പറയുന്ന ശുദ്ധി-ഗുണം-കയറ-സൂത്രം നൂല് വിഷ്ടി-ഇലയുള്ള പ്ളാശിൻകൊമ്പും ഈൎക്കിലിയും (തെങ്ങിന്റെറത്തു) ദർഭയും കൂടി ബന്ധിച്ചതു സരഭസം—വേഗം.

ഖരകടുകരവീൎയ്യംപൂണ്ടശാൎദ്ദൂലമല്ലേ-
തരമതുവെളിവാക്കിക്കണ്ടതിൽപ്രീതികൊണ്ടോ
നരതിലകനവൻവിസ്പഷ്ടമായ് ത്തന്നിൽവാഴ്ക്കും
ശരബലമലസാതാജ്ജന്തുവെക്കാട്ടിനൂനം 40.

ഉരപെരുകിടുമാശ്രീരാജചൂഡൻമഹത്വം
തിരളുമൊരുവരാഹത്തോടുനേരിട്ടനേരം
പരമസഖിതകൊണ്ടോസദ്രസംവാച്യതിങ്കൽ
സ്ഫുരദതുലമഹാഖഡ്ഗത്തെയേല്പിച്ചുഗാഢം 41.

തനതുസദൃശഭാവംകേസരിപ്പേർവഴിക്കേ
ശിനകുതിരയൊടുള്ളോരീൎഷ്യയാൽപ്പോരടിപ്പാൻ
നിനദകഠിനശക്ത്യാവന്നുകണ്ടോന്നുപോദ്യൽ
ഘനമുസലമുറക്കെസ്സിംഹദേഹത്തിൽവീണു 42.

ഉടൽതടവിനകാടിന്നല്പപാപങ്ങൾപോല
ഞ്ഞുടയമുകിൽനിറത്തോടൊത്തഭല്ലൂകവൃന്ദേ
ഉടനഹഹവിശേഷാലനുരാജാശുഗംപ്ര
സ്ഫുടമിയലുകിലുംതാൻപൂണ്ടുപഞ്ചത്വയോഗം 43.

ഉലകിനവനവൻതൻയോഗ്യതയ്ക്കൊപ്പമേ കേ-
വലമെവനുമളിക്കുമാന്യസമ്മാനമെന്നായ്
നലമൊടവിടെവാഴുംകോകവൎഗ്ഗത്തിനക്ഷ്മാ
വലയവരനണച്ചാക്കന്തബന്ധംകഥിച്ചു. 44.

---

40. ശാൎദ്ദൂലം—പുലി. ശരം—ആയുധവിശേഷം, ശരസ്ത്രജനകെബാണെ. വിശ്വം
41. രാജചൂഡൻ-ഭാസ്കരവൎമ്മൻ-ശിവൻ എന്നും വരാഹം-പന്നി=വിഷ്ണു എന്നും
43. രാജാശുഗം,ശ്രേഷ്ഠനായ വായു എന്നും പഞ്ചത്വം മൃത്യുത (അഞ്ചാവു എന്നുള്ള അവസ്ഥ) എന്നും
44. കോകം- ചെന്നായ-കോകശ്ചക്രവൃകഭേദേഷ്വ്-മേദിനി.

അനഘചരിതനാമധൎമ്മരാജാവുടൻവാ—
ഹനമഹിമവഹിക്കുംപോത്തിനങ്ങന്തഭാവം
തനതുവലിയശല്യംവിട്ടുചേൎത്തീടിലുംത-
ഞ്ചിനകടുനിലകൊണ്ടോസംസ്ഥിതാവസ്ഥനീങ്ങി 45.

വളരെയൊളിവിൽവസ്സുംപുള്ളിതൻവീട്ടിലേസ്സാ
ക്കളവുമുതലറിഞ്ഞെത്തുന്നഃപാല്ലീസ്സുപോലെ
ഇളയുടെകമനൻകൈവിട്ടക്ഷുരമ്പുദന്താ-
വളശിരസിമുറസ്സുന്നേരമേചെന്നുകേറി 46.

ഗരളഖചിതമുഖ്യക്രൂരബാണംതറച്ചാ
ദ്വിരദതതിസഹിക്കാതുഗ്രനാദേരലത്താൽ
അരചനൊടടിയൻതെററെന്നുചെയ്യഭവാനെ
ന്നരമരുളിവശംകെട്ടാശുതാനേപടിഞ്ഞു 47.

പെരുകിനകരശക്തിപ്രൌഢിപൂണ്ടുല്ലസിക്കും
നിരുപമശരഭത്തെസ്സൈരമാരാജസിംഹം
കരുണൊടിയിടയത്തിക്കാതുടൻതുഛമാംതൻ
ചിരുതിലഹഹവെന്തു ധൎമ്മിയാരോട്ടുതോല്ക്കും 48.

ഇതുവിധമലസാതാഖേടനപ്രഷ്ടകേളി
ചതുരതയെമുറസ്സാൾക്കാരുമായേറെനേരം
കുതുകമൊടവിടെസ്സുവൃത്തികാട്ടിച്ചരിക്കെ
പ്പുതുമതടവിവന്നുക്ഷീണമക്ഷോണിപങ്കൽ 49.

45. അന്തഭാവം—സ്വരൂപതപം—നാശം എന്നും അന്തസ്വരൂപനികടെപ്രാന്തേ നിശ്ചയ നാശയോഃ അവയവേപി—ഹൈമൻ—ശല്ല്യം. ആയുധവിഃശേഷം—ഉപദ്രവം എന്നും സംസ്ഥിതാവസ്ഥ—നല്ല ഇരിപ്പിൻെറ നില എന്നും.

46. ദന്താവളം—ആന. 47. ദ്വിരദം—ആന.

48. ശരഭം—എട്ടടിമാൻ

49. ആഖേടനം നായാട്ടു.

വിമലസഖിശുചിശ്രീസംഗമത്തമ്പുരാനാ
സ്സമയമുദിതമായിക്കാൺകകൊണ്ടോസമീപേ
സുമധുരരസമോടുംമന്ദമെത്തിസ്സമീരൻ
ക്ലമമറുതിവരുമ്മാറങ്ങിനേവീശിമേന്മേൽ 50.

വിലസിടുമുടൽകണ്ടാൽശംബരാരാതിതാനി
സ്സുലളിതനൃപനെന്നായ്ക്കാണിലോകംസമസ്തം
നലമൊടുനിരുപിച്ചീടുന്നതൊപ്പിച്ചിതമ്പ് ഭ്രൂ
ധലരിപുവിപിനത്തിൽച്ചെഷ്ടകർമ്മത്തിനാലേ 51.

ചുണതനതുപിപാസാദ്യങ്ങളാൽപ്പോയൊരാക്ഷ്മാ
കണവനനുചരവ്രാതത്തെരാജ്യത്തിലേയ്ക്കായ്
ക്ഷണമഴകൊടയച്ചക്കാട്ടിലേകത്രചെന്ന-
ന്നണയുമലസഭാവംതീർത്തുതെല്ലൊന്നുനിന്നു 52.

ശ്രീമൽഖഡ്ഗമൊടോമനക്കുതിരയെ
ക്കൂട്ടാക്കിനൃനംതെളി-
ഞ്ഞാമന്നോർമണിചെന്നുകണ്ടൊരുസുഹൃ
ത്താംക്ഷത്രിയശ്രേഷ്ഠനായ്
ആമന്ത്രിച്ചനിജാത്മജാപരിണയം
കാര്യംതനിക്കേറിടും
കാമംപോലഥതീർച്ചയാക്കിനിലയേ
വേഗംതിരിച്ചെത്തിനാൻ 53.

---

50. ശുചിശ്രീ-തീയൊളി

51. ശംബരാരാതി—മാനിന്റെ ശത്രു—കാമദേവൻ എന്നും

# നാലാം സൎഗ്ഗം.

പതിവുള്ളകണക്കൊരിക്കൽദുൎഗ്ഗാ-
വതിവൈലിൻകടുശക്തിപോയനേരം
മതികട്ടതദീയപൂൎണ്ണപുണ്യ
ദ്യുതിപേറുംപുരപുഷ്പവാടിപൂകി 1.

പരിശുദ്ധജലംമനോഹരത്വം
ചൊരിയുംപങ്കജകൈരവങ്ങൾമററും
ശരിയായൊരുപോലെനിത്യമൊത്തേ-
തൊരിടത്തുംപുകൾപെററവാപിപംക്തി 2.

തുടമല്ലികചെമ്പരുത്തിചൂതം
ചടുലംതെച്ചിപിലാശുഹേമപുഷ്പം
സ്ഫുടമാലതികൈതറോസകുന്ദം
കുടജംവഞ്ജുളകേസരങ്ങളേവം 3

പലജാതിവിശേഷവൃക്ഷവല്ലീ-
കുലസമ്പത്തൊടുമുള്ളൊരാപ്രദേശം
അലഘുപ്രമദാശ്രയത്വഃമന്തി
ത്തുലകൂടാതെപരിസ്ഫുരിപ്പതല്ലോ 4.

രതീയാണവളെന്നശങ്ക രമ്യാ-
കൃതികണ്ടേററുതദാദരത്തിനാലോ
സ്ഥിതിപോലെവസന്തമാൎയ്യയാമാ
സ്സതിയോടൊത്തവിടെയ്ക്കുപാഗമിച്ചു. 5.

---

3. ചൂതം—മാവു. ഹേമപുഷ്പം—ചെമ്പകം. കുന്ദം—കുരുക്കത്തിമുല്ല. കുടജം—കുടകപ്പാല. വഞ്ജുളം—അശോകം. കേസരം—ഇലഞ്ഞി.

4. അലഘു—തുഛമല്ലാത്തതു (വളരെ) പ്രമദാശ്രയത്വം—സന്തോഷത്തിന്റെയും സ്ത്രീകളുടെയും ആശ്രയമാവു എന്നുള്ള അവസ്ഥ. തുല—സാമ്യം.

സുമനോദ്ഗമസേവകോല്ലമഗ്ര്യ
ദ്രുമവല്ല്യാളിയിലുള്ളമാധവാപ്തി
പ്രമദത്തെവളൎത്തഹേതുവാണോ
വിമലശ്രീയവിടെക്കളിച്ചുകൂടി 6.

സുരഭിപ്രഭുവിൻരസംവരുത്തും
വരവിൽബ്ബന്ദിജയാരവംകണക്കെ
പരപുഷ്ടകളസ്വനംപുലൎത്തി
വിരഹാപേതജനത്തിനിമ്പമെങ്ങും 7.

കലിപോലെകറുത്തഭൃംഗനീ ചാ-
വലിഹേഷത്തൊടുകാഞ്ചനാഹ്വയത്തെ
കലികാരമണിഞ്ഞുണൎച്ചുകാമോ-
ജ്ജ്വലിതാന്തൎവ്വ്യഥമാനിനീഗണത്തിൽ 8.

മകരധ്വജ നിൻെറക്കൂടകമ്മോ-
ത്സുകഭാവംബഹുജാതിതന്നെയെന്നായ്
വികസൽക്കുസുമഛലേനവൃക്ഷ-
പ്രകരംപുഞ്ചിരിതൂകിവീതശങ്കം 9.

ദിനലക്ഷ്മിയൊടൊത്തമൂലമോ സ-
ജ്ജനനന്ദ്യൻവിധുവിന്നുപാഗമിപ്പാൻ
ഘനകാലവിളംബമുണ്ടില്ലലും യാ-
മിനിയന്നാൾകലുഷാസ്യയായതില്ല. 10.

---

6. സുമനസ്സുകൾ—ദേവന്മാർ പൂക്കൾഎന്നും ദ്രുമം—വൃക്ഷം എന്നും ദ്രുമസ്തു പാദപേപാരിജാതേകിമ്പുരുഷേശ്വരേ-ഹൈമൻ—വല്ലി—ലത എന്നും മാധവൻ—വിഷ്ണു—വസന്തം എന്നും

7. സുരഭി—വസന്തം

8. കാഞ്ചനാഹ്വയം— ചമ്പകം. കലിക—മൊട്ടു—ചഞ്ചരീകനികരംബ ചുംബിതാശ്ചമ്പകേഷു കലികാശ്ച കാസിരേ എന്നു ജയന്തവിജയം കാവ്യം.

അനിശംജഡഭാവമേന്തിടുംപ-
ത്തിനിസദ്വാരിശതാനുഷക്തയായി
തനിയേരതിവാഞ്ഛരകൈവളൎത്തി
മുനിവൎയ്യൎക്കുമഹോജഗത്തിലെങ്ങും 11.

ഹരിനന്ദനനായതാൻഗജാരി
ക്കരിയായ്ത്തീൎന്നതിലുള്ളലജ്ജകൊണ്ടോ
ത്വരിതംസരസപ്രമുഗ്ദ്ധനാരീ
പരിഷൽചിത്തമണഞ്ഞൊളിച്ചുകാമൻ 12.

സ്വകശബ്ദവഹാഖ്യമാരുതൻസാ-
ൎത്ഥകമാക്കിട്ടതിനെന്നപോലെനൂനം
ശകലേതരമായ് നിശാമുഖത്തും
പകലിന്നുംതടവീമനോഹരത്വം 13.

വിതതോല്ക്കടശക്തിപൂണ്ടെഴുംശ്രീ-
സുതവീരപ്രഭുവിന്നുകാൎയ്യയായി
ഹിതമോൎത്തുമുറയ്ക്കുവെയ്ക്കുവാനോ
ശതപത്രങ്ങളെനേടിവാപിരാജി 14.

തനതിഷ്ടവധൂവചസ്സിനാലേ-
ശിനസൌഗന്ധികകാൎയ്യഹേതുവായോ
ഇനനൃപിവിടാഗ്ര്യനുത്തരാശാം-
ഗനയോടങ്ങനെചെന്നടുത്തുമെല്ലെ 15.

---

11. ജഡഭാവം—ജലത്വം സുഖദുഃഖാദികളെ അറിയാത്ത അവസ്ഥ എന്നും സദ്വാരിശത—നല്ല കട്ടിത്തവും ധാരാളം വെള്ളവും വല്ലൂബയുരല്ലൂലയും ആക്കി മാററണം. വാഞ്ഛ—മോഹം.

12. ഹരിനന്ദനൻ—വിഷ്ണുപുത്രൻ സിംഹത്തെ സന്തോഷിപ്പിക്കുന്നവൻ എന്നും ഗജാരി—ശിവൻ—സിംഹം എന്നും

15. വസന്തകാലത്തു സൂൎയ്യന്റെ ഗതി വടക്കോട്ടുമാറിട്ടാകുമല്ലോ.

വരിവണ്ടണിമൊട്ടിനംതദാനീം
പരിശോഭിച്ചിതുചെമ്പകദ്രുമത്തിൽ
പെരികെപ്പഥികപ്രമാഥിമാരൻ
ശരിയായ്ത്തിൎത്തവിഷാക്തശരങ്ങൾപോലെ 16.

പരമധ്വഗലോകജീവനാഡീ
ദരവസ്ഥാബലമീക്ഷചെയ്തുമല്ലീ
തരസാമകരന്ദബിന്ദുദംഭാൽ
സ്മരണീയവ്യസനാശ്രുതൂകിപോലും 17.

പരഭൃൽപ്രകരത്തിനാൽപ്രവാളാ
ധരമൃദ്ര്യൽക്ഷതമേല്പതിന്നുനിത്യം
ദരവൃണ്ടുവളൎന്നുപുഷ്പിണീത്വം
തിരളുംവാടിതദാളിസേവ്യതന്നെ 18.

സ്മരരാട്ടിനുവേണ്ടകേളിശൈലം
വിരചിച്ചുകളധൌതരൂപമായി
സുരഭിപ്രിയനെന്നപോലെഗൌരോ-
ത്തരസൂനാവൃതചെമ്പകംവിളങ്ങി 19.

അസമാനവധൂജനേക്ഷണത്തിൽ
പ്രസഭംപാററിയിരുന്നുകൊണ്ടുനേരെ
രസനായകനാരെയുംതദീയോ
ല്ലസദഗ്ര്യത്വമൊരേകണക്കുകാട്ടി 20.

---

20. പ്രസഭം—ബലാൽക്കാരമായി-ക്ലീബേതു പ്രസഭംഹഠഃ—
ബോപാലിതൻ

സമയാധികഭംഗിദൎശനത്താൽ
പ്രമദാകാരിണിഭാസ്കരേഷ്ടപുത്രി
സുമരാജിയെനോക്കിമെല്ലെമെല്ലെ
ശ്രമമററങ്ങുനടന്നിതാദ്യമെങ്ങും. 21.

പരിപൂൎണ്ണഗുണാഢ്യയായൊരാസ്സു-
ന്ദരിതൻകാലണിനൂപുരപ്രണാദം
സ്ഫുരിതാംഗജദേവവാദ്യമായി
ത്വരിതംതത്രമുഴങ്ങിസൎവ്വവശ്യം 22.

സുമരക്തപടപ്രിയത്തൊടസ്ത
ഭ്രമമായ് വഞ്ജുളമധ്വഗാശയത്തിൽ
കിമുശൂന്യതയെപ്പുലൎത്തുവാനോ
സുമുനീന്ദ്രവ്രതമന്നൊടുത്തുനിന്നു 23.

സ്ഫുടപാവകരുപഗുശ് ഛരകശ്രീ
തടവിപ്രസൃതവല്ലിമത്തകന്നും
കിടവിട്ടമനോജവീരനുള്ളൽ=
ക്കടമാംതീയ്യണിമൂശപോലെമിന്നി 24.

സുമനോഗൃഹപാന്ഥഭൃംഗവൎണ്ണ്യാ=
ത്തമതൽശ്രീതിലകംതദാവനത്തിൽ
ഹിമഗുപ്രതിമാനനാഗ്രദക്ഷം-
ഗമമൂലംമഷിപോലെല്ലാലസിച്ചു 25.

---

25. തൽശ്രീ—വനലക്ഷ്മി—തിലകം— മയിലെള്ള് പൊട്ടു് എന്നും

മദനാക്ഷരസമ്പ്രദായമായ
ങ്ങുദയത്താംഭ്രമരവ്രജംവിളങ്ങി
അദരംകുസുമപ്രഭാമഹേളാം-
ബുദവാഹോപലകണ്ഠമാലപോലെ 26.

സദനോപവനൈകലക്ഷ്മിപോലാ
സ്സുദതീമുത്തവിടെപ്രകാശമേററി
തദനുസ്വയമീക്ഷണപ്രമോദ
പ്രദപുഷ്പാപചയത്തിനായ് മുതിന്നു 27.

വിരൽത്തുകിന്നതാമ്രകാന്തിയാകും
വരകശ്മീരജശക്തികൊണ്ടുനേരെ
പുരകാനനദേവതാഢ്യയെസ്സാ-
ദരമാസ്സുന്ദരിപൂജചെയ്തുമുമ്പേ 28.

സ്ഥരദഗ്ര്യസുമങ്ങളാശുഭാംഗീ
കരജാളീഗളിതപ്രഭാമൃതത്താൽ
തരസാനിഹനിവൃതത്രദുഷ്ടോ-
ല്ലൂരദത്തദ്രംമദൂർവ്രണോഗ്രതാപം 29.

ഭ്രമരസ്വനവാക്സുധാഝരംവി-
ക്ലമമാംദസ്മരമുഖംസുഗന്ധവാമ്മ്യം
സമമെന്നിവചേർന്നോരായവൾക്കാ
സ്സുമനസ്സന്തതിഹർഷമേകിമേന്മേൽ 30.

---

28. കശ്മീരജം—കുങ്കുമം—കശ്മീരജം വഹ്നിശിഖം ബാഹ്ലീകം വേതനം വരം (വാചസ്പതി)

തരുണാളിയുഗപ്രസക്തകേളീ
വിരുതാലേറുചിവാച്ചചെമ്പകത്തിൽ
പെരുതായപഫാരമസ്ഥലത്താ
ത്തരുണീപുഷ്പസമാഗമംവരുത്തി 31.

ഒരുകാലടിയിൽച്ചവിട്ടിയൂന്നി
ത്തരുവിൻകൊമ്പുപിടിച്ചുകൊണ്ടുഗാഢം
കരുതിക്കളിയായ് ക്കരേറിനാളാ
ക്കരുമീൻകണ്ണിതരത്തിനങ്ങതിന്മേൽ 32.

ശിവനേനിലവിട്ടിതേവിധംസ്ത്രീ
നിവഹംസൎവ്വമഭേദമായിനിന്നെ
ധ്രുവമെപ്പൊഴുതുംകൊതിപ്പുപൂൎവ്വേ!
തവസൌഭവമിത്രമാത്രമുണ്ടോ? 33.

നിയതംവിവരംസ്വനാസികാക്ഷി-
ന്ദ്രിയയുഗ്മത്തിനുമാത്രമല്ലിലോകെ
സ്വയമങ്ങരുളുന്നുപുഷ്പമേ! വി-
സ്മയമെന്നിട്ടുമവൎക്കതൃപ്തിയിന്നിൽ 34.

പരമിന്ദ്രമണീമനോജ്ഞശോഭാ
ഭരമുള്ളാവികസൽസുമാവൃതാംഗി
മരമൊത്തുലസിച്ചുതത്രതാരാ
ന്തരഗംവിണ്ണണിമേഘലേഖപോലെ 35.

പലമാതിരിയായ്നന്മവാച്ചു-
ള്ളലരേറെസ്വകരസ്ഥമാക്കിവേഗം
നിലവിട്ടുരുതുഷ്ടിപൂൎവ്വമാസ്ത്രീ
കുലരത്നംതിരിയേവിനിൎഗ്ഗമിച്ചു 36.

മതിജീവിതമിങ്ങിനിക്കുദുൎഗ്ഗാ
വതിയുദ്യാനതലത്തെവിട്ടുവല്ലോ
ഇതിദുഃഖവിചിന്തമൂലമോ ചെ
ങ്കതിരോനനുമറഞ്ഞിടാൻതുടങ്ങി 37.

വിലയുള്ളുദയാദ്രിമൌലിശോണോ
പലമായുംവിയദാപഗാംബുജമായും
വിലസീചരമാചലാളികസ്ഥാ
മലകാലേയകബിന്ദുവായുമൎക്കൻ 38.

ഖരമാംകരശക്തികാട്ടിയുള്ളാ
സുരതേജോഗ്ര്യനിനൻമൃദുത്വമന്തി
മരണത്തോടടുക്കിലുഗ്രമൎത്ത്യേ
ശ്വരനുംശാന്തതസംഭവിക്കുമല്ലോ 39.

അലഘൂത്തമസത്വകാന്തിസമ്പൽ
ബ്ബലമേറീടിനലോകബാന്ധവങ്കൽ
വിലയംവരുവാനടുത്തുകണ്ടോ
നിലമാറീഭുവനത്തിനപ്പൊഴേതാൻ 40.

---

38. കാലേയകം — പീതചന്ദനം

വയർവീൎത്തിടുമാറുതിന്നു ചെമല്ലെ
ന്നയവല്ലാല്ലമിറക്കിവാലുവീശി
നിയമപ്പടിവത്സരൊത്തെരുത്തിൽ
ക്കയറാൻയാത്രതിരിച്ചുമാടിനങ്ങൾ 41.

സ്സ്വരഭംഗവിശുദ്ധിനേടിവസ്ത്രാ
ഭരണംനല്ലതണിഞ്ഞുവേണ്ടമട്ടിൽ
വരദൈവതവന്ദനത്തിനാത്താ-
ദരമന്ത്യജ്ജനസഞ്ചയംഗമിച്ചു 42.

ഇനവല്ലഭനെത്തിമഞ്ജരക്താ
നനയായ് വാരുണിസന്ധ്യയോടുകൂടി
ജനിതപ്രഭമഗ്ര്യകുങ്കുമത്തെ
ത്തനിയേപൂശിയപോലെലാലസിച്ചു 43.

പരകൃത്യമഹോഗ്ര്യതൻപുമാൻനി
ൎഭരപൂജാഘനനല്ലകൃഛ്രഗൻതാൻ
ശിരസാസ്തമനത്തിലുംദിനാധീ-
ശപരനെപ്പശ്ചിമഗോത്രമേന്തിയല്ലോ 44.

സ്മരണീയഗുണാഢ്യനായെഴുംഭാ-
സ്കരദേവൻഘനബാധമൂലമാണോ
ഹരശങ്കര നൂനമാശ്രയിച്ചു
ചരമാംഭോധിയെമജ്ജനഛലത്താൽ 45.

41. വത്സർ—നാല്ക്കാലിക്കുട്ടികൾ ഗോപബാലർ എന്നും
43. വാരുണി—പശ്ചിമദിക്ക്
44. കൃശ്ഛ്രഗൻ—പാപി. ഗോത്രം—പൎവ്വതം എന്നും
45. ഘനം—മേഘം—കനത്തതു എന്നും ബാധ—വേച്ച് പീഡ എന്നും

ജലരാശിഗതാർദ്ധമാത്രഭാസ്സായ്
വിലസിച്ചാച്ചലദംശുമാലിബിംബം
തുലനേതരബാഡവാഗ്നിശങ്കാ-
ബലമുണ്ടാക്കിനിരീക്ഷകർക്കു പാടേ 46.

ഭുവനാടവിതൻബുഭുക്ഷുവായി
ദ്ദിവസാന്തദ്യുതികൈതവാലൊരഗ്നി
നവശക്തിയൊടഭ്രമാൻകണ്ടോ
ശിവധീവിപ്രർകുടന്നനീരെറിഞ്ഞു 47.

ബലവാൻവിധിതാൻനരന്നുരക്ഷാ
നിലനാൾകില്ല്യണുബുദ്ധിപൌരുഷങ്ങൾ
ഉലകിൽദിനനാഥനായുമോജോ
ജ്വലദർക്കൻതമസാഭിഭൂതനത്രേ 48.

സ്വകുലായമണഞ്ഞിടാൻഗമിക്കും
ശകുനിശ്രേണിയിലെക്കളാരവത്താൽ
പ്രകടംവ്യഥയെത്തദാവഹിച്ചു
സകലാശാംഗനമാരുമൂനമെന്യേ 49.

കലരുംവിഷയത്തിൽനന്മവിട്ടാൽ
മലമമ്പോഗതിയെങ്ങതിന്നുവേറെ
വിലസദ്രവിയസ്തമിക്കയാൽകേ-
വലമഭ്രംഗതമായിദുസ്തമിസ്രം 50.

---

46. ജലരാശി_സമുദ്രം ജന്തുസമൂഹം എന്നും അംശുമാലി_സൂര്യൻ
49. കുലായം_കൂട്. ശകുനി_പക്ഷി
50. മലം_ദോഷം, അഭ്രം_ആകാശം എന്നും

അനഘൻപുരുഷൻകൃതജ്ഞതാചി-
ന്തനയെത്തൻമരണത്തിലുംവിടില്ല
ദിനമന്നതിതന്നമാന്യനായു-
ള്ളിനനോടൊപ്പമുടൻമറഞ്ഞതില്ലേ 51

സതതംഗുണിയെബ്ഭജിച്ചിടുംപ്രാ-
കൃതനോടൊന്നകലുംമനുഷ്യരെന്നായ്
ശതപത്രനിവാസമമ്പൊവിട്ട
ഞ്ചിതയാംലക്ഷ്മിവെളിപ്പെട്ടതിന്നൂനം 52.

സ്വചിതപ്രഭയാംതമിസ്രയെക്ക-
ണ്ടുചിരാൽത്തഞ്ചിനഹർഷപുഷ്ടിയാലോ
രുചികൂടിടുമാറുലോകമെങ്ങും
ശുചിവർദ്ധിച്ചുവശായികമ്പമോടേ 53.

ഹതദൃസ്തിമിരാല്പതാരകൌഘം
നിതരാംദിഗ്വിവരങ്ങളിൽത്തിളങ്ങി
ഹിതമിത്രവിനാശബാധകൊണ്ടു
ന്നതനാകോൽഗതബാഷ്പനീർകണംപോലെ 54.

വിളിപേറിയരാത്രിയാമമട്ടിൽ
ക്കളിയായീശ്വരിതീക്കൊളുത്തിനാറെ
ലളിതദ്യുതിപൂണ്ടുദിച്ചനാനാ
ഗുളികശ്രേണികളോ തദൃക്ഷവൃന്ദം 55.

---

52. പ്രാകൃതൻ—നിന്ദ്യൻ—ശതപത്രം—താമരപ്പൂവു എന്നും

53. തമിസ്ര—രാത്രി. ശുചി—ശൃംഗാരരസം—അഗ്നി എന്നും—അഗ്നിക്കു വീര്യ്യവും ശൃംഗാരത്തിനു ശക്തിയും വർദ്ധിക്കുന്നതു ലോകത്തിൽ (ജനങ്ങളിൽ) രാത്രി കാലത്താണല്ലോ

54. താരകം—നക്ഷത്രം എന്നും വിവരം ദ്വാരം എന്നും മിത്രൻ—സൂര്യ്യൻ-ബന്ധു എന്നും നാകം-ആകാശം എന്നും

55. ഋക്ഷം—നക്ഷത്രം

വരുമമൃതഗുശോഭാവല്ലിബീജപ്രബോധം
തരുമെളിമപെടുന്നാക്കാന്തിപുഞ്ജത്തിനാലേ
സുരുചിരകുസുമാളീഭൂഷിതേന്ദ്രാശ്മനീല
ത്തിരുതറയുടെസാമ്യംതൽക്ഷണംനേടിവാനം 56.

ഏവംവന്നൊരുസന്ധ്യയെത്തടവുവി
ട്ടാലോകനംചെയ്തു സ
ത്ഭാവംപൂണ്ടുകൃതാംഗശുദ്ധിയുതയായ്
ഗേഹത്തിലുൾപ്പുക്കുമേൽ
ദൈവധ്യാനനിലീനഹൃത്തൊടമലം
ഭസ്മംധരിച്ചോത്തപോ
ലാവണ്യപ്രഭപുത്രിവേണ്ടതുനട
ത്തീതത്രകാലോചിതം 57.

---

56. അമൃതഗു—ചന്ദ്രൻ—ബീജം—കിഴങ്ങു—രുചിരം—മനോഹരം.

57. സായംകാലത്തു ശുഭ്രവസ്ത്രധാരിണികളായി കാലും മുഖവും കഴുകി കുളുക്കഴിഞ്ഞു ഭക്തിപുരസ്സരം ഭസ്മക്കുറിയിടുകയും മററു ചെയ്യുക ഹിന്ദുസ്ത്രീകളുടെ പഴയ ഒരു സമ്പ്രദായമാണല്ലോ.

# അഞ്ചാം സർഗ്ഗം.

സുതാരുണീവാടികയിൽഗ്ഗുണാളിസ-
ഞ്ചിതാഢ്യയായ് കൌതുകമേറുമാറുതാൻ
ശ്രിതാത്മസത്വദ്യുതിശക്തിയൊത്തു നി-
ഗ്ഗതാഘമാപ്പത്തിനിലാലസിച്ചുതേ 1.

ശരിക്കുവിദ്യാദിമഹത്വമേത്തുമ=
ങ്കുരിച്ചസാധാരണരാജവംശ്യയായ്
വിരിച്ചിതെങ്ങുംപുകളാട നന്മമൂ-
ത്തിരിക്കുവോരാ വരവണ്ണിനീമണി 2.

സരസ്വതീശ്രീപ്രമുഖാമരാംഗനോൽ
കരപ്രവൃണ്ണാംശമിണങ്ങിയൊപ്പമേ
ഒരസ്സൽമൈപ്പൂണ്ടിളയിൽജ്ജനിച്ചതൽ
സുരമ്യതേജസ്വിനിസവ്വമാന്യയാം 3.

നരൻെറപഞ്ചേന്ദ്രിയകഷ്ണത്തി നീ-
ശ്വരൻചമച്ചീടിനദിവ്യയന്ത്രമായ്
പരംലസിച്ചാത്തരുണിക്കുമോഹമ
ത്തരത്തിൽവന്നുപരിണീതയാകുവാൻ 4.

സ്വതന്ത്രകമ്മത്തെനയജ്ഞയായ് നിജോ
ചിതംനടത്തുംപടുകേമിയാസ്സതി
ഹിതത്തിനൊക്കുംധവനൊത്തുഭാവിജീ=
വിതംവഹിപ്പാനഥ ലാക്കുനോക്കിനാൾ. 5.

ഒരിക്കലേതോവഴിവന്നതങ്ങളിൽ
സ്സ്വരിച്ചരാഗാൽഗ്ഗണനീയയാമവൾ
വരിഷ്ഠസൽ"ദമ്പത് സാഹ"യെസ്വയം
വരിച്ചിതുൾക്കൊണ്ടുമണാളനെന്നുടൻ 6.

വിശേഷ"ഘൂർമ്മന്ദ"ലിലെജ്ജനാവലി
ക്കശേഷവുംനായകനായതെന്നിയേ
കൃശേതരാശ്ചൎയ്യചരിത്രനാണതൽ
സുശേമുഷീശാലിനിസൎഗ്ഗവൈഭവാൽ 7.

സുരാനുരൂപസ്പൃഹണീയഭൂരിസു-
ന്ദരാഢ്യമാംനന്മതികണ്ടുദിച്ചതിൽ
ദുരാസദപ്രാഭവമുള്ളവന്നുന-
ല്ലൊരാൎയ്യരാജത്വമിണങ്ങികേവലം 8.

നിരൎഗ്ഗളമാണിക്യപരാഗസ്പൃഷ്ടനാ
നരഷഭൻതന്നെനിരീക്ഷചെയ്യഹോ
ദരത്തിനാൽക്കാമനൊളിച്ചതൻെറപേ-
രരംശരിക്കായഥ ലോകമണ്ഡലേ 9.

ഖലാരിഷഡ്വൎഗ്ഗജയത്തെനേടിയാ
ബ്ബലാഢ്യനാംസ്ത്യധരാശനിൽസ്വയം
വിലാസിനിശ്രീരതിശക്തിനിത്യമ-
സ്സലംവിധംതോൽമവരുത്തിമേല്ക്കുമേൽ 10.

---

7. ഘൂർമ്മന്ദൻ—ഒരു രാജ്യത്തിൻെറ പേർ. ശേമുഷി—ബുദ്ധി.

8. സുരൻ—ദേവൻ ഭൂരി—സ്വൎണ്ണം വളരെ എന്നും സുന്ദരം—മനോഹരം ദുരാസദം—പ്രാപിക്കാൻ വയ്യാത്തതു്

9. പരാഗം-പൊടി-ദരം-ഭയം-ലോകം-ജനം എന്നും മനുഷ്യൎക്കു കാമശക്തി അദ്ദേഹത്തിൻെറ (ദമ്പതു സാഹയുടെ)ജന്മം മുതൽക്കേ തുടങ്ങിയുള്ളു എന്നു താല്പൎയ്യം

അരാതിവാരാകരമൎദ്ദനക്ഷമോ
ത്തരാത്മഹസ്താദ്രിയിൽനിന്നുസത്വരം
ദുരാപമാംകീൎത്തിസുധാവിലാസമാം
നരാളിചന്ദ്രന്നുകരസ്ഥമായിഹാ 11.

വരിഷ്ഠമാകുംത്രിഗണത്തെവേണ്ടമാ
തിരിധ്രുവംവിശ്രുതനായജനേശനിൽ
സ്ഥിരിക്കമാറാക്കണമെന്നുനണ്ണിയോ
ശരിക്കയാളോടുകലാളിയൈക്യമായ് 12.

നിസൎഗ്ഗജത്യാഗഗുണത്തിനാലെയാ
രസസ്ഥധീശൻെറപരാൎത്ഥരാശികൾ
അസംശയംവെന്നഴൽമൂലമോദിവോ
ല്ലസൽദ്രുമങ്ങൾക്കുജഡത്വമാൎന്നുതേ 13.

സമഗ്ര്യലക്ഷ്മീധരനായ്‌സ്ഫുടകലാ
സമഗ്രനായ്‌സജ്ജനവന്ദ്യനായ്‌വിധു
സമൎത്ഥനായില്ലനിജപ്രദോഷസം
ഗമത്തിനാൽമാന്യനയാളെവെല്ലുവാൻ 14.

കനത്തദുഷ്കാലനിദാഘതാപമേ-
റ്റനല്പമായ്‌വാടിനധൎമ്മഭൂരുഹം
പുനശ്ചമെല്ലെന്നുവളൎന്നുഭൂഘനാ
ഘനൻെറദാനാമൃതസേകവൃത്തിയാൽ 15.

---

10. ഷഡ്വൎഗ്ഗം-കാമക്രോധാദികൾ എന്നും. ധരേശൻ-രാജാവ്-ശിവൻഎന്നും 11. ക്ഷമം-ശക്തം—നിലാവിൽ അമൃതുണ്ടത്രേ 12. ത്രിഗണം—ധൎമ്മാൎത്ഥ കാമങ്ങൾ 13. ത്യാഗം—ദാനം—ദിവം—സ്വൎഗ്ഗം— ഖംദിവംനഭഃ—ത്രികാണ്ഡശേഷം 14. പ്രദോഷം—രാവിൻെറ ആരംഭകാലം 15. നിദാഘം—വേനൽ. ഘനാഘനൻ—ഇന്ദ്രൻ—ശക്രോഘാതുകമത്തേഭോവൎഷുകാബ്ദോഘനാഘനഃ-അമരഃ —അമൃതം വെള്ളം. പീയൂഷം എന്നും

തദീയസാരസ്യമെഴുംമനസ്സിലെ
സ്സദീൎഘ്യഗാംഭീൎയ്യഗുണംനിമിത്തമായ്
ഉദീൎണ്ണഹൂൽക്കാരമിടുന്നിതോമഹാ
നദീശനസ്സോൎമ്മിഭുജത്തൊടിപ്പൊഴും 16.

പ്രിയത്തൊടാ“ദ്രമ്പത് സാഹ,,ഭോഗളക്
വയസ്സിൽവിശ്വംഭരനാകുമൂലമോ
ജയസ്പൃഹൽക്കയ്യിലദൃശ്യശക്തിയെ
സ്വയംകുമാരൻപടിപൂണ്ടുഭൂഷയായ് 17.

വിലപ്പെടുംവിൺതരുവിന്നുനന്ദന
സ്ഥലംമഹീരുട്ടിനുവാരിദോദകം
അലംഘ്യലാവണ്യനദിക്കുയൌവനാ
ചലംവിഭൂതിക്കഥവാനവപ്പുള്ളു 18.

ഭ വാഹകൎമ്മത്തിനുലക്ഷ്മിനൽപ്പുകൾ-
ക്കവാച്യമട്ടിൽബ്ബൃഹദ്ദാനശീലത
നവാമൃതത്തിന്നുപയസ്സമുദ്രമാ
കുവാസവൻതൻഗുണമെന്നിതൊപ്പമായ് 19.

പരംസ്വസങ്കല്പിതജീവിതേശനാ
മൊരപ്പുമാനെങ്ങുരുവോടുസമ്മതം
എരക്കവാനായിബ്ബലാൽവരുത്തിമ-
ന്ദിരത്തിലേക്കാത്തരുണീശിരോമണി 20.

---

16. നദീശൻ—സമുദ്രം ഊൎമ്മി—തിര

17. ഭോഗം—പാമ്പിൻവള. സുഖം എന്നും വയസ്സ—പക്ഷി യൌവനം എന്നും യഥോഹ്യമാനഃ എന്ന നൈഷധപദ്യം നോക്കുക കുമാരൻ-സുബ്രഹ്മണ്യൻ—യുവരാജാവു എന്നും

19. കു—ഭൂമി. വാസവൻ—ഇന്ദ്രൻ

കരുത്തെഴും തൻപ്രിയതാതനോസുത-
യ്ക്കൊരുത്തമക്ഷത്രിയവീരകാന്തനെ
പുരുപ്രിയത്താലപരം തിരഞ്ഞെടു-
ത്തൊരുങ്ങിനില്പാണവരോടു ചേൎക്കുവാൻ 21.

സ്വവാഞ്ഛയായോരവളെക്കുറിച്ചുകൈ-
തവാശയഃ സ്നേഹമുദിക്കയാൽ ക്ഷണം
അവാൎയ്യവിദ്വേഷമിയന്നിതമ്മഹീ-
ധവാഗ്ര്യനാപ്പുത്രിയതാചരിക്കവെ 22.

കരൾക്കിണങ്ങും പുരുഷേന്ദുവെപ്പലേ
തരത്തിലായെങ്ങുമിളസ്കകം സ്പുടം
തിരഞ്ഞുദുൎഗ്ഗാവതിവാഞ്ഛിതം വിധം
കരസ്ഥമാക്കികൃതകൃത്യയായിപോൽ 23.

കടുപ്പമേതാണ്ടൊരുകാൎയ്യബോധമുൾ-
പ്പെടുന്നപെണ്ണന്നുതിരക്കിലും സ്വയം
എടുക്കുകില്ലീദൃശദുസ്വതന്ത്രതാ
പടുപ്രഭാവത്തെ വിശങ്കയില്ലമേ 24.

ഫലേതരം വിദ്യകളഭ്യസിച്ചു സൽ-
കുലേദ്ധ്യയായുള്ളവളെക്കുറിച്ചു ഞാൻ
ബലേബലേ ചൊല്ലിമുദാതെളിഞ്ഞതി-
നലേശമാഹന്തവൃഥാഭവിച്ചുപോയ് 25.

ചെറുപ്പകാലത്തുപിതാവു,യൌവ്വനം
വരുമ്പൊളോമൽപ്പതി,വാൎദ്ധകേസുതൻ
ഭരിച്ചിടുന്നുണ്ടവരെസ്വതന്ത്രത
യ്ക്കൊരിക്കലുംയോഗ്യകളല്ലനാരിമാർ 26.

യഥാൎത്ഥവിജ്ഞാനിജനങ്ങൾമിക്കതും
കഥാവശേഷത്വമിയന്നകൊണ്ടിഹ
അഥാഖിലാത്മസ്ഥിതിസൂക്ഷ്മസംഗ്രഹം
വ്യഥാകരംതാൻമനുജൎക്കുനിൎഭരം 27.

ഇതേവരെപ്രീതിയൊടായവൾക്കുവേ
ണ്ടതേതുമന്നന്നുകൊടുത്തുവന്നഞാൻ
സ്വതേമഹത്വംപെടുമക്കുമാരിതൻ
ഹിതേച്ഛവല്ലെന്നുലവംവരുന്നിതോ 28.

സമസ്തകാൎയ്യത്തിലുമൊപ്പമെന്റെകീ
ഴമന്നുനില്ക്കേണ്ടവളിപ്പൊളൊന്നിനാൽ
അമന്ദമായ്‌തെററിയതാശയസ്ഥിതി
ക്രമത്തെനേരാംപടികാട്ടുകല്ലയോ 29.

വരേണ്ടതെല്ലാംമമവന്നിടട്ടെയാ
ദ്ധരേശ്വരസ്വീകരണത്തിലേഷഞാൻ
ദരേതരംനിശ്ചയമാണുകാമിനീ
വരേണ്യയായുള്ളവളോടിണങ്ങിടാ 30.

---

25. ഛലം—വ്യാജം സ്ഖലിതം എന്നും ഛലം ഛത്മസ്ഖലിതയോഃ ഹൈമൻ

മനസ്സിലേവംനിരൂപിച്ചുറച്ചവൻ
മനസ്വി“ഗൂർമ്മന്ദലി”ലെപ്രജേശനായ്
സ്വനന്ദിനീകന്യകതന്റെപാണിപീ=
ഡനംനടത്താനരുളീലസമ്മതം 31.

ഉടൻകയർത്താനുപരഞ്ഞുമിഞ്ഞുമേ
ററിടഞ്ഞുചെയ്തീടിനഘോരസംഗരേ
മടക്കിനാൻതന്നെതിരാളിമന്നനെ
ബ്ഭടഷഭൻ“ദമ്പത്സാഹ”ശക്തിയാൽ 32.

ഇളിഭ്യനായീസമരത്തിലെങ്കിലും
തെളിഞ്ഞരാതിക്കെഴുമൂക്കകാണ്കവേ
കുളിർത്തുജാമാതൃപദാർഹനെന്നുതാൻ
വിളിപ്പെടുംഭാസ്കരരാട്ടുവാഴ്ത്തിനാൻ 33.

പരംഗുരുപ്രീതിയൊടൊത്തുനല്ലപേർ
പരന്നദുർഗ്ഗാവതിയെക്രമപ്പടി
സ്വരമ്യപത്നീമണിയാക്കിമാന്യനാ
നരഷഭൻസാത്ഥഗൃഹസ്ഥനായിനാൻ 34.

സ്മരന്നുസഞ്ജീവിനിപോലെകാമുക
ക്കരൾക്കുവിശ്രാമഗൃഹംകണക്കിനെ
ധരദ്ധിതൻദേവതപോലെസഞ്ചരി
പ്പൊരഗ്ര്യരാംകാന്തിസമൃദ്ധിപോലവെ 35.

---

35. ധരർദ്ധിതൻ ദേവത—രാജ്യലക്ഷ്മി

ശരീരമാർന്നാർദ്രസംവിധംയശോ
ധുരീണലാവണ്യലതാശിഖോപമം
മരീചിമാഹാത്മ്യമൊടുല്ലസിച്ചൊരാ
ശിരീഷമൃദ്വംഗിജയിച്ചിതപ്പൊഴേ 36.

ഒരേവിധംപാവനരാഗസാഗരാ
ന്തരേപതിച്ചായുവദമ്പതീജനം
ചിരേഷ്ടസാധിച്ചവിധംമഹോത്സവാ
ദരേണലീലാരസമാസ്വദിച്ചതേ 37.

പ്രതിക്ഷപംമച്ചകമാർന്നുതമ്മിലുൾ
പ്പതിഞ്ഞൊരാക്കൂട്ടർമുറയ്ക്കനേകധാ
രതിക്കിടക്കേടുവരാതതാചരി
ച്ചതിൽപ്പരാനന്ദമറിഞ്ഞുമേല്ക്കുമേൽ 38.

സമാനയോഗ്യത്വമുദിച്ചിരിക്കുമാ
സ്സുമാന്യജായാധവരൊപ്പമെപ്പൊഴും
ക്രമാതിഗോത്സാഹരസൈകമഗ്നരാ
യമായമിഷ്ടപ്പടിനീക്കിനാളുകൾ 39.

സമഗ്രകാമപ്രതിപത്തിനേടുവാ
നമന്ദമുൾക്കൊണ്ടവിചിന്തഹേതുവോ
പ്രമത്തരാമ്മാറവരെന്നുമന്തിയിൽ
സമംയഥേഷ്ടംമധുസേവചെയ്തുതേ 40.

---

36. ശിഫാ—വേര്. മരീചി—ശോഭ—ശിരീഷം— നെന്മേനി വാകപ്പൂവ്

37. ശാലാലീ മൈഥിലീമൈത്രി ദമ്പതീജമ്പതിചസാ-വാചസ്പതി

40. മധു-വസന്തം-മദ്യം എന്നും

സ്ഫുരിക്കുമംഗദ്യുതിയാത്മഭൂവിനു
ള്ളരിത്വമുണ്ടാക്കിനതദ്വധൂവരർ
ഹരിപ്രിയാസക്തിവശാൽസുരേഷ്ടമ-
ങ്കുരിച്ചസന്മാനിതരായിവിസ്മയം 41.

പരസ്പരൌത്സുക്യമിണങ്ങിയാശ്രുനി-
ബ്ഭരംതകത്തുള്ളരതിത്തിരക്കിനാൽ
തരംകലന്നോരവരെത്ത്യജിച്ചപോ=
യരമ്മ്യനിദ്രാളിതദീയസംഗമേ 42.

ഒരിക്കലാശ്ലേഷരസാദ്രചിത്തരാ
യിരിക്കവേപത്നിയൊടാരസേശ്വരൻ
ചിരിച്ചവൾക്കുമ്മകൊടുത്തുകൊണ്ടുമു-
ച്ചരിച്ചുമഞ്ജുപ്രണയസ്ഫുടാക്ഷരം 43.

പ്രിയപ്പെട്ടുംസുന്ദരിലോകപൂജിതോ
ദയക്രമോല്ക്കൎഷമകന്നൊരെന്നെനീ
സ്വയംവരിച്ചെന്തിനുനിന്ദ്യജീവിതാ
ശ്രയത്വമുണ്ടാക്കിനിനക്കുകേവലം 44.

പവിത്രമാംരാഗമെനിക്കുനിന്റെമേൽ
കവിഞ്ഞിരുന്നീടിലുമിപ്പൊളിങ്ങനെ
അവിഘ്നമായ് ഭവദിഷ്ടയോഗമുൽ=
ഭവിക്കുമെന്നായ്കരുതീലഞാൻപരൻ 45.

---

41. ആത്മഭൂവ്-കാമൻ-ബ്രഹ്മാവു-എന്നും തദ്വധൂവരർ ദമ്പ
ത്സാഹയും ദുൎഗ്ഗാവതിയും. ഹലി (രി) പ്രിയ—മദ്യം--ലക്ഷ്മി എന്നും
സുരേഷ്ടം-ദേവന്റെയും കള്ളിലേയും ഇഷ്ടം

45. പരൻ—ശത്രു—ജാതിസ്സാമ്യമില്ലാത്തവൻ എന്നും

അമാനുഷപ്രാഭവമങ്ങയിൽക്കണെ
ക്കമായമേശാത്തകുനാഥനേഷഞാൻ
ക്രമാതിഗംതവൽപ്രണയാദ്രനായ് ത്തദ
ഗ്രിമാവനീട്ടൽജ്ജയമേന്തിവൻശ്രമാൽ 46.

അഗണ്യമെന്തൊക്കെനടത്തുകില്ലഹാ
ജഗത്തിൽമായാഹ്വതഹ്വത്തെഴുംജനം
മൃഗപ്രമുഗ്ദ്ധാക്ഷിതവാംഗകഷിത
പ്രഗത്ഭധീയാമഹമെന്നപോലവെ 47.

പ്രശസ്തദിവ്യാംഗനനീയെനിക്കുകൈ
വശത്തിൽനിന്നാൽമതിലോകമൊക്കയും
വിശങ്കടപ്രേമനിധേ!ജയിച്ചിടാ
മശങ്കമേതൽപ്പുരുഷോത്തമൻജവാൽ 48.

തെളിഞ്ഞുകേട്ടീടിനവല്ലഭന്റെനൽ
ക്കളിപ്രസംഗത്തിനുവേണ്ടപോലവൾ
വെളിപ്പെടുംപുഞ്ചിരിയോടുകൂടിയുൾ
ക്കളിക്കുമാറുത്തരമൊത്തുചൊല്ലിനാൾ 49.

ശരിക്കുഞാനെൻപ്രണയാംബുധേ!ഭവൽ
ച്ചരിത്രമെല്ലാമൊരുപാടുമുന്നമേ
ധരിച്ചിരിപ്പുണ്ടിഹമുഗ്ദ്ധഭാവമ
ങ്കുരിച്ചപെൺജാതിയിലുള്ളതാകിലും 50.

---

46. ക—അല്പൻ—എന്നും

48. ദിവ്യാംഗന—അസാമാന്യസ്ത്രീ— അത്ഥാൽശ്രീഭഗവതി എന്നും

മനസ്സിലെതോന്നലിനാണുസവ്വസ
ജ്ജനങ്ങളുംമുഖ്യതചൊൽവതാകയാൽ
അനൎത്ഥമല്ലീമമനവ്യജീവിത
ത്തിനെക്കുറിച്ചോതിയതങ്ങുസാമ്പ്രതം 51

എനിക്കസാമാന്യമഹത്വമെന്തുഞാൻ
ജനിച്ചവംശത്തിലെവൈഭവംവിനാ
മിനിട്ടുമേവംവിടുവാക്കുചൊല്ലിവാ
ണിനിക്കുഴിക്കൊല്ലുഭവാൻഫലേതരം 52.

ഭവൽപ്പെരുംനന്മയിലിമ്മിപോലുമി
ല്ലിവൾക്കുതൽച്ചാരുതകാരണംഭവാൻ
ധ്രുവംസമസ്താശകളെജ്ജയിക്കയോ
നൃവൎയ്യമൌലേ മ.മബന്ധകാരനായ് 53.

ഗുണപ്രകാശാലിരുപേരുമുൾത്തെളി
ഞ്ഞിണങ്ങുകിൽക്കേവലമൈക്യമുള്ളവർ
കിണച്ചിലേററാലുമവൎക്കുദിച്ചമൈ
കണക്കുഭിന്നിപ്പവരില്ലതങ്ങളിൽ 54.

ഏതാദൃക്പ്രണയിനിതൻസുഭാഷിതത്താൽ
പ്രീതാവസ്ഥയിൽമനമാണ്ടൊരാനരേന്ദ്രൻ
ചൂതാസ്ത്രോത്സവവിധിനിത്യമായ് നടത്തി
ശ്രീതാവുന്നവളൊടുകൂടിവാണുസൌഖ്യം 55.

---

53. സമസ്താശകൾ—എല്ലാ ആഗ്രഹങ്ങൾ—ദിക്കുകൾ എന്നും ബന്ധം—ചേൎച്ച—തടവു എന്നും.

54. ഗുണം—രൂപാദിയും ശൌൎയ്യാദിയും

# ആറാം സർഗ്ഗം.

പ്രിയപൂരുഷവീരപത്നിയാ
കിയദുർഗ്ഗാവതിയെന്നറാണിയെ
ജയദായകദശ്നത്തിനോ
നിയതംവേനലണഞ്ഞിതേകദാ 1.

പകൽക്കൂടുതൽനേരമിഷ്ടനോ
ടകലാതൊത്തുരമിക്കയാൽതദാ
പകകൊണ്ടുവരും സ്വസങ്കട
ത്തികവാലോകൃശയായിതാമസി 2.

തടവറ്റുനിദാഘമോടെതി
ത്തടരാടാൻകുരുത്തുന്നഹേതുവോ
സ്ഫുടമാളുകളൊപ്പമെപ്പൊഴും
തടവിചാരുതരാശുഗപ്രിയം 3.

ലതയെപ്രചിതപ്രസൂനസു-
സ്മിതയായ് കണ്ടരികത്തുവന്നളി
ഗതശങ്കമുതിർത്തപാട്ടുസ-
ന്തതമാക്കുംശ്രുതിസൌഖ്യമേകിതേ 4.

അരുണപ്രഭകേവലംഘൃണം
വരുമാറുക്കൊടുനാടുകാക്കിലും
ഒരുഃപാലെസമസ്തമർത്ത്യരിൽ
പ്പെരുതാംതൃഷ്ണഭവിച്ചിതന്നഹോ 5.

---

3. ആശുഗം—കാറ്റ—ബാണം എന്നും

5. തൃഷ്ണ—ആഗ്രഹം

പ്രിയതൻമുഖവായുവേററന-
ങ്ങിയമദ്ധ്യത്തെരസേനകാമികൾ
സ്വയമന്തിയിൽമഞ്ജുവാസിതാ-
ലയമെത്തിപ്പതിവായ് സ്വദിച്ചതേ 6.

ദലഹീനതവന്നവിദ്ര.വിൻ
നിലകണ്ടുള്ളവിചിന്തമൂലമോ
ഉലകിങ്കലെമുഖ്യനിമ്നഗാ
കുലമാഹന്ത ചടച്ചുമേല്ക്കുമേൽ 7.

ദ്യുമണിദ്യുതിയേററുവാടിടും
സുമനസ്സന്തതിമൃത്യുഭീഭരാൽ
ക്രമമററുകുടിച്ചതായ് വരാ
മമൃതംദുർല്ലഭമായി സത്വരം 8.

ശിവലോകതപോബലത്തിനാൽ
ധ്രുവമാതങ്കമിയന്നഹേതുവോ
യുവതീജനസുസ്തനാദ്രിമേൽ
നിവസിച്ചൂകുളിർഗ്ഗൂഢമെപ്പൊഴും 9.

മുലക്കുന്തൽതുടങ്ങിയുള്ളെടം
കലരേണ്ടുന്നതുചേർത്തുമങ്കമാർ
നലമോടുകെടുത്തിവല്ലഭ-
ക്കലമേറുംശുചിശക്തിയെബ് ഭൃശം 10.

---

6. രസം—ശൃംഗാരം
7. ദലഹീനത—ദാരിദ്ര്യം വിദ്ര.—വൃക്ഷം എന്നും
8. ദ്യുമണി—സൂര്യൻ എന്നും
9. യുവതീമണീയാം സുകന്യ എന്നു പാണ്ഡവോദയത്തിൽ കാണുന്നു.
10. ശുചിശക്തി—ഗ്രീഷ്മബലം

നരർതൻസുകൃതോത്ഥമായെഴും
കരൾമുത്തൊക്കെവിയർപ്പുനീർമിഷാൽ
തരസാവെളിവായിവന്നുനി
ഷ്ഭരമൊത്തീയശരീരയഷ്ടിയിൽ 11.

ഉയരുംപുകയാംബലത്തൊടേ-
ശിയ തീച്ചുട്ടികൊതുക്കളെസ്സമം
പ്രിയമററഖിലംമൂടിക്കുവാൻ
നിയതംവേനലിനായ് ത്തുണച്ചതേ 12.

ജതുരാഗമണിഞ്ഞകാൽകളിൽ
പ്പുതുതാംനൂപുരമിട്ടനാരികൾ
അതുനാൾമദനാൎത്തിയെക്കൊട
ത്തിതുതന്നെന്നനടപ്പിലേവനും 13.

കനമുള്ളമഹാതപപ്രിയം
തനതുള്ളിൽപ്പുലരുംനിമിത്തമോ
വനലോലുപരായിനാട്ടിലെ
ജ്ജനമെല്ലാംമഹിഷങ്ങൾപോലവേ 14.

ചുടുവെയിലിലുണങ്ങിവിണ്ടചേ-
റൊട്ടമിന്നുംകുളമാന്നപന്നികൾ
പടുമൎദ്ദനകേളിചെയ്തവൻ
കൊടുതാംതേററകൾകൊണ്ടതിന്നകം 16

13. ജതുരാഗം—ചെമ്പഞ്ഞിച്ചാറ്.

14. വനം—വെള്ളം—കാട് എന്നും മഹിഷം—പോത്ത്

സ്ഫുടപുഷ്കരനീലസന്മണി
തടഭ്രംഘട്ടനശക്തിയാൽവിധം
പടരുംതപനൻെറകാന്തിയുൽ
ല്ലൂടതാപത്തെവരുത്തിയാരിലും 16.

തുലവിട്ടനിദാഘലക്ഷ്മിതൻ
ബലമീക്ഷിക്കെമനംമയങ്ങിയോ
ജലഭൃത്തുകളുംബരത്തെയോ
ട്ടലസാതാശ്രുപരിത്യജിച്ചുപോയ് 17

പകലിന്നൊടുവിങ്കൽമഞ്ജുളോ-
ദകകേളീരതരാളിമാരുമായ്
സ്വകമന്ദിരനിഷ്കുടസ്ഥദീ-
ർഘികവൃകിക്കളിയാടിയന്നവൾ 18.

സ്ഫുരദഗ്ര്യതദീയദേഹസു-
ന്ദരകാന്തിസ്ഥിരദർശനേച്ഛയാൽ
പരമേഷ്ഠിവരംകൊടുത്തതാം
സുരലോകത്തിനുനിന്നിമേഷത 19.

സ്വമനസ്ഥിതിയൊന്നിൽമാത്രമേ
കിമഹപ്രസ്തുതരാജപുത്രിയായ്
സമഭാവമിരിപ്പതുള്ളതൽ
ക്കമനീസന്തതികൾക്കുനിർണ്ണയം 20.

കളിവാക്കുപറഞ്ഞിടസ്സുത-
ങ്ങളിൽമോദേനചിരിച്ചസംശയം
കുളിർവാപിയിലേസ്സുചെന്നൊരാ
ലളിതസ്ത്രീജനമീക്ഷണീയമാം 21.

ചടുലോദകദാനകർമ്മമു
ള്ളൊട്ടുതെററാതെകഴിക്കുമൂലമോ
നെടുതായെഴുമാക്കളുംസദാ
കടുദുഷ്കൃതവിട്ടുമിന്നിതേ 22.

പ്രിയതാംബുജവിലാസചാരുതാ
ശ്രയമുള്ളാക്കമലാകരംനിജം
ക്ഷയമെന്ന്യേനിലാവുനിന്നുവി-
സ്മയമാംമട്ടമൃതഛരലാൽ.സ്ഫുടം 23

കടലിൻശിശുവെന്നുതോന്നുമാ
റുടയാപ്പൊയ്ക്കുസ്വസത്വസംസ്ഥിതി
തടവററുവഹിച്ചിതെന്നുമൽ
ക്കടഗാംഭീര്യ്യമഹത്വമേല്ക്കിലും 24.

നയനോത്സവദായകങ്ങളാ-
കിയതണ്ടാരുകളാമ്പലെന്നിവ
നിയതംവിലസീസശൈവലോ
ദയപുഷ്പദ്യുതിപററുമാറതിൽ 25.

---

23. കമലാകരം_ലക്ഷ്മിയുടെ വിളഭൂമി എന്നും

തലപൊക്കിയെണീററുനിന്നനാ-
കുലമോമൽച്ചിറകാട്ടിയങ്ങഹോ
ജലയന്ത്രരവേണാഹംസമ-
ണ്ഡലമേകീകളഗാനസംശയം 26.

ഖരവിക്കുടിനകല്പടക്കുമേ
ലവിടെപ്പുക്കസിതാല്പപങ്കജം
സ്‌വിതൃപ്രിയമോർത്തുബന്ദിയായ്
ബ് ഭുവിപാൎപ്പിച്ചശശിപ്രകാശമോ 27

മലഹാരിതവാച്ചചാരുശൈ-
വലമോടെപ്പൊഴുമുള്ളസംഗമാൽ
ജലസൌഖ്യമമന്ദമാക്കളം
നിലക്കൂടാതൊരുപോലെനൾകിഹാ 28.

സ്ഫുരദിന്ദ്രമണീനികേതനാ-
ന്തരഭിത്തിപ്രഭപററിയങ്ങ൩ം
സ്ഥിരശൈവലഭുക്തിയാൎക്കമാ
ററയന്നങ്ങൾകറുത്തുമിന്നിതേ 29.

നരനംഗുലിതുല്യമൂൎമ്മികാ-
ഭരണംപൂണ്ടുസപുണ്ഡരീകമായ്
അരചന്നഭിഷേകവേളപോ
ലുരപെററുപെരുതാസ്സുരോമണി 30.

---

26, ഗാനം—കൈശിക—മദ്ധ്യമസ്വരം മാത്രം ഉള്ള പാട്ട്
30, ഊൎമ്മികാ—മോതിരം—തിരമാലഎന്നും പുണ്ഡരീകം—വെൺകററക്കുട—വെള്ളത്താമര എന്നും

സരസീജലഖേലനോത്സവം
പരമാകൎഷകമട്ടിലങ്ങനെ
തരസാപൊടിപാറ്റുവാൻധൃതാ
ദരമാസ്ത്രീകൾതെളിഞ്ഞൊരുങ്ങിനാർ 31.

അണിനിറെയൊക്കതുടൎന്നതൊക്കയും
പണിക്കൂടാതപസംശയംസ്വയം
കണിശത്തൊടഴിച്ചുവെച്ചിതാ
മണിരമ്യാംഗികളാക്കളക്കരെ 22.

ശ്രമവാരിയിലാണ്ടൊരാവധൂ
ത്തമമൈമേക്കേശിനപ്പൂവണിപ്പൊടി
സമമായ്ശ്ശുചിലക്ഷ്മിചേൎത്തതൽ
സുമനോജ്ഞാഭിനവാംഗരാഗമോ 33

അവരിൽകൃതമാലസൂനസം
ഭവരേണുശ്രിതചാരുഗാത്രിയായ്
ഭുവനോന്നതഗൌരിപോലെസൽ
പ്രവരശ്യാമയൊരുത്തിമിന്നിനാൾ 34

ഉടുവസ്ത്രമഴിച്ചുവെയ്ക്കിലും
തുടനീൎത്താർമിഴിമറ്റൊരംഗന
ചടുലോജ്ജ്വലപുഷ്പധൂളിയാം
നെടുമഞ്ഞത്തുകിൽമെയ്ക്കചാൎത്തിനാൾ 35.

---

31. ഖേലനം_ക്രീഡ
34. കൃതമാല_കൊന്ന രേണു_പൊടി

അവലോകനകാന്തിനൾകുമാ
യുവതിശ്രേണിസുധാംശുതന്നുടെ
നവരശ്മികൾപോലെലോചനോ
ത്സവമേററിപ്പെരുമാററിപൊയ്കയിൽ 36.

വരവേണികൾകെട്ടഴിഞ്ഞുസു-
ന്ദരമാല്യാദികൾപോയിസാമ്പ്രതം
തരളാക്ഷികളാചരിച്ചിതം-
ബരസല്ലീലരതത്തിനൊപ്പമായ് 37.

മലർകയ്യിണകൊണ്ടുതാളകോ-
മലമായ് ഭൂനടിമാർകളാമവർ
ജലമദ്ധ്യമടിച്ചുകൌതുകം
ഛലനൃത്തക്രിയയാൽപ്പുലത്തിനാർ 38.

വരഗാത്രമണിഞ്ഞചന്ദനം
പരയാംപെണ്ണിൽനിരീക്ഷചെയ്യവെ
ത്വരപൂണ്ടുചിരിച്ചൊരുത്തിനീർ
നിരതട്ടുംകപടാൽക്കളഞ്ഞുതേ 39.

തിരതല്ലിളകുംതടഷേക്ഷണം
തിരളുന്നാക്കുളുർപൊയ്കഹൃദസാൽ
വിരവോടുകുളിച്ചവൎക്കെഴും
പരമാംഗാഭയെവീക്ഷചെയ്തുതേ 40.

സരസീരുഹകേസരങ്ങളെ
സ്സുരസംവീചികൾവണ്ടിനുണ്ണുവാൻ
തരമോടുകൊടുത്തുദുജ്ജളോൽ
ക്കരമുദ്ധൃത്തനിലീനരല്ലയോ 41.

ബലമായ് പ്രകൃതോക്തസുന്ദരി
കുലവക്ത്രഛവിയേത്തുനേടിയോ
ജലസീമ്നിവശീകരിച്ചിതാ
നിലകോലുംകമലങ്ങൾവണ്ടിനാൽ 42

കളിയുള്ളവർകാതിൽവെച്ചുകാ
റൊളിനീർത്താർനിപതിച്ചുകണ്ടുടൻ
വെളിവായവിടെക്കരഞ്ഞിതാ
നളിനംകീണ്ണപയഃകണത്തിനാൽ 43.

ഇവർനിന്നെയധക്കരിപ്പുനിൻ
ശ്രവണംവൃകിനകുണ്ണമാഗ്ഗമായ്
ധ്രുവമെന്നുതരംഗബാഹുവാൽ
ബ് ഭുവനംതട്ടിമഹോല്പലങ്ങളെ 44.

അരയന്നമൊടൊപ്പമങ്ങെഴും
തിരമൂലംമൃദ്ദളാകൃതിപ്രഭ
തിരളുംസിതഫേനവൃന്ദമാ
സ്സുരസസ്ത്രീകളിലുല്ലസിച്ചുതേ 45.

---

44. ഭുവനാ—വെള്ളം. തട്ടൽ—ഹരിക്കൽ

ഗ്ഗുരുമൌക്തികമാലയെപ്രിയ
ന്നൊരുപെണ്ണംബുജനാളതന്തുവാൽ
കരുതീകളിയായ് ച്ചമയ്ക്കുവാൻ
വരുമോമുഗ് ദ്ധരിലഗ്ര്യധീസ്ഥിതി 46.

ഇതരാംഗനശുദ്ധമൂളിയി
ട്ടതനുത്സാഹമൊടാളിപംക്തിയിൽ
ഗതശങ്കമുയർന്നവക്ഷസ
ഞ്ചിതമാക്കീകുതുകാത്ഭുതോദയം 47.

നയനങ്ങളിൽമററവൾക്കുത-
ഞ്ചിയകാലുഷ്യമതീക്ഷചെയ്കവെ
സ്വയമൊന്നുചിരിച്ചിതാശ്രുതൽ
പ്രിയകേളീബലമോർത്താരോമലാൾ 48.

നളിനഭ്രമമേററവൾക്കെഴും
ലളിതശ്രീവദനത്തിലങ്ങനെ
തെളിവോടണയുംരസാന്ധമാ-
മളിയെപ്പൊക്കിയൊരുത്തിവീക്ഷണാൽ 49.

ഒരുകാമിനിയാൾക്കനീററിലു
ള്ളരുമപ്പെട്ടവയസ്യതൻകചം
കരുതാതുടനങ്ങടുത്തുക-
ണ്ടിരുളിൻമട്ടുളവാക്കിസാധ്വസം 50.

കിളിനേർമൊഴിമറെറാരുത്തിതൻ
തെളിവെൺമുത്തെതിർ പല്ലിടസ്ഥലിടെ
ഒളിവീശുകമൂലമന്യയാൾ
വെളിവാക്കീമുഖകാന്തിയെസ്വയം 51.

ക്രമമോടുദകത്തിലാളിതൻ
ചുമൽപുക്കാശുകുതിച്ചുചാടവെ
ശ്രമമറെറാരുതന്വിയാൾഭുജം-
ഗമലോകസ്ഥിതികണ്ടറിഞ്ഞുപോൽ 52.

പരിശുദ്ധജലപ്രപൂർണ്ണമാം
പെരിയാപ്പൊയ്കയിൽമുങ്ങിടുംവിധൌ
ഹരിണാക്ഷികളംബരാന്തരോ-
പരിതാരാളിവിധംവിളങ്ങിനാർ 53.

ലലനാകുലസംഗമംകല-
ന്നലയുംപൂങ്കുളമാജ്ജനത്തൊടും
വിലസത്തടഭൂവിലംഘന
ഖലനത്താൽഗമനംതുടങ്ങിയോ 54.

സ്തനകുങ്കുമപങ്കകീർണ്ണജീ
വനമദ്ധ്യത്തിലനേകമിങ്ങനെ
തനതിഷ്ടനിലസ്ഥശങ്കമാ
വനജാക്ഷീതതികേളിയാടിനാർ 55.

---

52. ഭുജംഗമലോകം—വിടന്മാർ—പാതാളം എന്നും

നേരംതെല്ലധികംകഴിഞ്ഞതുവശാൽ
വെള്ളത്തെവിട്ടാസ്സര-
സ്തീരംപററിമുറയ്ക്കുതന്നുടലണി
ഞ്ഞഞ്ചാതെയാത്രോക്തിയെ
സ്വൈരംതങ്ങളിലോതിനേടിനകൃതാ
ർത്ഥത്വത്തൊടുംവേഗമാ
സ്ത്രീരത്നങ്ങൾപിരിഞ്ഞുപോയവരവ
ർക്കുള്ളാലയംപൂകിനാർ 56

## ഏഴാം സർഗ്ഗം.

തരിമ്പുമൂനംപിണയാതെനിത്യം
ശരിക്കുതൻവല്ലഭനോടുകൂടി
വരിഷ്ഠലീലാവിധിനിർവ്വഹിച്ച
ക്കുരിച്ചിതാരാജസുതസ്സുഗർഭം 1.

ഇടഞ്ഞടിച്ചീടിനകാമനെ ക്കീ
ഴടക്കിഞാൻസാമ്പ്രതമെന്നുഹൃത്തിൽ
പടന്നുനൽതുഷ്ടിനിമിത്തമോ വൃ-
വുടൽക്കവൾക്കാശ്ശുനിറംപകന്നു 2.

കരൾക്കുമൂനേതരസത്വശോഭാ
ഭരംഭവിച്ചുള്ളതുഹേതുവാണോ
കരസ്ഥമാക്കീനിജജന്മമൊക്കും
തരത്തിലാസ്ത്രീമണിസാത്വികത്വം 3.

മനഃപ്രസാദാതിശയത്വമേററു
കനത്തതന്നുന്നതിമൂലമാണോ
അനല്പമന്നത്തിൽവിരക്തിയന്നാ
മനസ്വിനീമൗലിവെളിപ്പെടുത്തി 4.

തികഞ്ഞവെൺപാലൊളിഗർഭസംസ്ഥാ-
ർഭകന്നുദിക്കുന്നതിനായിരിക്കാം
അകന്മഷംവെണ്ണജപിച്ചശിക്കും
സുകർമ്മമാഗ്ഗർഭിണിചെയ്തുനിത്യം 5.

കുരുത്തവല്ലാത്തവിനീതവൃത്തി
പൊറുക്കുകില്ലെൻറമഹത്വമെന്നായ്
വരുന്നമാൽകാരണമായിരിക്കാം
കറുത്തിതാക്കാമിനിതൻകുചാസ്യം 6.

നിരർഗ്ഗളംഗർഭവിശേഷകാന്തി
തിരണ്ടതാമാസ്തനമാശുകണ്ണിൽ
അരമ്മ്യമായ് കഞ്ചുളലേഖനത്താ
സ്ഥരദ്രസംചെയ്തതുപോലെതോന്നും 7.

അനല്പമാപ്പത്മിനിതൻപ്രമുഗ്ദ്ധ
സ്തനങ്ങളാംതണ്ടലർമൊട്ടിലപ്പോൾ
ഫലനദ്യുതിക്കൊത്തകറുപ്പുകണ്ടാൽ
നിനച്ചുപോംവണ്ടുകളെന്നുതന്നെ 8.

---

4. പ്രസാദം_സന്തോഷം_അനുരാഗം എന്നും പ്രസാദോ
നുഗ്രഹേകാവ്യഗുണസ്വാസ്ഥ്യപ്രസക്തിഷു_മേദിനി

അവൾക്കെഴും കുക്ഷിയിലെപ്പൊടിക്കു
ഞ്ഞവൎണ്ണ്യശ്ശ്രുഭ്രമരവിവാഴ്പ്പതെന്നായ്
സ്വവക്ത്രമാൎഗ്ഗം വെളിവാക്കിനാളാ
സ്സുവൎണ്ണചാൎവ്വംഗിതടസ്സമേന്യേ 9.

തദാനനശ്വേതമരീചിതൻസ-
മ്പ്രദായമിന്നും മുകുരം കണക്കെ
ഉദാരമായ് കാട്ടിവരുന്നു മോദ
നിദാനമാം മട്ടിൽ മധൂകപുഷ്പം 10.

അണഞ്ഞ ഗൎഭസ്ഥിതമാം കിടാവിൽ
ഗുണത്തിലെബ്ഭൂരിഭരത്തിനാലോ
ഇണങ്ങി മാന്ദ്യം ഗതിയിൽ സ്വയം സൽ
ഗ്ഗുണം വണങ്ങുന്നൊരവൾക്കു മേന്മേൽ 11.

സ്തനപ്പയാഗ്രത്തിലെഴും കറുപ്പു
കനത്തു കണ്ടേശിന പേടികൊണ്ടോ
അനല്പഭൂഷാളിയൊളിച്ചവൾക്കു
ള്ളനൎഘമാം പെട്ടിയിലേറിവാണു 12.

സ്വയം മണിക്കുഞ്ഞണിപൂണ്ടവൾക്കു
ന്നുയൎന്നുവന്നൂവയർ മെല്ലെമെല്ലെ
അയത്നമാക്കാണുവരാത്തതാഴ്മാ
ശ്രയത്വമേറ്റാലഭിവൃദ്ധി പാരിൽ 13.

---

10. മധൂകം—ഇരിപ്പമരം

തെളിഞ്ഞരീതിക്കവളിൽസദാശക്തി
വെളിപ്പെട്ടത്തുംരുചിയോടിടഞ്ഞോ
കളിച്ചുണന്നൊസ്സ്തിയെത്തദാഭ
ഗള്ളിക്കുമാറൊന്നു പുണന്നുവാട്ടം 14.

ശ്രമാവഹംഗർഭഗപോതമേന്തും
ക്ഷമാഗ്ഗുണത്തിൻമഹിമാവിനാലോ
സമാവഹിച്ചു വദനത്തിലാ നൽ
സുമാംഗിമുൽഗ്ഗന്ധഭരത്തെന്നൂനം 15.

തടസ്സമേന്യേസമയത്തിനൊത്തു
കിടച്ചിടുംദോഷഗ്ഗുണങ്ങളാക്കും
ചടച്ചിരുന്നീടിനമദ്ധ്യമാപ്പൊൻ
കുടസ്ഥനിക്കുന്നുതടിച്ചുവെല്ലോ 16.

തദായ്യസൌഭാഗ്യമയദ്വിപത്തിൻ
മദാംബുപോലാംനവരോമരാജി
ഉദാരഗർഭസ്ഥിതപോതരക്ഷാ
പ്രദായിയാംകാളഭുജംഗമാകാം 17.

വയററിലേക്കഞ്ഞിനുമാധുരീസ
ത്തിയന്നുകണ്ടുള്ളഴലാൽബ്ഭജിച്ചോ
പ്രിയംഭവിച്ചു പുളിതന്നൊടാ ക്ഷ-
ത്രിയപ്രഭുപ്രേഷ്ഠസുതസ്സുപാരം 18.

---

17. കാളഭുജംഗം—കൃഷ്ണസപ്പം

പരംഭിഷക്കിൻവിധിയേയുമഗ്ര്യ
തരങ്ങളാംപുംസവനാദിയേയും
സ്ഥരദ്രസംചെയ്തിതുവേണ്ടപോലാ
നരർഷഭൻപ്രേയസിയാൾക്കുകാലേ 19.

സ്ഥിരാത്മസംശുദ്ധിനിമിത്തമോ മാൽ
വരാത്തവണ്ണംശുഭയന്ത്രദംഭാൽ
ദുരാപമാംശക്തിവിശേഷമന്നാ
വരാംഗിയിൽതൽക്ഷണമുല്ലസിച്ചു 20.

ഭവിച്ചുഗർഭംക്രമമൊത്തുയന്നോ
ന്നവിഘ്നമായ് പൂർണ്ണതപൂകിയാറെ
സവിച്ചുനല്ലുണ്ണിയെമംഗളശ്രീ
പവിത്രകാലത്തവളാശുഭംഗ്യാ 21.

വലാന്തകാഗ്ന്യാദിദിശീശ്വരാംശ
ബലാഢ്യനാബ്ബാലനുദിച്ചപോതിൽ
തുലാദിഗപ്രീതിഭവിക്കകൊണ്ടോ
വിലാസഭാസ്സാർന്നിതുലോകമെങ്ങും 22

പിറന്നുദുർഗ്ഗാവതിപെററുപുത്രൻ
മറന്നിടുംഞാനിനിയല്ലലെന്നായ്
നിറന്നിതെന്നൽക്കപടാൽധരിത്രീ
മുറയ്ക്കുവിട്ടുകുളിർവീർപ്പുദവഗം 23.

---

20. ഗർഭകാലത്തു സ്ത്രീകൾ ധരിക്കാറുള്ളയന്ത്രം ശൂലിനി-എന്ന പേരോടുകൂടിയതാണത്രെ.

പരാക്രമംകോമളനാമവന്നു
കരാളമായ് നില്പതുവഹ്നിയന്നേ
സ്വരാജമാനദ്യുതിശക്തിയാൽബ് ഭ്രൂ
സുരായ്ക്കുണ്ഡത്തിൽവെളിപ്പെടുത്തി 24.

ഉണച്ചുപൂണ്ടെത്രയുമുച്ചമായ
ക്ഷണംപലേപക്ഷികളങ്ങുമിങ്ങും
അണഞ്ഞിരുന്നാത്മകമ്മസ്വനത്താൽ
കണക്കുകൂടാതെയഘോഷമാർത്തു 25.

സുലക്ഷണാംഗൻമകനെസ്സുപത്നി
യലക്ഷ്യമായ് പ്പെററതിൽമുത്തുയന്നോ
നലംപെറുംഭ്രവധുവിന്നനേക
മലങ്കൃതശ്രീഗുണമൃത്തിവന്നു 26.

വിശേഷവാദ്യപ്രമുഖോരുഘോഷ
വശേനതൽബ്ബാലകജന്മകാര്യം
അശേഷദിങ്മണ്ഡലിയോടചൊല്ലി
കൃശേതരോത്സാഹികളായ് ജ്ജനങ്ങൾ 27.

സ്വരാജവീരോത്ഭവയോഗ്യമായ
പരാദ്ധ്യഭാവങ്ങളിൽവേണ്ടവണ്ണം
സ്വരാശിതുംഗസ്ഥിതിപൂണ്ടുനിന്നു
ഖരാംശുമാൻതൊട്ടനവഗ്രഹങ്ങൾ 28.

---

22. വലാന്തകൻ—ഇന്ദ്രൻ 23. തെന്നൽ—ഇളങ്കാററ

24. കരാളം—ഭയങ്കരം

28. ലഗ്നത്തിൽ ബുധനും രാഹുവും 2-ാമേടത്തു ശുക്രൻ 5-ാമേടത്തു ചൊവ്വയും ചന്ദ്രനും 6-ാമേടത്തു ശനി. 7-ാമേടത്തു കേതു. 10-ാമേടത്തു ഗുളികൻ. 11-ാമേടത്തു വ്യാഴം 12-ാമേടത്തു ആദിത്യൻ

നിരസ്തദോഷം നഹിയൊന്നുമിങ്ങെ
ന്നുരപ്പതൊക്കുംമൊഴിയാക്കുവാനോ
സുരമ്മ്യനാപ്പുത്രനുദിച്ചതഹര
ന്നരത്തക്കൂറുള്ളൊരുനാളിലത്ര 29.

ഇളങ്കലേശോപമകാന്തിയേന്തി
വിളങ്ങിയാക്കുട്ടനെവി ക്ഷണാൽത്താൻ
ഇളസ്ഥകത്തുള്ളജനങ്ങൾമുററും
വളർന്നമോദാബ്ധിയിൽനീന്തിനിത്യം 30.

രതിപ്രിയാംഗാഭനവൻറമേൽക്കൺ
പതിഞ്ഞുനാരിജനമാകമാനം
കൊതിക്കയോകാമിനിയെന്നുപേർസ-
ന്തതിക്കുമുണ്ടാംപടിനേടിഗാഢം 31.

കുമാരകോല്പത്തിയറിഞ്ഞവാററാ
ക്ഷമാധവൻഹർഷരസാർദ്രഹൃത്തായ്
അമാന്തമററന്നധനാദിനൾകി
സ്സമാചരിച്ചാനഥവേണ്ടതെല്ലാം 32.

ക്രമേണനാനാവിധഭാവകേളീ
സമേതനായ് പ്രസ്തുതരാജപുത്രൻ
സ്വമേദുരാംഗപ്രഭനാളുതോറും
ശ്രമേതരം ചിന്നിവളർന്നുഭംഗ്യാ 33.

---

31. കാമിനി—ഭീരു—കാമിനീഭീരു വന്ദയോഃ (മേദിനി.)

വരിഷ്ഠനാരായണനാമധേയം
ശരിക്കണിഞ്ഞാച്ചെറുബാലവീരൻ
ഒരിക്കലുംരോഗഭയാൎത്തിമൂല
മരിഷ്ടമേല്ക്കാതെദിനംനയിച്ചു 34.

അമാനുഷത്വംതനുവാക്സ്വഭാവ
പ്രമാണമായ്ക്കാട്ടുമയാളെവേഗം
അമായമാചാൎയ്യസമീപമാബ്ഭൃ-
ഹിമാംശുവിദ്യാപഠനത്തിനാക്കി 35.

മിടുക്കനാമാക്ഷിതശക്രപുത്ര
നൊടുംവസിച്ചദ്ധ്യയനത്തിനാണോ
തിടുക്കനെത്തത്രബലപ്രഭാവം
പെടുന്നവൎഷത്തുസമാഗമിച്ചു 36.

സുരമ്യനീലോല്പലകാന്തിയുംനി
ബ്ഭരംവിഭിന്നാഞ്ജനചാരുഭാസ്സും
പരന്നുസമ്പ്രാപിതവാരിവാഹോ
ല്ക്കരങ്ങളാലേഗഗനാന്തരത്തിൽ 37.

കിടയ്ക്കുനില്ക്കാൻമമശസ്ത്രദാക്ഷ്യം
കിടച്ചൊരാണാരിതിചിന്തകൊണ്ടോ
തടസ്സമററാശുഗശക്തികാട്ടി
ത്തുടങ്ങിയെങ്ങുംഭവിവൎഷവീരൻ 38.

---

34. ബർനാരായണൻ—എന്നാണു പേർ.

ഹിതാടനത്തെത്തടയുംനിമിത്തം
പ്രതാപവാൻവായുശരംപൊഴിക്കെ
അതാതിടംനിന്നിടിനാദഭംഗാൽ
നിതാന്തമാർത്തുലംഘ്യദിഗ്ഗജങ്ങൾ 39.

ബലംവഹിക്കുംമുദിരൌഘമസ്ത
ഫലംദിനശ്രീവധുതന്നെമുഷ്ടാൽ
അലംപിടിക്കുന്നതിലാടലാലോ
പുലർന്നതേജസ്സിനനറുമേന്മേൽ 40.

ഇളങ്കരിമ്പുല്ലുകൾമഞ്ജുമോചാ
ദളങ്ങൾതേരട്ടകളെന്നിതെല്ലാം
വളർന്നുമിന്നീമഹിമേചകശ്രീ
മിളന്മണീഭൂഷിതവാമപോലെ 41.

പരംതെളിഞ്ഞാമഴവില്ലുകാമേ
ശരന്നുപാൽമുദ്രനിറച്ചുനൾകാൻ
പുരന്ദരൻമോടിവരുത്തിവെച്ചു
ള്ളൊരസ്സുലാംകാവടിയെന്നുതോന്നി 42.

വിരിഞ്ഞതണ്ടാരണിയുംകുളത്തെ
പ്പരിത്യജിച്ചുത്സുകഷൾപ്പദങ്ങൾ
തെരിക്കുന്നെപ്പററിമയൂരബർഹ
വിരിപ്പിൽനവ്യോല്പലശങ്കമൂലം 43.

---

39. ശരം വെള്ളമെന്നും
40. മുദിരം—മേഘം—കാമുകൻ—എന്നും മുദിരം കാമുക
മേഘ—മേദിനി—ദിനശ്രീ—ദിനലക്ഷ്മി (പകലൊളി)
41. മോച—വാഴ. മേചകം—കറുപ്പ്.
42. പുരന്ദരൻ—ഇന്ദ്രൻ
43. ഷൾപ്പദം—വണ്ട്—ഉല്പലം—കരിംകുവളം

വിയത്തുനല്ലഭ്രവിലാസസാമ്യാൽ
വയസ്യയാംമേദിനിയെസ്സലീലം
ഭയപ്പെടുത്തുന്നതിനോകരിങ്കാർ
മയപ്പൂതപ്പിട്ടുടലൊക്കെമൂടി 44.

സുലക്ഷണശ്രീപ്രിയഭൂമിദേവി
നലത്തൊടെപ്പോഴുമണിഞ്ഞിടാനോ
വിലപ്പെടുംവൃഷ്ടിമിഷേണമുക്താ
കുലത്തെവിശ്വംഭരനിങ്ങുനല്കി 45

വിടന്നിടുംപിച്ചികളാലുമമ്പ് ജ
ഷ്ഠടയ്ക്കൊഴുംകുമ്പൽവഴിക്കമെക്കൻ
മുടക്കമെന്യേ ചരമാചലത്തിൽ
കുടപ്പുളുഹിച്ചറിയേണ്ടതിക്കായ് 46

ജലക്കലക്കംപെരുകിഭ്രമംപൂ
ണ്ടലംഘ്യമാംനിർഝരവേഗശക്ത്യാ
തുലച്ചുടുത്തുള്ളമരങ്ങളെച്ചെ
ന്നലച്ചുവാരാശിയിൽനിമ്നഗാളി 47

ഖരാംശുവിൻശക്തിമുടിച്ചുധാരാ
ധരാഢ്യർപാരിൽകുളിരേകമൂലം
ചിരാലുയൎന്നാടിമയൂരവൃന്ദം
പരാനുമോദോത്സുകർസജ്ജനങ്ങൾ 48

---

44. അഭ്രം—സ്വൎണ്ണം എന്നും അഭ്രം മേഘേച ഗഗനേധാതു ഭേദേചകാഞ്ചനേ—മേദിനി.

45. മുക്താ—മുത്തു—പുംശ്ചലി എന്നും മുക്താമൌക്തിക പുംശ്ചല്യോഃ ഹൈമൻ—വിശ്വംഭരൻ—വിഷ്ണു—ഇന്ദ്രൻ എന്നും

അലക്ഷ്യമായുല്ലൂടജിഹ്മഗൌഘ
ബലത്തിനെക്കീഴിലടക്കിനിത്തി
ത്തുലപ്പെടാതർജ്ജുനശക്തിഭ്രമീ
തലത്തിലമ്പെപ്രചരിച്ചഭംഗ്യാ 49

കരസ്ഥമാകുംകകുഭാദിസൂനോ
ല്കരത്തെനിത്യംപലരൂപമാക്കി
സുരമ്യശാതോദരിമാർതദീയ
ശിരസ്സിലുംമററുമലങ്കരിച്ചു 50

വനത്തിലെസ്സൈകതഭൂവിൽനന്മാ
നിനംസമുത്സാഹമൊടങ്ങുമിങ്ങും
അനർഗ്ഗളംപാഞ്ഞുനടന്നിടുന്ന
തനല്പമൌത്സുക്യമെവക്ക്മേകി 51

പതിഞ്ഞമട്ടായ ഫരിധമ്പിയഭൂ
മുതിത്തതെക്കാററണിനീർക്കണങ്ങൾ
മതിക്കകംപാന്ഥവധുക്കൾവേർവാ
ടതിൽച്ചമക്കുംവ്യഥകട്ടപോലും 52

---

49. ജിഹ്മഗൻ—സപ്പം എന്നും ജിഹ്മഗൌഘൌഘമന്ദഗേ—വിശപം—അർജ്ജുന പുല്ല് എന്നും

50. കകുഭം—നീർമരുത്.

51. സൈകതം—മണൽതിട്ട്.

52. പാന്ഥൻ—വഴിപോക്കൻ—വധു—ഭാര്യ വ്യഥ—ദുഃഖം

ഏവംഭൂരിഗുണൈകവൈഭവബലം
കാട്ടിജ്ജഗന്മോഹന
ശ്രീവന്ദ്യസ്ഥിതിയൊത്തുപാവനരസോ
ല്ക്കർഷത്തെവേണ്ടുംവിധം
പാവപ്പെട്ടജനത്തിനുംതടവുവി
ട്ടൊപ്പംസഹായംനല്കുവോ
രീവർഷോദയകാലമത്ഭുതസുഖോ
ത്സാഹപ്രദംതന്നെയാം 53

# എട്ടാം സർഗ്ഗം.

ദിനമനുഗുരുചിൻഹിതത്തെനോക്കി
ത്തനതുപഠിപ്പുനടത്തിയക്കുമാരൻ
മനസിദൃഢതയോടുകൂടിമേന്മേ-
ലനവധിവിദ്യകൾസംഗ്രഹിച്ചുനേരേ 1

തെരുതെരെനിഖിലത്തിലേയുമസ്സൽ
പ്പൊരുളറിവാക്കമത്തുൾപ്പതിഞ്ഞമേലോ
ഒരുപൊഴുതുമവൻമറക്കുകില്ലാ
വിരുതനെഴുംമതിശക്തിദിവ്യതന്നെ 2

വിവിധതരപുരാണശാസ്ത്രകാവ്യാ
ദ്യവികലബോധമുയർത്തിയാവിശിഷ്ടൻ
അവിരളരണകൌശലപ്രഭാവം
ഭവികമാംപടിനേടിവീതശങ്കം 3

സരസമധുരശീലമാദിയാമാ
ല്പരമാകുമാരഗുണങ്ങൾതൻപ്രകാശാൽ
ഉരമൊരുകിനദേശികന്നവങ്കൽ
സരഭസമുൾത്തെളിവേറിയേറിവന്നു 4

കൃതസുചരിതനാംബുധേന്ദുസർവ്വ
ജ്ഞതതടവിസ്സുമനോജ്ഞനേദ്ധ്യനല്ലോ
ഇതരനുലകിലില്ലിവണ്ണമാർക്കും
ഹിതകരനാണൊരുപാടുമൻപുതന്നെ 5

ശരിവരെനിജകൃത്യനിഷ്ഠസാധി
ച്ചരിമയൊടാഗ്ഗുരുശിഷ്യരുല്ലസിക്കെ
പരിമൃദുസുഷമാവിലാസസമ്പൽ
ബ്ഭരിതവിഭാതമൊരിക്കലെങ്ങുവ്യൂകി 6

കടുതരമിരുളാരെയോഭയന്നോ
ടിടുവതുതന്നൊടുതുല്യമൊന്നുകാണ്മാൻ
പെടമിണയെവിളിക്കയായിരിക്കാം
ഝടുതിമനോജ്ഞരവേണകോഴിക്കൂകി 7

ഘനതിമിരഭരാർത്തികൊണ്ടുധാത്രി
ക്കനവധിവന്നതളർച്ചതീരുവാനോ
അനഘശിശുസമീരണൻയഥേഷ്ടം
വിനയബലത്തെവെളിപ്പെടുത്തിവീശി 8

---

8 ധാത്രി—ഭൂമി—ഉപമാതാവു എന്നും

സുമനുജജയമേററദൃഷ്ടനിദ്രാ
രമണിയെഹന്തമൃതിപ്പെടുത്തുവാനോ
ക്രമമൊടുവെടിപൊട്ടലുച്ചമായി
ക്ഷമയിലതേസമയത്തുടൻതുടങ്ങി 9

തമിയുടെനിഭൃതാർത്തിമൂലമാകും
തിമിരബലത്തിനുനാശമേകകൊണ്ടോ
അമിതരുചിരലക്ഷ്മിയാളെവീത
സ്തിമിതഘൃണിപ്രഭശുക്രനന്നുനേടി 10

പതിതടവിനമുഗ്ദ്ധനാരിമൂലം
മൃതിമയദൃഗ്ദശതീണ്ടിയില്ലനമ്മേ
ഇതിപവനവിഘൂർണ്ണിതപ്രദീപം
രതിമതികൊണ്ടുകണക്കുതുള്ളിവേഗം 11

ഇരുൾവിജയമൊടാന്കാല്യദേവൻ
തിരുവടിതന്നുടെപോലെയമ്പലത്തിൽ
പെരുതുണർവുസുമാനുഷർക്കുമേകും
നിരുപമശംഖരവംമുഴങ്ങിനൂനം 12

ഉരപെരുകിനമഞ്ജുകാന്തിദിക്സ്ത്രീ
നിരകളിലേററഴമല്ലൽമൂലമാണോ
നിരവധികരയാൻതുടങ്ങിനാനാ
തരലഘുപക്ഷികളങ്ങുമിങ്ങുമുച്ചം 13.

---

10. സ്തിമിതം—തരളം സ്തിമിതസ്തരളേക്ലിന്നേ—രുദ്രൻ—
12. കാല്യം—പ്രഭാതം.

കമലസുതവധൂവിലാസമോലും
സമയമിതാസമുപാഗമിച്ചിതെന്നായ്
സമമുഡുനിവഹത്തിനോടെഴുംസം
ഗമമണിലക്ഷ്മിപരിത്യജിച്ചുതാനേ 14.

അതനുരുചിവിലാസമററൊരാവി
ശ്രുതലഘുതാരകളപ്പൊഴേനഭസ്സിൽ
ബതളവനതലാംബുജാതകോശ
ച്യുതമകരന്ദകണാളികേളിനേടി 15.

സുരവരദിശയിൽജ്ജവേനചേതോ
ഹരകപിശപ്രഭകേവലംവിളങ്ങി
ഖരകിരണരഥസ്ഥതാന്തകാകോ
ദരകടുനിശ്വസിതാഗ്നിഹേതിപോലെ 16

സ്വവരനുടെയഥേഷ്ടരാത്രിലീലോ
ത്സവവിധികർത്തൃതയെപ്രമുഗ്ദ്ധമാർകൾ
അവയവനിവഹാദികൊണ്ടുകാട്ടി
പ്രവരവയസ്യകളോടടുത്തുമെല്ലേ 17.

. വിരഹമയദശാനിലീനകോകോൽ
ക്കരമിരവിൽത്തടവുന്നതാപഭാരം
സ്ഥിരതയൊടുടനേവരിച്ചുവൈശ്വാ
നരനിതുപുണ്യജനാഘകർമ്മമല്ലോ 18.

---

14. കമലസുതവധു_സരസ്വതി.
15. മകരന്ദം_പൂവ്വിലെതേൻ
16. സൂര്യ്യരഥത്തിൽ സർപ്പമുള്ളതായി ഹരവിജയകർത്താവു (രാജാനകൻ) പറയുന്നു.

വലരിപുഹരിദംഗനസ്സുകോലും
തലയിലെമദ്ധ്യമരേഖയിൽപ്രകാമം
വിലസിടുമണിനാഗസംഭവത്തിൻ
ത്തുലനനിരർഗ്ഗളമാപ്രഭാതമേന്തി 19.

പ്രിയസഖിതവശൂണ്ണിവേണ്ടതാനി
ദ്ദ്രയനൊട്ടുതാനിഹനർമ്മവാക്കിതിഷ്ടാൽ
നയനകലുഷകാന്തികണ്ടിടട്ടോ
ത്തിയതനതാളിയൊടന്നൊരുത്തിനേരേ 20.

ക്ഷതമയികഥമംബുജാക്ഷിനിൻലോ
ഹിതരുചിയുള്ളധരത്തിലുത്ഭവിച്ചു
കൃതരദഹതിഹേതുവോവെറും,പ്രാ
കൃതമിതിവണ്ണമുള്ളക്കറിഞ്ഞുചൊല്ലി 21.

പെരുകിനപരിരംഭവിഭ്രമത്തോ
ടൊരുതരുണീമണിവല്ലഭൻറമാറിൽ
വരമുരുവിരഹാർത്തിയോർത്തുരസ്സാ
സ്സുരുചിരചില്ലിവളച്ചുനിന്നുചേർത്തു 22.

അലഘുരവിരുചിപ്രവാളവല്ലീ
വലയസമന്വിതകാലസിന്ധുവിങ്കൽ
അലമിയലിനലോകസൈകതേനി
ർമ്മലശുഭവാസരരത്നമുല്ലസിച്ചു. 23.

---

18. വൈശ്വാനരൻ__അഗ്നി__പുണ്യജനം__നല്ലവർ__യക്ഷന്മാർ എന്നും 19. വലരിപുഹരിത്തു കിഴക്കൻദിക്കു__ സാഗരസംഭവം__സിന്ദൂരം__തലന-സാദൃശ്യം, 22. സുരുചിരം__മനോഹരം

23 രവി__ആദിത്യൻ-രുചി__രശ്മി. പ്രവാളം-തളിര്-പവിഴം എന്നും. കാലം-സമയം. സിന്ധു-സമുദ്രം ലോകം__ലോകസ്തു ഭുവനേജനേ അമരം. വാസരം__പകൽ.

നിരുപമശിവകാന്തിശക്തിയെങ്ങും
തെരുതെരെവന്നുപടൎന്നമൂലമാണോ
വിരുതെഴമലരമ്പനായുധത്തെ
പ്പെരുതൊരടക്കമിയന്നുതാഴെവച്ചു 24.

പലതുമിതുവിധംസമുത്ഭവിച്ചാ
സ്സ്ഥലമിതവേളയിൽവേണ്ടകൎമ്മമാശാൻ
അലസതകലരാതെചെയ്തനന്താ
വലരിപുപുത്രനോടുള്ളലിഞ്ഞുചൊല്ലി 25.

മതിയൊടിഹകുമാരകേൾക്കകിസ്സം-
ഗതിതവനല്ലതുമേല്ക്കുമേൽവരുത്തും
ശ്രുതിമധുരഗുരൂക്തിയാക്കുനൂനം
ക്ഷിതിയിലമന്ദഗുണപ്രദാത്രിയാകാ 26.

അരുതരുതുകഴുത്തറുക്കിലുംനീ
യൊരുപൊഴുതുംപൊളിചൊൽകരാജസൂനോ
വരുമതുവഴിയായനൎത്ഥമെല്ലാം
പ്പെരുമതികഞ്ഞവിശിഷ്ടമാനുഷന്നും 27.

സകലമിതവചസ്സുവേണമെന്നും
സകലരൊടുംപറയാൻകുശാഗ്രബുദ്ധേ-
പകചെറുതിതരന്നയത്തിയെന്നാ-
ലികലിനപൂജ്യതപൂജ്യമാകുമാൎക്കും 28.

---

24 ശിവകാന്തി—നല്ലശോഭ-ശിവന്റെ നിറം(സത്വപ്രകാശം) എന്നും

28 കളം-അവ്യക്തമധുരം—ഇകലുക-ചേരുക

ധനനിനവുവശാൽനയംവിടാതേ
ദിനമനുവേണ്ടവയിൽസുനിഷ്ഠയോടേ
തനതുമതിപരാനുകൂലമാക്കി
ജ്ജനരുചിപോലഖിലംഭവാൻവഹിക്കു 29.

ഒരുമനുജനെയുംദൂഷിക്കൊലാചെ
യ്യരുതുകദാപിനിജപ്രശംസലേശം
വിരുതൊടുപെരുമാറുകെപ്പൊഴുംനീ
കരുതൽതഴച്ചുമശേഷമൂററമേന്യേ 30.

ശ്രിതജനപരിപാലനാന്നദാനാ
ദ്യതനുവിധോത്തമധർമ്മമാവതുംനീ
കൃതകരഹിതഭക്തിയോടുകൂടി
സ്സതതമൊരേപടിനിർവ്വഹിക്കനേരേ 31.

ധ്രുവമതിവിടെയുംപരത്തിലുംവാ
സ്തവസുഖകാരണമായിരുന്നിടുമ്പോൾ
എവനതിനെമനസ്സിരുത്തിനൂനം
ദിവസവുമങ്ങനെചെയ്തിടേണ്ടതല്ലു 32.

ഭവദുദയമനോരഥത്തെനിത്യം
ഭുവനമഹത്തരസല്പഥത്തിലൂടെ
നൃവരസുത! നടത്തണംകളങ്കം
ലവമിയലാതതുനിൻെറമുഖ്യകൃത്യം 33.

---

29 മതി—ബുദ്ധി
30 കദാപി—ഒരിക്കലും
31 കൃതകം—കപടം
32 ധുർവം—നിശ്ചഞ്ചലം

ഗ്ഗുരുവചനമതിക്രമിച്ചിടാതേ
തൊരുപൊഴുതും പരദൈവഭക്തിയോടേ
മരുവുകയി ഭവാൻ ജയാഖ്യകോലും
തരുവിനതാം മഹനീയബീജമാകും 34.

കൃതികുലമണിയോദരിദ്രനോ ദു
ൎമ്മതിജനമോ ധനിയോ വിരോധിതാനോ
അതിഥിപദമലങ്കരിപ്പതായാ
ലതിലെവരും തവ പൂജനീയരല്ലോ 35.

സുരുചിരതരമായ് നിരീക്ഷചെയ്യും
പെരുതു സുദുർല്ലഭ ദിവ്യവസ്തുവേയും
പുരുഷവൃഷഭ നീ കൊതിച്ചുപോകൊ
ല്ലൊരു ശകലം ദുരദുഃഖദാത്രി തന്നെ 36.

ഉലകിൽ വിഷയസൌഖ്യമാകുമാദ്യം
കിലമധുരം പരിണാമമോ മഹോഗ്രം
നിലയൊടിതിയചിന്ത്യശക്തിവെൽവൂ
ബലനിധി കാമനരേശ്വരാജ്ഞയായി 37.

തരളഗുണനകരോല്ലസൽ ഭവാബ്ധ്യ
ന്തരഗമഹാധനധാന്യസൌഖ്യവാഞ്ഛ
കരഗതമിതി താപമാശുപോകും
ജ്വരസമമാകുമകാമതാമൃതാപ്തി 38.

---

38 ഭവം–സംസാരം

നിരുപമമസുനാശഭീതിവർദ്ധി
ച്ചൊരുപടികഷ്ടതപെട്ടുപോകിലുംതേ
അരുളുചെറുളുമീഷൽനേരുനീക്കം
വരുവതിനങ്ങിടയാക്കിടൊല്ലകുഞ്ഞേ 39.

ഇരവുപകലൊരേകണക്കുതൻകി
ങ്കരരെലവംഹൃദിവിശ്വസിച്ചിടാതെ
പരരിലണുവിശങ്കഗൌരവത്താ
ലരമരുളിജ്ജനസീമ്നിനീവസിക്കൂ 40.

അടവുപെരുതെഴുംദ്വിജിഹ്വരോടൊ
ന്നിടപെടുവാനിടനീവരുത്തിടൊല്ലേ
സ്ഫുടമവരയിനിന്നനശ്വരശ്രീ
തടവിനകീർത്തിശശാങ്കനെഗ്രസിക്കും 41.

നൃപനുവിലപെറുംവിഭൂഷണംനി
ഷ്കപടസിതദ്യുതിപൂണ്ടസദ്യശസ്സാം
അപരിമിതസുഖാഭിവൃദ്ധിബീജം
സപദിധരിക്കുകനൃനാമിങ്ങതല്ലോ 42.

ഇതരവധൂപരംദ്വിജാതിദൈവ
ശ്രിതധനമെന്നിവദുർവ്വിഷംകണക്കെ
അതനുവിധവിപൽപ്രദങ്ങളാംള
ശതമഖനന്ദന! നീയതോർക്കുകെന്നും 43.

---

39. അസു-ജീവൻ

41 ദ്വിജിഹ്വർ—ഏഷണിക്കാർ,, സർപ്പങ്ങൾ എന്നും

ഖരകിരണനുദിച്ചിടുന്നപോതും
ചരമമഹീധ്രമണഞ്ഞിടുമ്പൊഴും നീ
കരൾതടവിയുറങ്ങിടൊല്ലതശ്രീ
കരതയെ നിന്നിൽവരുത്തുമില്ലതക്കം 44

കുടിതരുണികളൊത്തുകേളിയിഷ്ട
പ്പടിമൃഗയാരതിഘോഷമക്ഷലീല
ത്ധടിതികലിതചിത്തനായിവസ്സു
ങ്ങടിപെടുകിൽസകലംമുടിഞ്ഞുപോംതേ 45.

അവരവരുടെവൎണ്ണധൎമ്മമെന്നും
ധ്രുവമഴകോടുനടത്തുമാൎകളേനീ
അവരിലെനിലകണ്ടെടുക്കകാസ്സൽ
പ്രവരജനങ്ങൾതപാദരാൎഹർതന്നെ 46

തടവിനശുഭസത്വവൃത്തിയാലുൽ-
ക്കടമരിഷൾക്കജയോദയത്തെനേടി
സ്ഫുടസുകൃതചരിത്രനാകണംകെ-
ല്പുടയനൃപാത്മജപാരിലങ്ങുമേന്മേൽ 47

നയകുശലതകാൎയ്യബോധമച്ഛാ
ശയമലസത്വവിഹീനമാംസ്വഭാവം
ദയമതിയിവചേൎന്നസൽപ്പുമാനെ
പ്രിയമൊടുനീനിജമന്ത്രിയാക്കിവെയ്ക്ക 48

കൊലപെരുത്തുചുരുക്കുകാർക്കുമുണ്ടാ-
കൊലധരിണിക്കകമാവലാതിലേശം
വലയുമൊരുജനത്തെനിത്യമസ്ഥാ-
കുലമഴകോട്ടുഭവാൻപുലർത്തിയാലും 49

പലതരമപരാധിസഞ്ചയത്തെ
ബ്ബലമൊടടച്ചുപിടിച്ചുവക്കുവേഗം
നിലകളനുസരിച്ചുശിക്ഷനൾകി
ഫലകരമായ്ക്ഷിതിനീഭരിക്കനേരേ 50

പെരുത്തുപിഴകൾചെയ്തരാതിമാരാം
പരുഷജനങ്ങളുമാശ്രയിച്ചെരന്നാൽ
കരുണയൊടവരെശ്ശരിക്കുനീ മാ-
പ്പരുളിവൃഥാവിടണംപ്രഹാരമേന്ന്യേ 51

സകലസമയവുംസ്വധർമ്മവിത്താ
ദികളുടെവൃദ്ധിയെനണ്ണിയുള്ളവൃത്ത്യാ
ശകലമിവിടെലുബ്ധനാമമേശാ
തകലുഷമാനസനായിനീസുഖിക്കു 52

സുധികളൊടുസഹിത്വമേന്തിമൃക്ക്വ
ക്ധികഭയങ്കരനായിവീതശങ്കം
വിധിവദമലരാജ്യപാലനംചെ
യ്തധിമഹിനീവിജയിച്ചുവാഴ്കനീണാൾ 53

---

52. നണ്ണുക—വിചാരിയ്ക്കുക (അറിയുക)
53. സുധികൾ—വിദ്വാന്മാർ (നല്ലവർ) അധിമഹി—ഭൂമിയിങ്കൽ നീണാൾ—വളരെക്കാലം.

ഏവംസ്വാചാൎയ്യനോതുംമധുമധുരവച
സ്സാരസമ്പൂൎണ്ണശക്ത്യാ
ധീവല്ല്യാതേകുളൂക്കെ്പ്രഭുസുതനവനെ
സ്സുത്വരംസൽപ്രണാമം
ഭാവംമാറാതെതാൻചെയ്ക്കളവണിമിഴിനീർ
തൂകിയാശിസ്സുരച്ചാ
ദ്ദൈവത്തിൽസ്വൎണ്ണരത്നാദികളനവധിയ
ൎപ്പിച്ചുകാൎത്താൎത്ഥ്യമേന്തി 54

## ഒമ്പതാം സൎഗ്ഗം.

ആകമ്രസൂനുജനനത്തിനുശേഷമൊട്ട
നേകംദിനങ്ങൾകഴിയുന്നതിൽ മുൻപുതന്നെ
ഹാകല്യഭൂമിപതി“ദമ്പത് സഹാ,,കയ്യേ
നീകമ്പിയാൎന്നവിധിയല്ലിമരിച്ചുപോയി! 1

ശ്രേയസ്കരംസകലനന്മയുമൊത്തൊരാൎയ്യ
കായത്തൊടൊത്തപുരുഷോത്തമനാവിശിഷ്ടൻ
പ്രായത്തിനാലറിവിലെന്നകണക്കുവൃദ്ധ
നായല്പവുംപരിലസിച്ചവനല്ലയല്ലോ 2

54. ആചാൎയ്യൻ=ഗുരുനാഥൻ കാൎത്താൎത്ഥ്യം_കൃതാൎത്ഥത.

2. ശ്രേയസ്സ്—പുണ്യം

പ്രത്യക്ഷദൈവമവനീശ്വരനെന്നവാക്യം
സ്തുത്യർഹദിക്‌പതിജനാംശഗുണപ്രകാശാൽ
സത്യപ്പെടുത്തിവിളയാടിയൊരാനൃപൻസ-
ന്മർത്ത്യക്കെഴുംസുകൃതവല്ലിയിലെഫലംതാൻ 3

ആമാതൃകാനരവരൻനിജഭൂതലത്തിൽ
ക്ഷേമാസ്പദാഗ്ര്യഭരണത്തെവഹിച്ചമൂലം
സാമാന്യമായഖിലരുംവ്യസനിച്ചിതാര്യ
ധീമാനവൻറമൃതീകാര്യമറിഞ്ഞുമേന്മേൽ 4

പ്രായംശരിക്കതികയാത്തവിശിഷ്ടവിദ്വാ
നായമ്മകന്നുപകരംപരമാസ്സവിത്രി
ആയത്തദുഃഖബലമുള്ളിലടക്കിവേണ്ട
തായക്ഷമാഭരമെടുത്തിടുവാനുറച്ചു 5

കണ്ടുള്ളമാനുഷരിലഞ്ചിതമന്ദഹാസം
കൊണ്ടുററമുത്തരുളിയാപ്പടുവമ്മറാണി
പണ്ടുള്ളതുംപുതുതുമാംപ്രിയവൃത്തമോർത്തു
മിണ്ടുമ്പൊഴുംകരളിനാലെയഹോകരഞ്ഞു 6

സ്വാരാധ്യഭർത്തൃപരിപാലനകർമ്മരീതി
സാരാനുസാരതയഥാമതിയേന്തിനേരേ
ആരാജ്ഞിനാടഥഭരിച്ചതിലാത്തതൃപ്ത
ന്മാരായിമാനുഷരശേഷവുമങ്ങുഗാഢം 7

---

3. ദിക്ക്പതികൾ—ഇന്ദ്രാദികൾ

7. ആരാജ്ഞി—ദുർഗ്ഗാവതി

നൈജപ്രിയൻ്റസഹജാതതപേരുകൊണ്ടും
തേജസ്സിനാല്പമവൾനേടിയതിൽത്തെളിഞ്ഞോ
ശ്രീജന്മസിദ്ധമഹിമാവിനെനിത്യമന്നാ
റീജൻ്റുറാണിയുടെനാട്ടിൽവെളിപ്പെടുത്തി 8

അമ്പമ്പഭൂരിബലമേലിനനല്ലവിദ്യാ
സമ്പർക്കമെന്നുമുളവാവുകകൊണ്ടുതാനോ
കമ്പംവിനാസകലരുംദൃഢഭോഗഭക്തി
തുമ്പാററവിപ്രവരർമാതിരിതത്രചെയ്തു 9

നാരായണപ്രിയതന്മൂലമുദിച്ചിതാസ്സ-
ദ്ധീരാംഗനയ്ക്കുനരകാന്തകഭാവമെന്നോ
ഹാരാജ്യവാസികളെനിർദ്ദയമായുപേക്ഷി
ച്ചാരാലൊളിച്ചുകടുദുർഗ്ഗതിയാശുനൂനം 10

തമ്പാർപ്പിടത്തിനുവിനാശമിയന്നുഴന്ന
വമ്പാർപ്പുരാംനിലമനുഷ്യമനസ്തമസ്സിൽ
സമ്പാദിതത്വരയൊടന്നവിടെപ്രവേശി
ച്ചമ്പാച്ചിപോലെപിടികൂടിയഹങ്കരിച്ചു 11

നാനാജനാശയനിലീനവിലോഭനീയ
ജ്ഞാനാർക്കകാന്തിമഹിമാതിശയംനിമിത്തം
ഹീനാഘദുസ്തിമിരബാധസമുത്ഭവിച്ചി
ല്ലാനാട്ടകത്തഹഹ രാവിലുമല്പമാത്രം 12

---

9. നല്ലവിദ്യ=മായ (അജ്ഞാനം) കലം=എന്നും സകലർ വിദ്വാന്മാർ എന്നും വിപ്രവരർ—ഗരുഡാദികൾ ബ്രാഹ്മണർ എന്നും

10. ദുർഗ്ഗതി—ദാരിദ്ര്യം എന്നും—ദുർഗ്ഗതി ദാരിദ്ര്യ നരക ചാപി. ഹൈമൻ

കാമപ്രസക്തിസുമനോവിതതിക്കുമേശ്ശു
മാമട്ടുചാരുവലജാവലിതത്രമേന്മേൽ
ക്ഷേമപ്രദായകനിനങ്കലെലക്ഷ്മിപോല
ക്ഷാമംനലത്തൊടനുവാസരമേറിവന്നു 13

ഭൂതിപ്രകാശഭരമേറുശരന്നിലാവിൻ
രീതിക്കുകൌതുകദമാധരണിക്കജസ്രം
ക്കൂർത്തിങ്ങുമാറുടയനൽഭവസേവകൊണ്ടോ
ചാതിച്ചതില്ലമൃതിയാരെയുമങ്ങകാലേ 14

സ്ഥാരാത്മശക്തിമയവൃഷ്ടിയെവീതശങ്ക
മാരാജ്ഞിയാംമുകിൽമുറസ്സുചൊരിഞ്ഞമൂലം
പാരാണ്ടധൂളികൾസമീരവിടാഗമത്തിൽ
ത്തീരാതെഴംഭ്രമളിവിട്ടവിടെപ്പതുങ്ങി 15

മുക്കോടിവെള്ളെരുതിനംവഴിയായ് പ്രശസ്തി
പുക്കോരുചാരുവനഭൂമികളാസ്ഥലത്തിൽ
നൽക്കോമളാഞ്ജനശരൽഘനസംഗമാന്ന
ചൊൽക്കോലുമാശകളൊടൈക്യമെടുത്തുപോലും 16

മാതാവുഭാസ്കരതനൂജനമുക്കിതോക്കും
വീതാഘരാംപ്രജകളേറിയൊരസ്സുരാജ്യം
ഏതാദൃശംപരിലസിച്ചുസമസ്തസമ്പൽ
ജ്ജാതാഢ്യമായധരിതത്രിദിവംകണക്കെ 17

---

13. വലജാവലി__സുന്ദരികൾ എന്നും വലജാവരയോഷാ
യാം വസുമത്യാമപി സ്മൃതാ__വിശ്വപ്രകാശം

14. ഭൂതി__ ഐശ്വര്യമെന്നും ഭവസേവ- ശിവന്റെയും
സുഖത്തിന്റെയും ആശ്രയം ചാതിക്കു__തൊട്ടുക (തീണ്ടുക)

15. ഭ്രമളി__പകസ്സു__ധൂളി__പൊടി. പുംശ്ചലി

16. വെള്ളെരുതു-വെളുത്തകാള.

17. ഭാസ്കരതനൂജ__ദുർഗ്ഗാവതി

ശ്രീലോഭനീയനിജഭ്രുവിനുജോനകേശ
നാലോലുമൃക്കനുപമാനമപാകരിപ്പാൻ
ആലോചനാസഹിതമായുചിതംപ്രവർത്തി
ച്ചാലോകനാഥജനശക്തിയെമുമ്പുകൂടി 18

ചെറ്റുംവിടാതതിനുവേണ്ടാരൊരുക്കക്കൂട്ടൽ
മറ്റുംമുറയ്ക്കവൾശരിക്കുകഴിച്ചശങ്കം
പറ്റുംരസത്തൊടഖിലസ്തുതിയോഗ്യയായുൾ
പ്പെറ്റുള്ളപുണ്യകരചിന്തയിലാണ്ടുവാണു 19

ശർമ്മപ്രദക്ഷിതിസുരക്ഷണദാക്ഷ്യമീക്ഷി
ച്ചമ്മഞ്ജുരാജ്ഞിയൊടുതോന്നിയൊരീർഷ്യമൂലം
ഗൂർമ്മന്ദലിൽത്തനതുരാജബലംവരുത്താൻ
ദുർമ്മന്ത്രിമാർമുഗൾനൃപപ്രിയരുദ്യമിച്ചു 20

സീമാതിഗംഗുണഗണംപെടുമമ്മറാണി
യാമാവധൂമഹിതയെബ്ബഹുമാനശക്ത്യാ
ധീമാറെറഴുംന്നവരനക്ബറനേകനാൾത-
ദ്ധാമാവനീവിജയകാര്യമുപേക്ഷയാക്കി 21

ചേലഞ്ചുമാച്ചെറിയനാടവൾനോക്കാത്ത
മൂലംതദീയനവനാമമിണങ്ങിനൂനം
വേലയ്ക്കെഴുംമഹിമയൊമുഗൾഭ്രുവർക്കോനു
ദ്ദേലപ്രഹർഷകരമാക്കുകതന്നെചെയ്തു 22

---

27. ശർമ്മം_സുഖം

എന്നാലടിക്കടിതുടങ്ങിയൊ“രഫ്സ്ഖാ”ന്റെ
നന്നായലട്ടലിൽമയങ്ങിമഹമ്മദേശൻ
ചെന്നാസ്സുരാജ്ഞിയുടെരാജ്യമടക്കിവെയ്ക്കാൻ
പിന്നാലെസമ്മതികൊടുത്തിതവന്നൊരിക്കൽ 23

ഹാ നന്മതിന്മകൾതിരിച്ചറിയാതെകണ്ട
മാനംസ്വശക്തിപലമട്ടിൽവെളിപ്പെടുത്തി
ദ്ദൂനത്വമന്യജനതയ്ക്കുസദാപിചെയ്ക
വാനസ്ഥലായ്ക്കരുതിവാഴ്‌വവനാക്കമർത്ത്യൻ 24

ധാരാളമൂക്കടയയോധനവന്നുദിച്ചു
ള്ളാരാജസേവകടുനിട്ടിലിരുട്ടുപോലെ
ഘോരാഭമാംനിലവരുത്തിവിശേഷബുദ്ധി
ചേരാത്തദുഷ്ടകരിവീരനിടച്ചിൽപോലെ 25

ഭൂരക്ഷകാധിപനവന്നുദിതാനുവാദം
ചാരൻമുഖാന്തരമറിഞ്ഞൊരുനാളിലെന്നോ
സ്വൈരംതനിച്ചുശയനസ്ഥലമെത്തിയന്തി
നേരത്തെടുത്തുലഘുവിശ്രമമമ്മറാണി 26

വല്ലായ്മവേണ്ടഭവതിക്കുമുറയ്ക്കുകാര്യ
മെല്ലാംയഥാമതിശരിപ്പെടുമെന്നുനേരേ
നല്ലാക്കഭക്തിയൊടുചൊൽവതിനോകലേശൻ
നില്ലാതെവാനിലതുപോതുതെളിഞ്ഞുദിച്ചു 27

---

25. വൻനിട്ടിലന്ധനുപിടിച്ചവിളക്കൊടൊത്തു എന്ന മഹാകവിപ്രയോഗം കാണുക.

27. കലേശൻ—ചന്ദ്രൻ

ശ്രീവിഷ്ണുർദ്വിജവരൻപടുമന്ത്രവാദി
ഭൂവിന്നെഴുംതിമിരബാധയെവെർപെടുത്താൻ
സേവിച്ചദിവ്യമനുമന്ത്രിതഭൂതിവെണ്ണി-
ലാവിൻമിഷത്തൊടുലകത്തിലെറിഞ്ഞുനൂനം 28

ഏകാന്തപാവനശരദ്വരനിങ്ങുകോമ
ളാകാരകാന്തിയെവഹിച്ചപശങ്കമെത്തും
വൈകാതെതാൻപ്രകൃതിദേവിയൊടേവമോതീ
ലോകാഭിരാമഗുണശാലിനിചന്ദ്രികാളി 29

പേടിച്ചിടാതിനിനമുക്കെവിടെച്ചരിപ്പാൻ
പാടില്ലതിങ്കളിതനേരെവിളങ്ങിയെന്നായ്
കൂട്ടംമദത്തൊടുവധൂഹൃദയത്തെവേഗ
മീട്ടറ്റമാനമഥവിട്ടുപുറത്തുപോയി 30

സ്ഥാരാഗ്ര്യമിത്രമൃതിദർശനഹേതുവന്നു
തീരാത്തപോലുയരുമാർത്തിഭരത്തിനാലോ
ഘോരാന്ധകാരഗരളത്തെഹരിൽപുരന്ധ്രി
മാ രാകമാനമലസാതെളജിച്ചമേന്മേൻ 31

ഛായാമണാളനുടെവൻകരമേററിളസ്സു
ണ്ടായാക്കഠോരതരമാകിനതാപഭാരം
ശ്രീയാർന്നമന്ദിരസമുത്ഥിതകാളധൂമ
മായാശ്ശുനിർജ്ജരപുരംപ്രതിനിർഗ്ഗമിച്ചു 32

---

28. ദ്വിജവരൻ—ചന്ദ്രൻ—ബ്രാഹ്മണശ്രേഷ്ഠൻഎന്നും മനു—മന്ത്രം—മന്ത്രിക്കൂ—പതുക്കെ ജപിക്കൽ

29. ഏകാന്തം—ഏററവും. പാവനം—ശുദ്ധം.

30. മാനം—പ്രണയകോപം (അഹങ്കാരം)

31. ഹരിൽ—ദിക്കു. 32. ഛായാമണാളൻ—സൂര്യൻ. കാളധൂമം—കറുത്ത (അകിൽമണമുള്ള) പുക. നിർജ്ജരപുരം—ദേവഗൃഹം—(സ്വർഗ്ഗം)

വാരാളുമാസ്സമയഭംഗിയെവീക്ഷചെയ്തു
മോരാതകമ്പമൊരിടത്തുയഥാഭിലാഷം
പാരാതെവാണവിദ്ദുഷീജനഹീരമായു
ള്ളാരാജ്ഞിയിങ്ങനെനിനച്ചുമനസ്സിനാലെ 33

നോക്കുന്നുപോലുമിഹമൽക്ഷിതിയെക്കരസ്ഥ
മാക്കുന്നതിന്നരപെരുംനൃപനൎക്ക്ഖരമ്പോ
ആൎക്കുംപ്രമോദകരമാംഭരണപ്രവൃത്തി
യ്യാൎക്കുള്ളവന്റെഹരണത്തിനുപാത്രമാമൊ 34

ഉണ്ടാട്ടമാനയുമെഴുംപടിഞങ്ങളേത്തു
കൊണ്ടാകിലുംവലിയൊരന്തരമിങ്ങുതമ്മിൽ
മിണ്ടാതതിപ്പൊളറിയാംമമപക്ഷെനന്മ
കണ്ടാൎക്കുതദുചിതക്രിയചെയ്കവേണ്ട 35

ധൎമ്മത്തിലാംസ്ഥിതിജയത്തിനതെന്ന്യനാനാ
കൎമ്മങ്ങളെത്തകൃതിപാടിനടത്തിയാലും
ശിൎമ്മൽക്കമില്ല്യബലശാലിജനങ്ങളിൽത്താൻ
ശൎമ്മംപരൎക്കുപുനരെങ്ങിനെവന്നിടുന്നു 36

അൎക്കാംശുമത്രശരിയായറിയാത്തപോലെ
മുക്കാലുമാളുകൾയഥേപ്സിതമാത്മകൃത്യം
വിൽക്കാശിലിച്ഛയൊടുചെയ്തുവരുമ്പൊളെങ്ങു
ദിക്കാവതല്ല്യവിവിധോഗ്രവിപൽസമൂഹം 37

വ്യത്യാസമാളിൽവരുമോശകലംസ്വകൃത്യാ
കൃത്യാശ്രയത്തിനൊരുമാനുഷിതന്നെയാംഞാൻ
സത്യാത്മകപ്രകൃതിശക്തിയെനിക്കുമംഗ
വൃത്യാഘടിച്ചണിയലായിലസിപ്പതില്ലേ 38

കർത്തവ്യകർമ്മമിവളെങ്ങിനെയുംസദുദ്ദേ
ശത്തോടുകൂടിനിറവേററണമിന്നുമെന്നും
ഒത്തെങ്കിലൊത്തുഫലമീശ്വരദത്തമല്ലോ
ചിത്തപ്രകമ്പമതിലെന്തിനെനിക്കുദിപ്പൂ 39

താന്തന്നെവേണ്ടപലവേലകളെത്തനിച്ചേ
കാന്തംതിരിച്ചറിയുവാൻകഴിയുംപ്രകാരം
സ്വാന്തപ്രബോധമൊരുമട്ടുളവാക്കിയിഷ്ട
കാന്തൻതുടങ്ങിയഗുരുക്കളിൽനിന്നുമീഞാൻ 40

ഹാ കഷ്ടമാസ്സുകൃതിയെന്തിനുഞാനതോർത്തു
ശോകപ്പെടുന്നതിനിനിഷ്ഫലമാവിചാരം
പോകട്ടെനഞ്ഞണിയിളംപുഴപോലെമിശ്ര
ലോകത്തിലിങ്ങനെമശങ്ങിവസിക്കതന്നെ 41

പങ്കപ്രസക്തിലവമററുസ്വജീവിതാദ്ധ്വാ
വിങ്കൽച്ചരിക്കെവിവിധാർത്ഥിഫലംഭുജിപ്പാൻ
തങ്ങുന്നസംഗതികൾപൂർവ്വജനുസ്സിലുള്ള
തൽകർമ്മദോഷതതിയാൽഗ്ഗുണികൾക്കുമമ്പേ 42

---

41. മശങ്ങി—അനുഭവിച്ചു പാകം വന്നു.

സാധാരണേതരനിലയ്ക്കുഭവിച്ചപൂർണ്ണ
ബോധാശയൻമൃഗധനൃപൻമമതെററുകണ്ടോ
ക്രോധാന്ധ്യമോടുമതിരുന്നിതഭംഗമംഗ
ളാധാരമായചെറുരാജ്യമിതാക്രമിപ്പാൻ 43

ഏതാകിലുംസ്വയമടിപ്പുവനെത്തടുക്കും
ത്രോതാന്നൃപാലകഗജത്തൊടെടുത്തിടാംഞാൻ
ത്രാതാവുമല്ലിദ്ദുരവസ്ഥമദീയഭൂമി
മാതാവിനേല്ക്കുരുതതേഹൃദിമോഹമുള്ള 44

ജ്ഞാനസ്വരൂപഭഗവാൻപലമട്ടുതീവ്ര
ദീനത്വമേററുഴറുവോരടിയന്നുപാരിൽ
നൂനംഭവൽക്കരുണയേഗതിയുള്ളുവേഗം
താനല്ലൽനീക്കിയവിടുന്നുതുണയ്ക്കുകെന്നെ 45

കാമാദിഷഡ്രിപുമഹാരഥരോടെതിർത്ത
സാമാന്യമാമപജയത്തെവരിച്ചജസ്രം
ഭീമാസ്വതന്ത്രതപെട്ടുംകരളിങ്കൽഞാൻതൽ
ക്ഷേമാഹ്ചിന്തപെരുകാഞ്ഞുവലഞ്ഞിടുന്നു 46

പ്രാപഞ്ചികത്വമുളവായജനത്തൊടേശ്രും
പാപംനശിപ്പതിനെളുപ്പമിതേകുമെന്നായ്
കാപട്യമററബുധർചൊല്ലിവരുന്നപശ്ചാ-
ത്താപംശരിക്കുമമവന്നുജയിച്ചിതോഞാൻ 47

ഇല്ലാതെയായിഹസുസത്വമശേഷമത്ര
യല്ലാ തമഃപ്രകൃതിമൂൎത്തിതുലോകമെങ്ങും
ചൊല്ലാവതല്ലകലിശക്തികഴിച്ചുകൂട്ടാൻ
വല്ലായ്മമാദൃശരിലേറിവരുന്നുനിത്യം 48

ജ്യോതിൎന്നിധേകഴിവുപോലുചിതപ്രവൃത്തി
ചെയ്തിങ്ങുജീവിതഭരത്തെവഹിപ്പോരെന്നിൽ
ഹാ തിന്മചേൎന്നിടുവതങ്ങുപൊറുത്തദംഭ
പ്രീതിപ്രദംപദമലിഞ്ഞരുളീടണംമേ 49

വയ്യാമൃഗൾപ്പടയൊടേററടരാടുമൊന്നു
ചെയ്യാൻമമാബലതകാരണമെങ്കിലുംഞാൻ
തെയ്യാറതിന്നഖിലനാഥ ഭവാൻത്വദീയ
നിൎയ്യാതനക്രിയതദാവെളിവാക്കിടേണം 50

നീയല്ലിയാണിനിഖിലത്തിനുമൊപ്പമേതു
മായങ്ങളുംശരിയുമൊട്ടറിയാതെയുണ്ടോ
സ്ഥായൽപ്രഭംവിവിധരൂപമെടുത്തുതാവ്
കായത്തശക്തിയുലകിൽപ്രകടീകരിപ്പൂ 51

നിഷ്ക്കാമമട്ടിലിഹഞാൻപണിയുന്നഭക്തി
ദൃക്കാൽസ്വയംതവനറുംകതിൽകണ്ടുനേരേ
ചില്ക്കാതലേ·ചെറുതുമെന്നെവെടിഞ്ഞിടാത-
ങ്ങെക്കാലവുംസകരുണംപരിരക്ഷചെയ്യൂ 52

---

50. നിൎയ്യാതനം=പകരം വീട്ടുന്നതിന്റെയും ദാനത്തിന്റെയും.

ദൈവംതെളിഞ്ഞിതിവളിൽത്തനിലൌകികൈകക
ഭാവത്തൊടുള്ളനിജകൎമ്മവുമിന്നിമേൽമേ
ശ്രീവൎദ്ധമാനഫലവൃത്തിതരാതിരിക്കി
ല്ലേവൎക്കുദാരനുടെതൃപ്തിഗുണത്തിനാക്കി 53

ഇത്ഥംസ്ഥായപ്പൊളാലോചനസപദിമറി
ഞ്ഞമ്മഹാറാണിനന്നായ്
മിത്രംതൊട്ടായ്സൎവ്വപ്രജകളൊടൊരുമി
ച്ചോൎത്തുറച്ചൊത്തവണ്ണം
അത്രസ്തസ്വാന്തയായിഗ്ഗജതുരഗഭടാ
സ്ത്രാദിനാനാബലത്തെ
അത്രപ്രത്യേകരീതിക്കഥപെരുതുസമാ
ൎജ്ജിച്ചൊരുക്കീരണാൎത്ഥം. 54

## പത്താം സൎഗ്ഗം.

കോമളപ്രകൃതിലോഭനീയസ
ദ്ധാമവിശ്രുതശരത്തനന്തയിൽ
ക്ഷേമമാംവിധമണഞ്ഞുകേവലോ
ദ്ദാമകൌതുകബലത്തൊടങ്ങനെ 1

സൂരരശ്മിമയകേസരങ്ങളും
സാരശുഭ്രദലനപത്രപംക്തിയും
പാരമേശിവിലസീവിരിഞ്ചിതൻ
സാരസത്തിനുസമംവിഹായസം 2

---

54. അൎജ്ജിച്ചു—സമ്പാദിച്ചു.

1. ഉദ്ദാമം—വളരെ എന്നും 2. സാരസം—താമര.

പ്രാണനാഥകളൊടൊത്തനല്പമാ
യോണമിഷ്ടരതിചെയ്കലായ്‌വരാം
ചേണണിദ്വിവിധസുപ്രസാദമ
ന്നേണലാഞ്ഛനനനുവന്നുനിർഭരം 3

തോയധൌതവിമലാംബരത്തിൽന-
ന്നായടുത്തമരുവോൻകണക്കിനെ
സ്ഥായദഗ്ര്യതരമാംതെളിച്ചമു
ണ്ടായവാർമതിജനാക്ഷിലക്ഷ്യമായ് 4

സ്ഥീതവർഷസമയാകുലാബ്ധിയിൽ
ചൈതതീവ്രജലകേളിഹേതുവോ
പൂതഭാവമെഴുമര്യമാവിനാൽ
ഭൂതമായികടുസഞ്ചാരസ്ഥിതി 5.

ചാലവേമലർനിറഞ്ഞൊരേഴിലാ
മ്പാലകാട്ടിനരികത്തുവെൺനിറം
സ്ഥൂലമാക്കിയതുപോലെനാട്ടിലു
ദ്വേലകൌതുകകരാഗ്ര്യകാശവും 6.

വന്നുസത്വഗുണമെന്നിൽവേണ്ടപോ
ലിന്നുമുമ്പതുനശിച്ചുപോകിലും
എന്നുഹംസനിവഹാഗമത്തിനാൽ
ച്ചൊന്നഭൂമിവെളിവാംവിധംസ്വയം 7.

---

3. ഏണലാഞ്ഛനൻ—ചന്ദ്രൻ. 4. തോയം—വെള്ളം. ധൌതം—അലക്കിയതു. 5, അര്യമാവു—സൂര്യൻ,
6. കാശം—കുതിരവാൽപ്പുല്ലു.

കൈരവാംബുജമധൂമിളദ്രജഃ
പൂരവുംതട്ടുദയൽസുഗന്ധവും
സ്വൈരമേന്തിവിചരിച്ചുഷൾപ്പടാ
ധാരനായൊരനശീകരാനിലൻ 8.

വ്യോമരത്നരുചിശോഭിതാംബുദ
ശ്രീമനോജ്ഞരശനേന്ദ്രകാർമ്മുകം
ആമഹത്ത്വമദനാസ്ത്രവക്ത്രമാ-
ണാമനസ്യകരമാശുപോയിതേ 9.

നാകസാഗരനിശാതടാഗതാ
നേകതാരസിതമൌക്തികവ്രജം
ആകവേമുദിരശുക്തിമുക്തമായ്
ഹാ കനത്തുവിളയാടിമഞ്ജുളം 10

കല്യമാംകതിർനിറംനിറഞ്ഞു നി-
സ്തുല്യഭംഗിയെവഹിച്ചശാലികൾ
ഉല്ലസിച്ചിതുനിരീക്ഷകേക്ഷണം
നല്ലപോലപഹരിച്ചുകൊണ്ടുതാൻ 11.

നൂനമഞ്ചിതശരദ്വരന്റെയ-
ന്യൂനകാന്തിബലപുഷ്ടിമൂലമോ
മാനമററജലസംഗമാപഗാ
മീനലോചനകൾവിട്ടുമേല്ക്കുമേൽ 12.

---

8. രജസ്സ—പൊടി. അനിലൻ—കാററ.
9. വ്യോമരത്നം—ആദിത്യൻ. രശന—അരഞ്ഞാണം. ഇന്ദ്ര കാർമ്മുകം—മഴവില്ല. ആമനസ്യം—ദുഃഖം
10. സാഗരം—സമുദ്രം. തടം—സമീപം സിതമൌക്തികം—വെൺമുത്തു, ശുക്തി—മുത്തുച്ചിപ്പി. 11. ശാലി—നെല്ല.

എന്നിൽവഷ്മധുനാപതിപ്പതി
ല്ലെന്നിണങ്ങിനമദംനിമിത്തമോ
അന്നിനാതപസമച്ചനേഷ്മംവാ
യന്നിറന്നനളിനംവിടന്നുതേ 13.

ചാരുരക്തകുസുമങ്ങളാലുദി
ച്ചോരുചെങ്കതിരൊടൊത്തമന്നിടം
താരുണീനിധികളാംജനങ്ങളിൽ
ച്ചേരുമിച്ഛയെവളത്തിനിർഭരം 14.

പാൽവെള്ളപ്പൂദിനരത്നനിർഗ്ഗത
ശ്രീവരിച്ചുടയമഞ്ജുയാമിനി
കേവലംശരദ്ദരസ്സിൽമുഖ്യമു
ക്താവലിഭ്രമമണിഞ്ഞിതങ്ങനെ 15.

തെന്നലേററളിനുകന്നുതേനൊലി
ക്കുന്നപൂന്തളിർകള്ളുള്ളകൊമ്പൊടേ
മിന്നിടുംചമരികദ്രുമംമനം
തന്നിലാക്കുഴൽവരുത്തിയില്ലുടൻ 16.

കാമവിശ്രുതശരന്നിരീക്ഷയിൽ
കാമമേററഴകിൽവന്നമൂലമോ
ള്ളമപൂണ്ടവിധുചന്ദ്രികാഞ്ചിത
ക്ഷൌമചേലമണിയിച്ചുധാത്രിയെ 17.

---

13. മദം—അഹങ്കാരം.
14. രക്തകം—ഉച്ചമലരി.
16. ചമരികം—മലയകത്തി (കൊങ്ങ)

നീരജപ്രസവരേണുശോണിമോൽ
ഗ്ഗാരസംയുതതരംഗിണീഗണം
സ്ഥാരഹംസനിനദാൽജ്ജനങ്ങളിൽ
പ്പാരമായരുളിനിത്യകൌതുകം 18.

സാരലോകജയലക്ഷ്മിയെബ്ബലോ
ദാരനാംസ്വകപിതാവുപോലവേ
ഹാ രസത്തൊടുമുറസ്സുവേൾക്കുവാൻ
വീരകാമനലസാതിറങ്ങിനാൻ 19.

ധീരനക്ബറുടെസൈന്യമുഗ്രമാം
പോരടിപ്പതിനൊരുങ്ങിവന്നുടൻ
പാരമുങ്കൊടുവിളിച്ചുശങ്കവി-
ട്ടാരസാവലയഭർത്രിയെസ്വയം 20.

ചിന്തചെയ്തിതുദൃഢീഭവിച്ചതാ
ണന്തരംഗഭുവിയെന്നിരിക്കിലും
ചന്തമേറിയൊരവൾക്കുദിച്ചിത
ത്യന്തരുട്ടവർവിളിക്കവേപരം 21.

കേട്ടപാടധികരുഷ്ടചിത്തയായ്
വാട്ടമററപടുവാംബലത്തൊടേ
കോട്ടവിട്ടുഗതിചെയ്തുറാണിയാൾ
കൂട്ടറുംശുഭദകാലമൊന്നിലേ 22.

---

18. ശോണിമാവു—ചുവപ്പു—തരംഗിണി—പുഴ.
22. കൂട്ടു—വ്യാജം എന്നും

നീരണച്ചു ചെളിപാരിലേററിയാ
ദ്ധീരറാണിയുടെമത്തഹസ്തികൾ
സാരമായ്പ്പരിലസിച്ചജംഗമാ
കാരശൈലകുലശങ്കചേൎത്തഹോ 23.

വൈരിപക്ഷഹതിദാക്ഷ്യമേകനും
പോരിവക്ക്മദമോസ്വഭ്രഷതാൻ
ഗീരിവണ്ണമിഭഷണ്ഡഗണ്ഡസ
ഞ്ചാരിഭൃംഗചയമുച്ചരിക്കയോ 24.

ആമഹേദകരമുക്തശീകര
സ്തോമമൂലമണിയാത്രതൻപൊടി
വ്യോമനിസ്ഥഗിനഭാസ്കരോൽഗ്ഗത
ക്ഷേമചിന്തവരുമാറുമിന്നിതേ 25.

കൈവശംദൃഢമിരുന്നിടുന്നദൃ-
ഗ്ഗ്ാവതിക്കുടയബാണശക്തിയെ
കേവലംസപദിവാജിപംക്തിയാ
ലേവരുംസ്വയമറിഞ്ഞുകാണികൾ 26.

ആമണീതുരഗപാദപാതജോ
ദ്ധാമവിസ്തൃതപരാഗപാളിയാൽ
ഭീമമായ്രിപുവധൂക്കളുംഹരിൽ
സ്തോമവുംമലിനവക്ത്രമാന്റുപോൽ 27

---

23. ജംഗമം__നടക്കുന്നതു. ശൈലം__പൎവ്വതം

24. ഇഭം__ആന__ഷണ്ഡം__സമൂഹം എന്നും ഭൃംഗം__വണ്ടു.

26. ബാണഃസ്യാദസ്ത്രകണ്ടകഃ സ്ഥൂലക്ഷ്വേഡോവി പാടശ്ച ചിത്രപും വടശരഃപത്രവാഹോ വികഷ്. (ത്രികാണ്ഡശേഷം) നാസീരം_സേനാമുഖം (മൂന്നു പത്തി കൂടിയത്.) സേനാവിശേഷം__ഒരു ആനയും ഒരു തേരും മൂന്നു കുതിരയും അഞ്ചു കാലാൾപ്പടയും കൂടിയതാകുന്ന പത്തി

സാരമാമൃഗകുലംഖുരോദ്ധതോ
ദാരധൂളിതതിയാൽധരിത്രിയെ
സ്വൈരമാംപടിനയിച്ചുഭൂരിനാ
സീരകൎത്തൃപദദക്ഷിണാൎദ്ധമോ 28

കഷ്ടമാപ്പൊടിജലാശയങ്ങളെ
ദുഷ്ടമാക്കിയിഹപുംശ്ചലീസമം
ശിഷ്ടയാമുമവിധംദിഗംബരാ
ശ്ലിഷ്ടബന്ധവുമെടുത്തുകൌതുകം 29

നീചസംഗമനിമിത്തമോഹരിൽ
സ്ത്രീചയംമിളിതപാംസുലാഭമായ്
ശൌചമോൎത്തവയെവിട്ടുസൽപ്പഥ
ശ്രീചരിഷ്ണുരവിമാറിനിസ്പൃഹം 30

സ്ഥാനമായ്ജ്ജനമൌലിയിങ്കലാ
പീനധൂളിവിരചിച്ചുതസ്സലായ്
ഹീനവുംലഘുവുമാണതാദ്യമേ
നൂനമുണ്ടതിനെരുക്കുമാട്ടവും 31

മത്തഹസ്തിമയകേളിപവൃത്താ
ദ്വൃത്തമോപകരണങ്ങളാലഹോ
അത്തരത്തിൽനിജസേനതാനവൾ
ക്കൊത്തജംഗമസുരാജധാനിയായ് 32

---

29. ഉമ—പാൎവ്വതി—ദിഗംളരൻ—ശിവൻ—
31. ഹീനം—നിന്ദ്യംലഘു—നിസ്സാരം

സ്ഫാരചണ്ഡരുചിബിംബിതാഢ്യമാ
വീരയോധരുടെ ഖൾഗ്ഗതല്ലജം
സാരരത്നയുതകാളഭോഗിതൻ
ഘോരമാംതലയിലുള്ള ചഞ്ചുവാം 33

പങ്കസൂചനഘനാശ്രുമോദക
ത്തിങ്കലാണ്ടകണയുള്ള വൈരികൾ
ളുങ്കറുന്നവളെ വാരുണേഷുവായ്
ത്തങ്കരൾക്കകമനുസ്മരിച്ചിതോ 34

ക്രൂരവാക്കുകൾ പറഞ്ഞടുത്തുഗം
ഭീരനാദബലമോടു തങ്ങളിൽ
ആരണോല്ക്കടപടുക്കൾ കാമിത
സ്വൈരവൃത്തിയെ നടത്തിനിർഭരം 35

കല്യയോധനൊരുവൻ തദീയനി
സ്തുല്യകാർമ്മുകമതല്ലിയെ സ്വയം
കില്ലകന്നഥ വളച്ചു ശുണ്ഠിയ
ന്നുല്ലസിച്ച പുരികത്തിനൊപ്പമേ 36

വെന്നിടും ഝടിതി നിന്നെ ഞാൻ ശരി
ക്കെന്നിടഞ്ഞു നിലനേടി മറ്റൊരാൾ
ചൊന്നിതാപ്പൂവഴിഞ്ഞെട്ടുമാറുതൻ
മുന്നിലുള്ളരിപുവോടുറക്കനെ 37

---

34. വാരുണാസ്ത്രം

വീരനന്യഭടനാശ്ശുമേല്ക്കുമേൽ
സ്സാരമായചെറുഞാണിലെസ്വനാൽ
പാരടച്ചതിതരാംമുഴക്കിഹു-
ങ്കാരശക്തിയൊടശങ്കമപ്പൊഴേ 38

തങ്ങളിൽപ്രകൃതിയുക്തമായെഴും
മങ്ങലററരണവിക്രമത്തിനെ
അങ്ങതീവവെളിവാക്കിരണ്ടുസൈ-
ന്യങ്ങളുംമദമൊടൊപ്പമഞ്ജസാ 39

കാമവീര്യ്യഗുണിയോധവാരിദ
സ്തോമതീവ്രശരവർഷഹേതുവാൽ
ഭീമമാകിനകബന്ധനൃത്തമ
ക്ഷ്മാമമാപ്പടനിലത്തുദിച്ചതേ 40

കാൽകരംതലതുടന്തതററുടൽ
ക്കാകവേ ചതവുപററിവിസ്തൃതം
ഭീകരാസ്രമൊടനേകമട്ടില
സ്തോകമാന്തിതവിടെഗ്ഗ്ഗവോദയം 41

വെട്ടുകുത്തുവെടിയെന്നിതേതുമേ-
ററിട്ടുസേനകളിൽനിന്നുസത്വരം
തട്ടമൂക്കൊടൊഴുകുംതുടംനിണ
ത്വിട്ടുകൊണ്ടധികഘോരമാസ്ഥലം 42

40. കബന്ധം-നൃത്തം വെയ്ക്കുന്നതും തല പോയതുമായ ഉടൽ എന്നും കബന്ധമുദകേരുണ്ഡേകബന്ധോരാഹുരക്ഷസോഃ(ഹൈമൻ.)

41. അസ്രം_ഘോര, രുധം-പാനീയം എന്നും ശബ്ദ : സ്യാൽ കുണപേപുമാൻ നപുംസകന്തുപാനീയേ=മേദിനി.

ക്കൂട്ടിവിട്ടമ്പലമൊത്തുവന്നരം
ക്കൂട്ടിമുട്ടിയശരാദിതൻസ്വനാൽ
പാട്ടിലച്ച്യുതനെഴുന്നഗൂഢപാ
ദ്രാട്ടിനന്നുഭയബാധജാതമായ് 43

പീനഹൃദ്രസമൊടാത്മശത്രുവി
ന്നാനനത്തിലുരുസായകങ്ങളാൽ
ആ നരേശ്വരിതടസ്സമേകിയ
ന്യൂനജീവമരുദാഗമത്തിനായ് 44

നേക്കതമ്മിലുരസിപ്പുരിസ്ഫുരി
ച്ചാക്കഭർത്ത്രിയുടെമാർഗ്ഗണാഗ്നിയാൽ
ആക്കമാറുഹൃതമായിതാശുശ
ത്രൂല്ക്കരോഗ്രപരിശുഷ്കകാനനം 45

ചന്തമററകഴതൊട്ടിഹത്തില
ത്ത്യന്തമുള്ളലഘുജീവിപംക്തികൾ
ഹന്തശുക്രദശപുക്കമൂലമോ
സന്തതംകളിതകർത്തിതാസ്ഥലേ 46

ധീരയാംപ്രകൃതരാജ്ഞിതൻഭടോ
ദാരശംഖനിനദത്തെവിസ്ഫുടം
നേരുംവിധമശേഷദിഗ്വധൂ
വാരമപ്പൊഴുതുപാട്ടിലാക്കിതേ 47

കൊണ്ടനാസ്സമരമാത്മദൃഷ്ടിയാൽ
ക്കണ്ടനല്പരസമേന്തിനിർണ്ണയം
മണ്ടയാട്ടിവഴിപോലെവാഴ്ത്തിനാർ
വിണ്ടലത്തിനണിനാരദാദികൾ 48

ചീർത്തവൻപടയൊടൊത്തുതന്റെനേ
ർക്കാർത്തടുത്തപടുശത്രുസേനയെ
കീർത്തനീയഗുണപൂർണ്ണയാകുമാ
പ്പാർത്ഥലേശ്വരിമടക്കിവിദ്രുതം 49

സാരമായവിജയത്തെമേദിനീ
ഹീരമാമവളെടുക്കകാരണം
ആരവംവിവിധമായുദിച്ചിത
ന്നേരമങ്ങമിതവിസ്മയപ്രദം 50

ദേവിവെല്ലുകിനിമേലുമിങ്ങുദ
ഗ്ഗ്രാവതിസ്ഫുടമനേകമിങ്ങനെ
കൈവളർന്നജയശംസകേട്ടുകൊ
ണ്ടാവധൂമണിയണഞ്ഞുതൻപുരം 51

ക്ലേശമററുജയലക്ഷ്മിയെധരാ
ധീശയാമവൾവരിക്കകാരണം
ആശകൾക്കുടയതൃപ്തിയുല്ലസൽ
പ്പേശലപ്രഭവിളിച്ചുരച്ചുതേ 52

---

48. നാരദൻ=മേഘം എന്നും

52. ആശ-ദിക്ക-ആഗ്രഹം എന്നും - തൃപ്തി-സന്തോഷം-ശാന്ത എന്നും

കാക്കാതിപ്പെണ്ണിനോടീവിധമടരിലുടൻ
തോററുതങ്ങൾക്കുവല്ലാ
തേല്പോറായോരുമാനക്ഷയമധികവിരോ
ധാർത്തിയെച്ചേർത്തമൂലം
നോക്കാതേകണ്ടിരിക്കില്ലിതിനുപകരമെ
ന്നെങ്കിലുംകേടതങ്ങോർ
പോക്കാനായ് ശുദ്ധമെന്നോർത്തുമനവരതം
കാത്തിതാറാണിനേരേ 53

ഭേദേതരംനിജകുലാർഹഗുണത്തെവീത
സാദേനതക്കനിലപററിവെളിപ്പെടുത്തി
വൈദേശികാധിപജനാക്രമബാധക്കൂടാ
താദേവിവേണ്ടവിധമൂഴിയിൽവാണുനീണാൾ 54

ശുഭം

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. ....10A2..........  Acc. No. ....21421...
This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

MA2
LEK-D

21421

ലക്ഷ്മണൻ നമ്പൂതിരിപ്പാട്,
വെള്ളിയമ്പ്

ദുർഗ്ഗാ വിജയം